വാല്യം 6, ലക്കം 14

ന്യൂ ഇന്ത്യ സമാചാർ

ജനുവരി 16–31, 2026
സൗജന്യവിതരണത്തിന്



ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

# അഭിവൃദ്ധി പ്രാപിക്കുന്ന ജനാധിപത്യത്തിന്റെ കരുത്തുറ്റ അടിത്തറ

'ഒരു വ്യക്തി, ഒരു വോട്ട്, ഒരു മൂല്യം' എന്ന ഭരണഘടനാപരമായ നിശ്ചയദാർഢ്യത്തോടെ, ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ പൊതുജന പങ്കാളിത്തവും വിശ്വാസവും വളർത്തുകയും അതുവഴി ജനാധിപത്യത്തിന്റെ ചൈതന്യത്തിനു കരുത്തേകുകയും ചെയ്യുന്നു.

ഇ-പകർപ്പിനായി



# 'വികസിത ഇന്ത്യ' എന്ന നിശ്ചയദാർഢ്യം തീർച്ചയായും നിറവേറ്റപ്പെടും

***എല്ലാ മാസവും അവസാന ഞായറാഴ്ച സംപ്രേഷണം ചെയ്യുന്ന 'മൻ കീ ബാത്' എന്ന റേഡിയോ പരിപാടി, സമൂഹത്തിന്റെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ പൗരന്മാരുമായി ചർച്ച ചെയ്യുന്നതിനുള്ള വിലപ്പെട്ട അവസരം നൽകുന്നു. പുതിയ ഊർജവും പുതിയ പ്രമേയങ്ങളും പ്രചോദനാത്മകമായ അസംഖ്യം കഥകളും നിറഞ്ഞ 'മൻ കീ ബാത്' രാജ്യത്തെ ജനങ്ങളെ കൂട്ടിയിണക്കുന്നു. ഡിസംബർ 28 ന്, ഈ പരിപാടിയുടെ 129-ാം പതിപ്പ് പ്രക്ഷേപണം ചെയ്തു. അതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 2025-ലെ നേട്ടങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. '2026 ൽ, പുതിയ പ്രതീക്ഷകളുമായും പുതിയ തീരുമാനങ്ങളുമായും മുന്നോട്ട് പോകാൻ രാജ്യം തയ്യാറാണ്..." എന്നും അദ്ദേഹം പറഞ്ഞു.***

- **ഇന്ത്യക്കാർക്ക് അഭിമാനത്തിന്റെ ഉറവിടം:** 2025 എന്ന വർഷം ഓരോ ഇന്ത്യക്കാരനെയും അഭിമാനിപ്പിക്കുന്ന നിരവധി നിമിഷങ്ങൾ നമുക്ക് നൽകി. ദേശീയ സുരക്ഷ മുതൽ കായിക മേഖല വരെയും, ശാസ്ത്ര ലബോറട്ടറികൾ മുതൽ ലോകത്തിലെ ഏറ്റവും വലിയ വേദികൾ വരെയും, ഇന്ത്യ അതിന്റെ കരുത്തുറ്റ മുദ്ര പതിപ്പിച്ചു.

- **ഓപ്പറേഷൻ സിന്ദൂർ:** ഈ വർഷം, 'ഓപ്പറേഷൻ സിന്ദൂർ' ഓരോ ഇന്ത്യക്കാരന്റെയും അഭിമാനത്തിന്റെ പ്രതീകമായി മാറി. ഇന്നത്തെ ഇന്ത്യ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യുന്നില്ലെന്ന് ലോകം വ്യക്തമായി കണ്ടു. 'ഓപ്പറേഷൻ സിന്ദൂർ' വേളയിൽ, ഭാരതമാതാവിനോടുള്ള സ്നേഹത്തിന്റെയും ഭക്തിയുടെയും ചിത്രങ്ങൾ രാജ്യത്തിന്റെ ഓരോ കോണിലും ദൃശ്യമായിരുന്നു.

- **ആന്റിബയോട്ടിക്കുകൾ:** ഐസിഎംആർ (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) അടുത്തിടെ ഒരു റിപ്പോർട്ട് പുറത്തുവിട്ടു. ന്യുമോണിയ, യുടിഐ തുടങ്ങിയ പല രോഗങ്ങൾക്കെതിരെയും ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ലെന്ന് അത് വ്യക്തമാക്കുന്നു. ഇതിന്റെ പ്രധാന കാരണം ജനങ്ങളുടെ വിവേചനരഹിതമായ ആന്റിബയോട്ടിക് ഉപയോഗമാണ്. ഡോക്ടറുടെ ഉപദേശപ്രകാരം മാത്രമേ ഇവ ഉപയോഗിക്കാവൂ.

- **യുവശക്തി:** ഇന്ന് ലോകം വലിയ പ്രതീക്ഷയോടെയാണ് ഇന്ത്യയെ നോക്കുന്നത്. ഇന്ത്യയിലുള്ള ഈ പ്രതീക്ഷയുടെ ഏറ്റവും വലിയ കാരണം നമ്മുടെ യുവശക്തിയാണ്. ശാസ്ത്ര മേഖലയിലെ നമ്മുടെ നേട്ടങ്ങൾ, പുതിയ കണ്ടുപിടിത്തങ്ങൾ, സാങ്കേതികവിദ്യയുടെ വികാസം എന്നിവ ലോകമെമ്പാടുമുള്ള രാജ്യങ്ങളെ വളരെയധികം ആകർഷിച്ചു.

- **സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ:** ഇന്ന് രാജ്യത്തെ യുവാക്കൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ പുതിയ അവസരങ്ങൾ ലഭിക്കുന്നു. യുവാക്കൾക്ക് അവരുടെ കഴിവുകളും താൽപ്പര്യങ്ങളും അനുസരിച്ച് കഴിവുകൾ തെളിയിക്കാൻ കഴിയുന്ന നിരവധി വേദികൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുന്ന അത്തരമൊരു വേദിയാണ് 'സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ'.

- **സോളാർ പാനൽ:** മൊയ്‌രാങ്തെം സേത്തിന്റെ നാടായ മണിപ്പൂരിൽ വലിയ വൈദ്യുതി പ്രതിസന്ധിയുണ്ടായിരുന്നു. ഇതിനെത്തുടർന്ന്, മൊയ്‌രാങ്തെം സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള യജ്ഞം ആരംഭിച്ചു. ഈ യജ്ഞത്തിന്റെ ഫലമായി ഇന്ന് നൂറുകണക്കിന് വീടുകളിൽ സൗരോർജം എത്തിയിരിക്കുന്നു. ഇന്ന്, 'പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന' പ്രകാരം, സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് ഓരോ ഗുണഭോക്തൃ കുടുംബത്തിനും ഏകദേശം 75,000 മുതൽ 80,000 രൂപ വരെ ഗവണ്മെന്റ് നൽകുന്നു.

- **കാശി തമിഴ് സംഗമം:** ഈ വർഷം, വാരാണസിയിലെ 'കാശി തമിഴ് സംഗമം' വേളയിൽ, തമിഴ് പഠിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകി. 'തമിഴ് പഠിക്കാം - തമിഴ് കർകളം' എന്ന വിഷയത്തിൽ, വാരാണസിയിലെ 50-ലധികം സ്കൂളുകളിൽ പ്രത്യേക യജ്ഞങ്ങളും നടത്തി.

- **പാർവതി ഗിരി:** സ്വാതന്ത്ര്യസമരസേനാനി പാർവതി ഗിരിയുടെ ജന്മശതാബ്ദി 2026 ജനുവരിയിൽ ഒഡിഷയിൽ ആഘോഷിക്കും. 16-ാം വയസ്സിൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത വ്യക്തിയാണവർ. സാമൂഹിക സേവനത്തിനും ഗോത്രവർഗക്ഷേമത്തിനുമായി പാർവതി ഗിരി സ്വജീവിതം സമർപ്പിച്ചു. അവർ നിരവധി അനാഥാലയങ്ങൾ സ്ഥാപിച്ചു. അവരുടെ പ്രചോദനാത്മക ജീവിതം ഓരോ തലമുറയ്ക്കും വഴികാട്ടിയായി തുടരും.

- **ലേസ് ക്രാഫ്റ്റ്:** ആന്ധ്രാപ്രദേശിലെ നരസാപുരം ജില്ലയിലെ ലെയ്സ് ക്രാഫ്റ്റ് രാജ്യമെമ്പാടും പ്രചാരം നേടുന്നു. ആന്ധ്രാപ്രദേശ് ഗവണ്മെന്റും നബാർഡും സംയുക്തമായി കരകൗശല തൊഴിലാളികൾക്ക് പുതിയ ഡിസൈനുകൾ പഠിപ്പിക്കുകയും മികച്ച നൈപുണ്യ പരിശീലനം നൽകുകയും പുതിയ വിപണികളുമായി അവരെ കൂട്ടിയിണക്കുകയും ചെയ്യുന്നു.

- **കച്ച് റണോത്സവ്:** ഈ വർഷം, കച്ച് റണോത്സവ് ഫെബ്രുവരി 20 വരെ തുടരും. കച്ചിലെ വൈവിധ്യമാർന്ന നാടോടി സംസ്കാരം, നാടോടിസംഗീതം, നൃത്തം, കരകൗശല വസ്തുക്കൾ എന്നിവ ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. കച്ചിലെ വൈറ്റ് റണ്ണിന്റെ പ്രൗഢി നേരിൽ കാണുന്നത് മനോഹരമായ അനുഭവമാണ്.

- **വികസിത ഇന്ത്യ:** ഓരോ മാസവും 'വികസിത ഇന്ത്യ'യെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കുവച്ചുള്ള നിരവധി സന്ദേശങ്ങൾ എനിക്ക് ലഭിക്കാറുണ്ട്. ജനങ്ങളുടെ നിർദേശങ്ങളും ഈ ദിശയിലുള്ള അവരുടെ പരിശ്രമങ്ങളും കാണുമ്പോൾ എന്റെ ആത്മവിശ്വാസം വർദ്ധിക്കുന്നു. ഈ സന്ദേശങ്ങളെല്ലാം എന്നിലേക്ക് എത്തുമ്പോൾ, 'വികസിത ഇന്ത്യ' എന്ന ലക്ഷ്യം തീർച്ചയായും നിറവേറ്റപ്പെടുമെന്ന വിശ്വാസം ഓരോ ദിവസവും കൂടുതൽ കരുത്താർജിക്കുന്നു.

'മൻ കീ ബാത്ത്' കേൾക്കാൻ
ക്യൂആർ കോഡ് സ്കാൻ ചെയ്യൂ

# ന്യൂ ഇന്ത്യ സമാചാർ

**വാല്യം 6, ലക്കം 14 | ജനുവരി 16-31, 2026**

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* **@NISPIBIndia** **പിൻതുടരുക**

# ഉൾപ്പേജുകളിൽ.........




## കവർസ്റ്റോറി

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം മാത്രമല്ല, ഏറ്റവും ഊർജസ്വലമായ രാജ്യം കൂടിയാണ് ഇന്ത്യ. ജനാധിപത്യ സംവിധാനത്തിൽ ജനവിധിയാണ് പരമപ്രധാനം. പൗരന്മാരുടെ വോട്ടവകാശത്തിലൂടെയാണ് ഈ ജനവിധി നിർണയിക്കപ്പെടുന്നത്. ഈ പശ്ചാത്തലത്തിൽ, കാലാകാലങ്ങളിൽ വോട്ടർ പട്ടിക ശുദ്ധീകരിക്കുകയോ നയങ്ങൾ, സംരംഭങ്ങൾ, ആധുനിക സാങ്കേതികവിദ്യ എന്നിവയിലൂടെ തെരഞ്ഞെടുപ്പ് സംവിധാനത്തെ കൂടുതൽ ഫലപ്രദമാക്കുകയോ ചെയ്യുന്നത്, തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളിലൂടെ ജനാധിപത്യത്തെ ശാക്തീകരിക്കുന്നതിനും സമ്പന്നമാക്കുന്നതിനുമുള്ള തുടർച്ചയായ പ്രക്രിയയാണ്. ഭരണഘടന നിർമാണസഭയിൽ ബാബാസാഹേബ് അംബേദ്കർ വ്യക്തമാക്കിയ 'ഒരു വ്യക്തി, ഒരു വോട്ട്, ഒരു മൂല്യം' എന്ന തത്വമാണ് നിലവിലുള്ളതും വരാനിരിക്കുന്നതുമായ പരിഷ്കാരങ്ങളുടെ അടിസ്ഥാനം. |10-29

പ്രധാനമന്ത്രിയുടെ പ്രത്യേക ലേഖനം




2025–ലെ നേട്ടങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ലിങ്ക്ഡ്ഇനിൽ പങ്കുവച്ച കുറിപ്പ് | 6-9




രാജ്യത്തിന്റെ ഭാവിയുടെ പുതിയ ഉദയം വടക്കുകിഴക്കൻ മേഖലയിൽ നിന്നായിരിക്കുമെന്ന് അസമിന്റെ മണ്ണിൽനിന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു... |38-40


**വാർത്തകൾ ചുരുക്കത്തിൽ** |4-5

**എംഎൻആർഇജിഎയുടെ പുതിയ രൂപം: വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) ബിൽ**
പാർലമെന്റ് പുതിയ തൊഴിലുറപ്പ് പാസാക്കി |30-33

**ശാക്തീകരിക്കപ്പെട്ട മകൾ: സമൃദ്ധവും വികസിതവുമായ ഇന്ത്യ**
പെൺകുട്ടിയുടെ ജനനം ആഘോഷമാകണം, ഭാരമാകരുത് |34-35

**പരമ്പരാഗത വൈദ്യശാസ്ത്രം: ഗുരുതരമായ ആരോഗ്യ വെല്ലുവിളികൾക്കുള്ള പ്രതിവിധി**
ലോകാരോഗ്യ സംഘടനയുടെ രണ്ടാം ഉച്ചകോടിയിൽ പ്രധാനമന്ത്രി മോദിയുടെ അഭിസംബോധന |36-37

**കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങൾ: ഡൽഹി മെട്രോ കൂടുതൽ വിപുലീകരിക്കും**
മഹാരാഷ്ട്രയിലെയും ഒഡിഷയിലെയും പ്രധാന അടിസ്ഥാനസൗകര്യ പദ്ധതികൾക്കും അംഗീകാരം |41

**പശ്ചിമ ബംഗാളിന്റെ പുരോഗതിക്ക് പുതിയ ഗതിവേഗം**
പ്രധാനമന്ത്രി മോദി പശ്ചിമ ബംഗാളിന് 3,200 കോടിരൂപയുടെ സമ്മാനങ്ങൾ നൽകി |42-43

**നേതാജി സ്വാതന്ത്ര്യസമരത്തിന് പുതിയ കരുത്ത് നൽകി**
പരാക്രം ദിവസ്: രാഷ്ട്രം നന്ദിയോടെ ആദരം അർപ്പിക്കുന്നു |44-45

**ആത്മാഭിമാനത്തിന്റെയും ഐക്യത്തിന്റെയും സേവനത്തിന്റെയും പ്രതീകം**
പ്രധാനമന്ത്രി മോദി ലഖ്നൗവിൽ 'രാഷ്ട്ര പ്രേരണാ സ്ഥൽ' ഉദ്ഘാടനം ചെയ്തു |46-47

**വീർ ബാൽ ദിവസ്: അസാധാരണമായ ധീരതയും കഴിവും പ്രകടിപ്പിച്ച യുവാക്കളെ ആദരിക്കുന്നു**
രാഷ്ട്രപതി 'പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാര' സമ്മാനിച്ചു |48-49

**സുരക്ഷിതവും സംശുദ്ധവും ശക്തവുമായ ഭാവിയുടെ അടിത്തറ**
ആണവോർജം: 2025-ലെ SHANTI ബിൽ പാർലമെന്റ് പാസാക്കി |50-52

**ശിലകൾക്ക് ജീവൻ നൽകിയ കലാകാരൻ**
ശ്രദ്ധാഞ്ജലി: പ്രശസ്ത ശിൽപ്പി റാം വൻജി സുതാറിന്റെ വിയോഗം |53

**3 രാഷ്ട്രം, ഏകസന്ദേശം: സഹകരണം, വികസനം, വിശ്വാസം**
പ്രധാനമന്ത്രി മോദിയുടെ ജോർദൻ-എത്യോപ്യ-ഒമാൻ സന്ദർശനം |54-58

**വ്യക്തിത്വം: മുനീശ്വർ ചന്ദ്ര ഡാവർ**
പാവപ്പെട്ട രോഗികളുടെ രക്ഷകൻ |59

**ലോക പുസ്തകമേള: സൈന്യത്തിന്റെ വീര്യത്തെയും ജ്ഞാനത്തെയും ആദരിക്കുന്നു**
പിഎം-യുവ മാർഗനിർദേശ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 43 യുവ എഴുത്തുകാരെ തെരഞ്ഞെടുത്തു |60



**Published & Printed by :** Kanchan Prasad, Director General, on behalf of Central Bureau of Communication
**Printed at :** JK Offset Graphics Pvt. Ltd., B-278, Okhla Ind. Area Phase-I, New Delhi-110020.
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail :** response-nis@pib.gov.in, **RNI No. :** DELENG/2020/78811

## പത്രാധിപക്കുറിപ്പ്...

# ദേശീയ സമ്മതിദായകദിനം ഊർജസ്വലമായ ജനാധിപത്യത്തിന്റെ കരുത്ത്

**നമസ്കാരം,**

ഇന്ത്യൻ ഭരണഘടന അംഗീകരിച്ച വേളയിൽ, ഭരണഘടനാ നിർമാണസഭയിൽ നടത്തിയ ചരിത്രപ്രധാനമായ പ്രസംഗത്തിൽ, പുരാതനകാലം മുതൽക്കേ ഇന്ത്യയിൽ ജനാധിപത്യപ്രക്രിയ നിലനിന്നിരുന്നതിനെക്കുറിച്ച് ബാബാസാഹേബ് അംബേദ്കർ വിശദീകരിച്ചിരുന്നു. നമ്മുടെ ജനാധിപത്യം ലോകത്തിലെ ഏറ്റവും പഴക്കമേറിയതും, ഏറ്റവും വൈവിധ്യപൂർണവും, യുവത്വമാർന്നതും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, സംവേദനക്ഷമതയുള്ളതുമാണ് എന്നത് ഈ രാജ്യത്തെ 1.4 ശതകോടി ജനങ്ങൾക്കും അഭിമാനകരമായ കാര്യമാണ്. നമ്മുടെ ജനാധിപത്യത്തിന്റെ ഈ വശം നമ്മുടെ തെരഞ്ഞെടുപ്പുകളിൽ ദൃശ്യമാണ്. രാജ്യത്ത് സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പുകൾ നടത്തുക എന്ന ഭരണഘടനാപരമായ ഉത്തരവാദിത്വം ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷനുണ്ട്. ഏഴ് പതിറ്റാണ്ടിലേറെ നീണ്ട യാത്രയിൽ അത് വിജയകരമായി നിറവേറ്റുകയും ചെയ്തു. ഇന്ത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെടുന്നതിന് കൃത്യം ഒരു ദിവസം മുമ്പാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിതമായത് എന്നതിൽ നിന്ന് തന്നെ അതിന്റെ പ്രാധാന്യം മനസ്സിലാക്കാം. അക്കാലത്ത് ഡോ. അംബേദ്കർ വോട്ടവകാശത്തെ ഏറ്റവും പരമപ്രധാനമായാണ് കണക്കാക്കിയിരുന്നത്.

രാഷ്ട്രത്തിന്റെ ഭാവി നിർണയിക്കുന്നത് വോട്ടെടുപ്പിലൂടെയായതിനാൽ, ഏതു ജനാധിപത്യ രാജ്യത്തെയും ഏറ്റവും പവിത്രമായ പ്രവൃത്തിയാണിത്. അതിനാൽ, തെരഞ്ഞെടുപ്പ് പ്രക്രിയ കാലാനുസൃതമായി മെച്ചപ്പെടുത്തേണ്ടതും വോട്ടർ പട്ടിക കൃത്യമായി പുതുക്കി ശുദ്ധീകരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

76 വർഷത്തെ യാത്രയിൽ, സുപ്രധാനമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിലും സാങ്കേതികവിദ്യയുടെ സഹായത്തോടെ തെരഞ്ഞെടുപ്പ് സംവിധാനം കാര്യക്ഷമമാക്കുന്നതിലും വോട്ടിങ്ങിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിലും ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ലോകമെമ്പാടുമുള്ള നിരവധി രാജ്യങ്ങൾ ഇന്ന് ഇന്ത്യയുടെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ നിന്നും അതു കൈകാര്യം ചെയ്യുന്നതിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളുന്നത്. ഇന്ത്യയുടെ ജനാധിപത്യം ആഗോള സമൂഹത്തിനുതന്നെ പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയാണ്. ഈ യാത്രയിൽ, രാജ്യത്തെ വോട്ടർമാരും തെരഞ്ഞെടുപ്പ് കമ്മീഷനും പങ്കാളിത്തത്തിന്റെയും മികവിന്റെയും പുതിയ മാതൃകകൾ സൃഷ്ടിക്കുന്നു. ഭയരഹിതമായി നിഷ്പക്ഷമായ തീരുമാനങ്ങൾ എടുക്കുന്ന സ്ഥാപനമാണ് ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ. നമ്മുടെ ജനാധിപത്യത്തെ സംരക്ഷിക്കുന്ന കാവൽസംവിധാനമാണ് നമ്മുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ.

ഈ ജനുവരി 25-ന് വരാനിരിക്കുന്ന ദേശീയ സമ്മതിദായക ദിനത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്: 'ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസി'ന്റെ (International IDEA) അംഗരാജ്യങ്ങളുടെ സമിതിയുടെ അധ്യക്ഷസ്ഥാനം ഇന്ത്യ ഏറ്റെടുത്തു. ഇതു വലിയ നേട്ടമാണ്. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷന്റെ യാത്രയാണ് ഈ ലക്കത്തിലെ കവർ സ്റ്റോറിയായി അവതരിപ്പിക്കുന്നത്.

കൂടാതെ, വ്യക്തിത്വ വിഭാഗത്തിൽ പാവപ്പെട്ട രോഗികളുടെ രക്ഷകനായ മുനീശ്വർ ചന്ദ്ര ഡാവറിനെക്കുറിച്ചും വായിക്കാം. ആണവോർജവുമായി ബന്ധപ്പെട്ട SHANTI ബിൽ-2025; വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) ബിൽ, 2025; വിഖ്യാത ശില്പി രാം വൻജി സുതാറിനുള്ള ആദരം, കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങൾ എന്നിവയാണ് മറ്റ് പ്രധാന ആകർഷണങ്ങൾ. 2025 എങ്ങനെ പരിഷ്കാരങ്ങളുടെ വർഷമായി മാറി എന്നതിനെക്കുറിച്ചുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ലേഖനവും, 'രാഷ്ട്ര പ്രേരണാ സ്ഥലി'ന്റെ ഉദ്ഘാടനം ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ രണ്ടാഴ്ചത്തെ പരിപാടികളും ഈ ലക്കത്തിന്റെ ഭാഗമാണ്.


ഉൾക്കവറിൽ 'മൻ കീ ബാത്' ഉൾപ്പെടുത്തിയിട്ടുണ്ട്. രാജസ്ഥാനിലെ അൽവറിലുള്ള സിലീസെഢ് തടാകം, ഛത്തീസ്ഗഢിലെ ബിലാസ്പുരിനടുത്തുള്ള കോപ്ര ജലാശയം എന്നിവയെ റാംസർ പ്രദേശങ്ങളായി പ്രഖ്യാപിച്ചതിനെക്കുറിച്ചുള്ള പ്രത്യേക ഉള്ളടക്കം പിൻകവർ പേജിലും നൽകിയിരിക്കുന്നു.

***ദയവായി നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്കയയ്ക്കുക.***

**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി




### ഞാൻ പതിവായി ഡിജിറ്റൽ പതിപ്പിലെ ഓരോ ലേഖനവും അതീവ ശ്രദ്ധയോടെ വായിക്കുകയും ചെയ്യുന്നു

എന്റെ പേര് രാമു വർമ. മാധ്യമപ്രവർത്തനത്തിലും മാസ് കമ്യൂണിക്കേഷനിലും ഞാൻ എംഎ പൂർത്തിയാക്കി. ഞാൻ ന്യൂ ഇന്ത്യ സമാചാറിന്റെ ഡിജിറ്റൽ പതിപ്പ് പതിവായി വായിക്കുന്നു. ഇതിലെ ഓരോ ലേഖനവും ഞാൻ ശ്രദ്ധയോടെ വായിക്കാറുണ്ട്. ഇത് തികച്ചും മികച്ചതാണെന്ന് എനിക്ക് തോന്നുന്നു. കൂടാതെ അറിവുകൾ പുതുക്കാൻ ഇത് എന്നെ വളരെയധികം സഹായിക്കുന്നു.
bjpramu27@gmail.com

### സ്ത്രീ ശാക്തീകരണത്തിലെ ദ്രുതഗതിയിലുള്ള പുരോഗതിയോടെ രാജ്യം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്നു

ഊർജം, ആരോഗ്യം, നവീകരണം, ഘടനാപരമായ പരിഷ്കാരങ്ങൾ എന്നിവയ്ക്കായി കേന്ദ്ര ഗവണ്മെന്റ് വളരെയധികം പ്രവർത്തനങ്ങൾ നടത്തുന്നു എന്നത് ഇന്ത്യക്കാർക്ക് അഭിമാനകരമായ കാര്യമാണ്. ഇത് രാജ്യത്തെ സ്വയംപര്യാപ്തമാക്കുന്നു. ദേശീയ സുരക്ഷയിലും സ്ത്രീശാക്തീകരണത്തിലും ദ്രുതഗതിയിലുള്ള പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നു. 2047-ഓടെ വികസിത രാഷ്ട്രമായി മാറുമെന്ന ഉറച്ച തീരുമാനത്തോടെയാണ് രാജ്യം മുന്നോട്ട് പോകുന്നത്. രണ്ടാഴ്ചയിലൊരിക്കൽ പുതിയ അറിവുകൾ നൽകുന്ന 'ന്യൂ ഇന്ത്യ സമാചാർ' മാഗസിന് നന്ദി.
bhagwan.sel@gmail.com

### വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാണ്

എനിക്ക് കൃത്യമായി ന്യൂ ഇന്ത്യ സമാചാർ മാഗസിൻ ലഭിക്കാറുണ്ട്. മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കാത്ത വളരെ കൃത്യമായ വിവരങ്ങൾ ഈ മാഗസിൻ നൽകുന്നു. മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഈ മാഗസിൻ വളരെ ഉപകാരപ്രദമാണ്. കൂടാതെ, ഇതിന്റെ രൂപകൽപ്പനയും വളരെ മികച്ചതാണ്.
**സഞ്ജയ് മാളവ്യ**
akhiri.aghat@gmail.com

### ഗവണ്മെന്റ് പദ്ധതികളുടെ എല്ലാ വശങ്ങളും മാഗസിൻ ഉൾക്കൊള്ളുന്നു

എന്റെ പേര് കുമാർ ചെല്ലപ്പൻ. ഞാൻ കേരളത്തിൽ നിന്നുള്ള പത്രപ്രവർത്തകനാണ്. ഞാൻ ന്യൂ ഇന്ത്യ സമാചാർ സ്ഥിരമായി വായിക്കുന്ന വ്യക്തിയാണ്. ഇന്ത്യാ ഗവണ്മെന്റിന്റെ പദ്ധതികളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഈ മാഗസിനിലുണ്ട്. ഇന്ത്യയുടെ പുരോഗതിയിലുള്ള ആത്മവിശ്വാസം പുതുക്കാൻ ഇത് സഹായിക്കുന്നു. നമ്മുടെ അറിവ് വർദ്ധിപ്പിക്കുന്ന ബഹുമുഖ വിവരങ്ങളാണ് ഈ മാഗസിൻ പകരുന്നത്.
kumarchellappan@gmail.com

### കേന്ദ്ര ഗവണ്മെന്റ് പദ്ധതികളെയും സംരംഭങ്ങളെക്കുറിച്ചും കുറിച്ച് എന്നെ അറിയിക്കുന്നു

കൊച്ചിയിലെ ദേശീയ അന്വേഷണ ഏജൻസിയിൽ പബ്ലിക് പ്രോസിക്യൂട്ടറായി ഞാൻ ജോലി ചെയ്യുന്നു. ഞാൻ വളരെക്കാലമായി ന്യൂ ഇന്ത്യ സമാചാർ മാഗസിൻ വായിക്കുന്നു. ഈ മാഗസിനിലൂടെ, കേന്ദ്ര ഗവണ്മെന്റിന്റെ പദ്ധതികളെയും സംരംഭങ്ങളെയും കുറിച്ചുള്ള പുതിയ വിവരങ്ങൾ എനിക്ക് ലഭിക്കുന്നു.
advsreenaths@gmail.com


ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003.
ഇ-മെയിൽ: response-nis@pib.gov.in



എല്ലാ ശനി-ഞായർ ദിവസങ്ങളിലും ഉച്ചകഴിഞ്ഞ് 3.10 മുതൽ 3.25 വരെ ആകാശവാണി എഫ്എം ഗോൾഡിൽ ന്യൂ ഇന്ത്യ സമാചാർ കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ




## ഇന്ത്യ പോസ്റ്റ് ഇതാദ്യമായി നവീകരിച്ച 'ജെൻ സി' പോസ്റ്റ് ഓഫീസ് അനാച്ഛാദനം ചെയ്തു

ഇന്ത്യയിലെ പോസ്റ്റ് ഓഫീസുകളുടെ പരമ്പരാഗതമായ ചിത്രം പൂർണമായും മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ മികച്ച ഉദാഹരണമാണ് 'ജെൻ സി' പോസ്റ്റ് ഓഫീസുകൾ. ഇവിടെ തപാൽ സേവനങ്ങൾ യുവാക്കൾക്ക് തികച്ചും ആകർഷകവും ഉന്മേഷദായകവുമായ അനുഭവമായി മാറുന്നു. കത്തുകൾ, പാഴ്സലുകൾ, സ്പീഡ് പോസ്റ്റ് എന്നിവയ്ക്ക് പുറമെ, സൗജന്യ വൈഫൈ, ക്യൂആർ കോഡ് അധിഷ്ഠിത ബുക്കിങ് എന്നിവയിലൂടെ ഡിജിറ്റൽ ലോകവുമായി ബന്ധപ്പെട്ടു നിൽക്കാൻ വിദ്യാർത്ഥികൾക്ക് ഇവിടെ സാധിക്കുന്നു. കഫേ മാതൃകയിലുള്ള ഉൾവശം, ക്യൂആർ കോഡ് വഴിയുള്ള പണമിടപാടുകൾ, ആധുനിക സൗകര്യങ്ങൾ എന്നിവയിലൂടെ പുതിയ കാലത്തെ യുവാക്കളുടെ ഭാഷയും ആവശ്യങ്ങളും തിരിച്ചറിഞ്ഞ് ഇന്ത്യ പോസ്റ്റ് സ്വയം മാറുകയാണ്.

രാജ്യത്തെ കോളേജ് ക്യാമ്പസുകളിൽ ആധുനികമായ 'ജെൻ സി' തീം പോസ്റ്റ് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഗവണ്മെന്റ് തുടക്കം കുറിച്ചു. ഇതിന്റെ ആദ്യ ഓഫീസ് ഐഐടി ഡൽഹിയിൽ പ്രവർത്തനം ആരംഭിച്ചു. വൈഫൈ, ക്യൂആർ കോഡ് ബുക്കിങ്, ഗ്രാഫിറ്റി ആർട്ട്, സ്മാർട്ട് സേവനങ്ങൾ എന്നിവയാണ് ഇവിടെ വിദ്യാർത്ഥികൾക്കായി ഒരുക്കിയിരിക്കുന്നത്. യുവാക്കളെ തപാൽ സേവനങ്ങളുമായി പുതിയ രീതിയിൽ ബന്ധിപ്പിക്കാൻ ഈ സംരംഭം സഹായിക്കുന്നു. ഡൽഹി സർവകലാശാല, ഐഐടി ഗാന്ധിനഗർ, എയിംസ് വിജയപുർ എന്നിവിടങ്ങളിൽ ഇത്തരം ആധുനിക പോസ്റ്റ് ഓഫീസുകൾ നിലവിൽ തുറന്നു കഴിഞ്ഞു. താമസിയാതെ 46 കോളേജ് ക്യാമ്പസുകളിൽകൂടി പാരമ്പര്യവും സാങ്കേതികവിദ്യയും ഒത്തുചേരുന്ന ഇത്തരം പോസ്റ്റ് ഓഫീസുകൾ നിലവിൽ വരും.

## ചുവന്ന റോഡുകൾ, ഹരിത ലക്ഷ്യങ്ങൾ: ഇന്ത്യയിലെ ആദ്യത്തെ 'ടേബിൾ-ടോപ്പ് റെഡ് മാർക്കിങ്'



ഇന്ത്യയിലെ ഹൈവേ ശൃംഖല അതിവേഗം വികസിച്ചുകൊണ്ടിരിക്കുമ്പോൾ, റോഡ് ഗതാഗത-ഹൈവേ മന്ത്രാലയത്തിന്റെ മാർഗനിർദേശപ്രകാരം ദേശീയ പാത അതോറിറ്റി (NHAI) അടിസ്ഥാനസൗകര്യ വികസനത്തിന് പുതിയ നിർവചനം നൽകുകയാണ്. മധ്യപ്രദേശിലെ വീരാംഗന ദുർഗാവതി കടുവ സങ്കേതത്തിലെ പരിസ്ഥിതിലോലമായ വനമേഖലയിലൂടെയും ഘാട്ട് ഭാഗത്തുകൂടിയും കടന്നുപോകുന്ന ദേശീയ പാത 45-ന്റെ 12 കിലോമീറ്റർ ഭാഗത്ത്, 25 മൃഗസംരക്ഷണ അടിപ്പാതകളിൽ നടപ്പാക്കിയ 'ടേബിൾ-ടോപ്പ് റെഡ് മാർക്കിങ്' സുരക്ഷാ പദ്ധതി ഇതിന് ഉദാഹരണമാണ്. മനുഷ്യസുരക്ഷ, വന്യജീവി സംരക്ഷണം, പരിസ്ഥിതി സന്തുലിതാവസ്ഥ എന്നിവയിൽ ഒത്തുതീർപ്പുകളില്ലാതെ റോഡ് എൻജിനിയറിങ്ങിന് എങ്ങനെ മുന്നോട്ട് പോകാമെന്ന് ഇത് തെളിയിക്കുന്നു. NHAI-യുടെ ഈ സംരംഭത്തോടെ, NH-45-ന്റെ ഈ ഭാഗം രാജ്യത്തെ ആദ്യത്തെ 'വന്യജീവി-സുരക്ഷിത ഹൈവേ' ആയി മാറി.

ദുബായിലെ ഷെയ്ഖ് സായിദ് റോഡിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് NHAI ഇന്ത്യയിലാദ്യമായി ദേശീയ പാതയിൽ 'ടേബിൾ-ടോപ്പ് റെഡ് മാർക്കിങ്' നടപ്പാക്കിയത്. റോഡിലെ അപകടസാധ്യതയുള്ള മേഖലകളിൽ 5 മില്ലിമീറ്റർ കനത്തിൽ, ചൂടാക്കി ഉറപ്പിക്കുന്ന 'തെർമോപ്ലാസ്റ്റിക് ചുവപ്പ് ഉപരിതല പാളി' സ്ഥാപിച്ചിട്ടുണ്ട്. ഈ കടുംചുവപ്പുനിറം കാണുന്ന ഡ്രൈവർമാർക്ക്, തങ്ങൾ വേഗത കുറയ്ക്കേണ്ടതുണ്ടെന്നും വന്യജീവി സാന്നിധ്യമുള്ള ഇടനാഴിയിലേക്കാണ് പ്രവേശിക്കുന്നതെന്നും പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. നേരിയ രീതിയിൽ ഉയർത്തിയ ഈ ഉപരിതലം, ഡ്രൈവർമാർക്ക് പ്രത്യേക സ്പർശനാനുഭവവും ശബ്ദസൂചനയും നൽകുന്നു. ഇതു പെട്ടെന്ന് ബ്രേക്ക് ഇടേണ്ടി വരാതെ, വാഹനത്തിന്റെ വേഗത സ്വാഭാവികമായി കുറയ്ക്കാൻ അവരെ പ്രേരിപ്പിക്കുന്നു.

# സുപ്രധാന നേട്ടം...
# വിക്ഷേപിച്ചതിൽ വച്ച് ഏറ്റവും ഭാരമേറിയ ഉപഗ്രഹം


ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയിലെ സുപ്രധാനമായ നാഴികക്കല്ലാണ് LVM3-M6-ന്റെ വിജയകരമായ വിക്ഷേപണം. 'LVM3-M6-ബ്ലൂ ബേർഡ് ബ്ലോക്ക്-2' എന്നത് വാണിജ്യദൗത്യമായിരുന്നു. ഇന്ത്യൻ മണ്ണിൽനിന്ന് വിക്ഷേപിച്ചതിൽ ഏറ്റവും ഭാരമേറിയ ഉപഗ്രഹമായ അമേരിക്കയുടെ 'ബ്ലൂ ബേർഡ് ബ്ലോക്ക്-2' എന്ന വാർത്താവിനിമയ ഉപഗ്രഹത്തെ ഇത് വിജയകരമായി ലോ എർത്ത് ഓർബിറ്റിൽ എത്തിച്ചു. പുതിയ തലമുറയിൽപ്പെട്ട ഈ ഉപഗ്രഹത്തിന് ബഹിരാകാശത്തുനിന്ന് നേരിട്ട് സാധാരണ മൊബൈൽ ഫോണുകളിലേക്ക് ബ്രോഡ്ബാൻഡ് സേവനം നൽകാനുള്ള ശേഷിയുണ്ട്. ഇന്ത്യൻ വിക്ഷേപണപേടകത്തിന് ഏകദേശം 640 ടൺ ഭാരവും 43.5 മീറ്റർ ഉയരവുമുണ്ട്. ജിയോസ്റ്റേഷണറി ട്രാൻസ്ഫർ ഓർബിറ്റിലേക്ക് 4,200 കിലോഗ്രാം വരെയുള്ള വിക്ഷേപണഭാരം വഹിക്കാൻ ഇതിന് കഴിയും. LVM3-ന്റെ ആറാമത്തെ പറക്കലായിരുന്നു ഇത്. ഇതിനുമുമ്പ് ചന്ദ്രയാൻ-2, ചന്ദ്രയാൻ-3, രണ്ട് വൺവെബ് ദൗത്യങ്ങൾ എന്നിവയും LVM3 വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

വിജയകരമായ വിക്ഷേപണത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വീറ്റ് ചെയ്തതിങ്ങനെ: 'LVM3-M6-ന്റെ വിജയകരമായ വിക്ഷേപണം ഇന്ത്യയുടെ ബഹിരാകാശ യാത്രയിലെ അഭിമാന നിമിഷമാണ്. ഇന്ത്യൻ മണ്ണിൽനിന്ന് വിക്ഷേപിച്ചതിൽ ഏറ്റവും ഭാരമേറിയ ഉപഗ്രഹമായ അമേരിക്കയുടെ ബ്ലൂബേർഡ് ബ്ലോക്ക് -2-നെ ഇത് നിശ്ചിത ഭ്രമണപഥത്തിൽ എത്തിച്ചു. ഇത് ഇന്ത്യയുടെ വിക്ഷേപണശേഷി വർദ്ധിപ്പിക്കുകയും ആഗോള വാണിജ്യ വിക്ഷേപണവിപണിയിൽ നമ്മുടെ പങ്ക് കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഈ നേട്ടം സ്വയംപര്യാപ്ത ഇന്ത്യക്കായുള്ള നമ്മുടെ പരിശ്രമങ്ങളെയും പ്രതിഫലിപ്പിക്കുന്നു. കഠിനാധ്വാനികളായ നമ്മുടെ ബഹിരാകാശ ശാസ്ത്രജ്ഞർക്കും എൻജിനിയർമാർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ബഹിരാകാശ രംഗത്ത് ഇന്ത്യ നിരന്തരം പുതിയ ഉയരങ്ങൾ കീഴടക്കുകയാണ്.'



'പ്രഗതി'യുടെ 50-ാം യോഗം

# 85 ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് 'പ്രഗതി' വേഗതയേകി



"

കഴിഞ്ഞ ദശകത്തിൽ ഇന്ത്യയുടെ ഭരണസംസ്കാരത്തിൽ വലിയൊരു മാറ്റം ദൃശ്യമായിട്ടുണ്ട്. തീരുമാനങ്ങൾ കൃത്യസമയത്ത് എടുക്കുകയും, ഏകോപനം ഫലപ്രദമാവുകയും, ഉത്തരവാദിത്വങ്ങൾ നിശ്ചയിക്കപ്പെടുകയും ചെയ്യുമ്പോൾ ഗവൺമെന്റിന്റെ പ്രവർത്തനവേഗത സ്വാഭാവികമായും വർദ്ധിക്കുന്നു. ഇതിന്റെ സ്വാധീനം ജനങ്ങളുടെ ജീവിതത്തിൽ നേരിട്ട് പ്രതിഫലിക്കുന്നു.

***നരേന്ദ്ര മോദി,*** പ്രധാനമന്ത്രി

പുതിയ ഇന്ത്യ പദ്ധതികൾ വൈകിപ്പിക്കുകയോ പാതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല; മറിച്ച്, നിശ്ചിത സമയത്തിന് മുമ്പേ അവ പൂർത്തിയാക്കുന്നു. ഇതിന്റെ ഭാഗമായി, ഡിസംബർ 31-ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ 50-ാമത് 'പ്രഗതി' യോഗം നടന്നു. ഭരണനിർവഹണത്തിലും പദ്ധതികൾ നടപ്പിലാക്കുന്നതിലും വേഗത ഉറപ്പാക്കുന്നതിനുള്ള ഐസിടി അധിഷ്ഠിത വേദിയാണിത്. അഞ്ച് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 40,000 കോടിയിലധികം രൂപയുടെ അഞ്ച് നിർണായക അടിസ്ഥാനസൗകര്യപദ്ധതികൾ യോഗം വിലയിരുത്തി. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ, 85 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള പദ്ധതികൾ വേഗത്തിലാക്കാൻ പ്രഗതി സംവിധാനത്തിലൂടെ സാധിച്ചു. 2014-ൽ ആരംഭിച്ചത് മുതൽ ഇതുവരെ 377 പദ്ധതികൾ പ്രഗതിയിലൂടെ വിലയിരുത്തി. പദ്ധതികളുമായി ബന്ധപ്പെട്ട് കണ്ടെത്തിയ 3,162 പ്രശ്നങ്ങളിൽ 2,958 എണ്ണവും (94%) പരിഹരിച്ചു. ഇത് പദ്ധതികൾ വൈകുന്നതും അധികച്ചെലവു വരുന്നതും ഒഴിവാക്കി. ഇന്ത്യ അതിവേഗം മുന്നേറുന്ന സാഹചര്യത്തിൽ പ്രഗതിയുടെ പ്രസക്തി വർദ്ധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഭരണപരിഷ്കാരങ്ങളുടെ വേഗത നിലനിർത്താൻ ഈ സംവിധാനം അത്യാവശ്യമാണ്. സ്കൂൾ വിദ്യാഭ്യാസം ഭാവിയിലേക്ക് സജ്ജമാക്കുന്നതിനുള്ള ദേശീയ മാനദണ്ഡമായി പിഎം-ശ്രീ പദ്ധതി മാറണമെന്ന് പ്രധാനമന്ത്രി നിർദേശിച്ചു. ഇത് കേവലം അടിസ്ഥാനസൗകര്യവികസനത്തിൽ ഒതുങ്ങാതെ, മികച്ച ഫലങ്ങൾ ഉണ്ടാക്കുന്ന രീതിയിലാകണം നടപ്പാക്കേണ്ടത്. ചീഫ് സെക്രട്ടറിമാർ ഈ പദ്ധതി നേരിട്ട് നിരീക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രഗതിയുടെ അടുത്ത ഘട്ടത്തിനായി പ്രധാനമന്ത്രി നൽകിയ തത്വം ഇങ്ങനെ: 'ലളിതമാക്കാൻ പരിഷ്കരിക്കുക, ഫലം നൽകാൻ പ്രവർത്തിക്കുക, സ്വാധീനം ചെലുത്താൻ മാറ്റം കൊണ്ടുവരിക.'



# 2025
# പരിഷ്കാരങ്ങളുടെ വർഷം

*വികസിത രാഷ്ട്രം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള യാത്രയിൽ 2025–ൽ ഇന്ത്യ പുതിയൊരു നാഴികക്കല്ലുകൂടി പിന്നിട്ടു. സാംസ്കാരിക ഉണർവ്, സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ വേഗത, കാർഷിക മേഖലയിലെ പുരോഗതി, സ്ത്രീശാക്തീകരണം, ദരിദ്രരുടെയും യുവാക്കളുടെയും ഉന്നമനം, ശാസ്ത്രരംഗത്തെ മുന്നേറ്റം, സമുദ്രവികസനം, ആഭ്യന്തര സുരക്ഷ, ആഗോളതലത്തിൽ പുതിയ അംഗീകാരം എന്നിവയ്ക്ക് 2025 സാക്ഷ്യം വഹിച്ചു. 2025–ൽ 'വികസനം' പാരമ്പര്യമായും 'രാഷ്ട്രനിർമാണം' മാർഗനിർദേശ തത്വമായും മാറി. 11 വർഷത്തെ തുടർച്ചയായ വികസന പ്രവർത്തനങ്ങൾക്ക് പിന്നാലെ, സുപ്രധാനമായ പല പരിഷ്കാരങ്ങളാലും 2025 അടയാളപ്പെടുത്തപ്പെട്ടു. ഈ വർഷത്തെ നേട്ടങ്ങൾ എടുത്തുപറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്ര മോദി ലിങ്ക്ഡ്ഇനിൽ കുറിപ്പ് പങ്കുവച്ചു...*

ഇന്ന് ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി ഇന്ത്യ മാറിയിരിക്കുന്നു. നമ്മുടെ ജനതയുടെ നൂതനാശയങ്ങളോടുള്ള ആവേശമാണ് ഇതിന് കാരണം. ലോകം ഇന്ന് ഇന്ത്യയെ പ്രതീക്ഷയോടും ആത്മവിശ്വാസത്തോടുമാണ് നോക്കുന്നത്. വിവിധ മേഖലകളെ കോർത്തിണക്കിയും രാജ്യത്തിന്റെ വളർച്ചാസാധ്യതകൾ വർദ്ധിപ്പിച്ചും 'അടുത്ത തലമുറ' പരിഷ്കാരങ്ങളിലൂടെ വികസനത്തിന് വേഗത കൂട്ടിയ രീതിയെ അവർ അഭിനന്ദിക്കുന്നു.

ഇന്ത്യ ഇപ്പോൾ 'പരിഷ്കാരങ്ങളുടെ എക്സ്പ്രസിൽ' കയറി എന്ന് ഞാൻ പലരോടും പറയാറുണ്ട്.

നമ്മുടെ ജനസംഖ്യാപരമായ സവിശേഷതയും യുവതലമുറയും ജനങ്ങളുടെ അചഞ്ചലമായ മനോവീര്യവുമാണ് ഈ എക്സ്പ്രസ്സിന്റെ പ്രധാന എൻജിൻ.

കഴിഞ്ഞ 11 വർഷത്തെ നേട്ടങ്ങളുടെ അടിത്തറയിൽ നിന്ന്, പരിഷ്കാരങ്ങളെ തുടർച്ചയായ ദേശീയ ദൗത്യമായി കണ്ട വർഷമെന്ന നിലയിലാകും 2025 ഓർമിക്കപ്പെടുക. ഞങ്ങൾ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുകയും ഭരണനിർവഹണം ലളിതമാക്കുകയും ദീർഘകാലത്തേക്കുള്ള, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയുടെ അടിത്തറ ശക്തിപ്പെടുത്തുകയും ചെയ്തു.

കൂടുതൽ വലിയ ലക്ഷ്യങ്ങളോടെയും അതിവേഗത്തിലുള്ള നടപ്പാക്കലിലൂടെയും ആഴത്തിലുള്ള മാറ്റങ്ങളിലൂടെയും ഞങ്ങൾ ഉറച്ച തീരുമാനങ്ങളുമായി മുന്നോട്ട് പോയി. പൗരന്മാർക്ക് അന്തസ്സോടെ ജീവിക്കാനും, സംരംഭകർക്ക് ആത്മവിശ്വാസത്തോടെ പുതിയ കാര്യങ്ങൾ പരീക്ഷിക്കാനും, സ്ഥാപനങ്ങൾക്ക് വ്യക്തതയോടും വിശ്വാസത്തോടും കൂടി പ്രവർത്തിക്കാനും പ്രാപ്തമാക്കുന്നതായിരുന്നു ഈ പരിഷ്കാരങ്ങൾ.

***നടപ്പാക്കിയ പരിഷ്കാരങ്ങളിൽ ചില ഉദാഹരണങ്ങൾ ഞാൻ വ്യക്തമാക്കാം.***




## ജിഎസ്ടി പരിഷ്കരണം

- 5%, 18% എന്നിങ്ങനെ വ്യക്തമായ രണ്ട് നിരക്കുകളുള്ള രീതി നടപ്പാക്കി.
- സാധാരണ കുടുംബങ്ങൾ, ചെറുകിട-ഇടത്തരം സംരംഭങ്ങൾ, കർഷകർ, കൂടുതൽ തൊഴിലാളികൾ ആവശ്യമായ മേഖലകൾ എന്നിവയുടെ സാമ്പത്തിക ഭാരം കുറച്ചു.
- തർക്കങ്ങൾ കുറയ്ക്കുന്നതിനും നികുതി നിയമങ്ങൾ കൃത്യമായി പാലിക്കുന്നത് ഉറപ്പാക്കുന്നതിനുമാണ് ഈ മാറ്റം ലക്ഷ്യമിടുന്നത്.
- ഈ പരിഷ്കാരം ഉപഭോക്താക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ഉൽപ്പന്നങ്ങളുടെ ആവശ്യകത വർധിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ആഘോഷവേളകളിൽ വിൽപ്പനയിൽ വലിയ വളർച്ച രേഖപ്പെടുത്തി.

## ചെറുകിട, ഇടത്തരം ബിസിനസുകൾക്ക് ഉത്തേജനം

- 100 കോടി രൂപ വരെ വിറ്റുവരവുള്ള സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി 'ചെറുകിട കമ്പനികളുടെ' നിർവചനം വിപുലീകരിച്ചു.
- ഇതിലൂടെ ആയിരക്കണക്കിന് കമ്പനികളുടെ ഔദ്യോഗിക നടപടിക്രമങ്ങളും അതുമായി ബന്ധപ്പെട്ട ചെലവുകളും കുറയും.

## മധ്യവർഗത്തിന് സമാനതകളില്ലാത്ത ആശ്വാസം

- ചരിത്രത്തിലാദ്യമായി, പ്രതിവർഷം 12 ലക്ഷം രൂപ വരെ വരുമാനമുള്ള വ്യക്തികൾ ആദായനികുതി നൽകേണ്ടതില്ല എന്ന സാഹചര്യം ഒരുങ്ങി.
- കാലഹരണപ്പെട്ട 1961-ലെ ആദായനികുതി നിയമത്തിന് പകരം ആധുനികവും ലളിതവുമായ 'ആദായനികുതി നിയമം 2025' നടപ്പാക്കി.
- സുതാര്യവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ നികുതി നിർവഹണ സംവിധാനത്തിലേക്കുള്ള ഇന്ത്യയുടെ ചുവടുവയ്പാണ് ഈ പരിഷ്കാരങ്ങൾ.




## ഇൻഷുറൻസ് മേഖലയിലെ 100% വിദേശ നിക്ഷേപം

- ഇന്ത്യൻ ഇൻഷുറൻസ് കമ്പനികളിൽ 100% നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിച്ചു.
- ഇത് ഇൻഷുറൻസ് സേവനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഉത്തേജനം നൽകും.
- മത്സരക്ഷമത വർദ്ധിക്കുന്നതിലൂടെ ജനങ്ങൾക്ക് കൂടുതൽ മികച്ച ഇൻഷുറൻസ് പോളിസികളും മെച്ചപ്പെട്ട സേവനങ്ങളും തെരഞ്ഞെടുക്കാൻ സാധിക്കും.



## സമുദ്ര-നീല സമ്പദ്‌വ്യവസ്ഥാ പരിഷ്‌കാരങ്ങൾ:

- ഒരൊറ്റ പാർലമെന്റ് സമ്മേളനത്തിൽ (മൺസൂൺ സെഷൻ) അഞ്ച് സുപ്രധാന സമുദ്ര നിയമങ്ങൾ പാസാക്കി: ബിൽസ് ഓഫ് ലേഡിംഗ് ആക്ട്, 2025; കടൽമാർഗം സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള ബിൽ, 2025; തീരദേശ ഷിപ്പിംഗ് ബിൽ, 2025; മെർച്ചന്റ് ഷിപ്പിംഗ് ബിൽ, 2025; ഇന്ത്യൻ തുറമുഖ ബിൽ, 2025
- ഈ പരിഷ്‌കാരങ്ങൾ ഔദ്യോഗിക രേഖകൾ ശരിയാക്കുന്നത് ലളിതമാക്കുകയും, തർക്കപരിഹാരം എളുപ്പമാക്കുകയും, ലോജിസ്റ്റിക്സ് ചെലവുകൾ കുറയ്ക്കുകയും ചെയ്യുന്നു.
- 1908, 1925, 1958 വർഷങ്ങളിലെ കാലഹരണപ്പെട്ട നിയമങ്ങൾക്ക് പകരമായാണ് ഇവ കൊണ്ടുവന്നത്.

## സെക്യൂരിറ്റീസ് മാർക്കറ്റ് പരിഷ്‌കാരം:

- 'സെക്യൂരിറ്റീസ് മാർക്കറ്റ് കോഡ് ബിൽ' പാർലമെന്റിൽ അവതരിപ്പിച്ചു. ഇത് സെബിയിലെ ഭരണനിർവഹണ മാനദണ്ഡങ്ങൾ മെച്ചപ്പെടുത്തുകയും നിക്ഷേപകരുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യും. നടപടിക്രമങ്ങളുടെ ഭാരം കുറയ്ക്കുകയും വികസിത ഇന്ത്യക്കായി സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സെക്യൂരിറ്റീസ് മാർക്കറ്റ് സജ്ജമാക്കുകയും ചെയ്യും.
- ഈ പരിഷ്‌കാരങ്ങൾ വഴി ഔദ്യോഗിക നടപടിക്രമങ്ങളിലെയും മറ്റ് അധിക ചെലവുകളിലെയും കുറവ് മൂലം വലിയ ലാഭം ഉറപ്പാക്കാൻ സാധിക്കും.

## ജൻ വിശ്വാസ്... ക്രിമിനൽ നടപടികൾ അവസാനിപ്പിക്കുന്ന യുഗം:

- കാലഹരണപ്പെട്ട നൂറുകണക്കിന് നിയമങ്ങൾ റദ്ദാക്കി.
- 2025-ലെ റദ്ദാക്കലും ഭേദഗതിയും ബിൽ വഴി 71 നിയമങ്ങൾ പൂർണമായും ഒഴിവാക്കി.

## വ്യവസായനടത്തിപ്പു കൂടുതൽ സുഗമമാക്കുന്നു:

- സിന്തറ്റിക് ഫൈബറുകൾ, നൂലുകൾ, പ്ലാസ്റ്റിക്കുകൾ, പോളിമറുകൾ, അടിസ്ഥാന ലോഹങ്ങൾ എന്നിവയിലുടനീളമുള്ള ആകെ 22 ക്യുസിഒകൾ പിൻവലിച്ചു. ഉരുക്ക്, എൻജിനിയറിങ് ഉൽപ്പന്നങ്ങൾ, ഇലക്ട്രിക്കൽ, അലോയ്, മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങൾ എന്നീ വിഭാഗങ്ങളിലെ 53 ക്യുസിഒകൾ താൽക്കാലികമായി നിർത്തിവച്ചു. ഇത് വ്യവസായ-ഉപഭോക്തൃ മേഖലയിലെ വിപുലമായ ഉൽപ്പന്നങ്ങളെ ഉൾക്കൊള്ളുന്നു.
- ഇത് വസ്ത്ര കയറ്റുമതിയിൽ ഇന്ത്യയുടെ പങ്ക് വർദ്ധിപ്പിക്കും. പാദരക്ഷകൾ, ഓട്ടോമൊബൈൽ തുടങ്ങിയ വൈവിധ്യമാർന്ന വ്യവസായങ്ങളിലെ ഉൽപ്പാദനച്ചെലവ് കുറയ്ക്കും. ഇലക്ട്രോണിക്സ്, സൈക്കിളുകൾ, ഓട്ടോമോട്ടീവ് ഉൽപ്പന്നങ്ങൾ എന്നിവയിൽ ആഭ്യന്തര ഉപഭോക്താക്കൾക്ക് കുറഞ്ഞ വില ഉറപ്പാക്കും.

## ചരിത്രപരമായ തൊഴിൽ പരിഷ്‌കാരങ്ങൾ:

- വിഘടിച്ചു കിടന്നിരുന്ന 29 തൊഴിൽ നിയമങ്ങളെ സംയോജിപ്പിച്ച് നാല് ആധുനിക ചട്ടങ്ങളാക്കി മാറ്റി.
- തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം വ്യവസായ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതുമായ തൊഴിൽ ചട്ടക്കൂട് ഇന്ത്യ രൂപപ്പെടുത്തി.
- ന്യായമായ വേതനം, കൃത്യസമയത്തു ശമ്പളം നൽകൽ, മെച്ചപ്പെട്ട വ്യവസായ ബന്ധങ്ങൾ, സാമൂഹ്യസുരക്ഷ, സുരക്ഷിതമായ ജോലിസ്ഥലം എന്നിവ ഉറപ്പാക്കുന്നു.
- തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നു.
- കരാർ തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിലെ തൊഴിലാളികളെ ESIC, EPFO എന്നിവയുടെ പരിധിയിൽ കൊണ്ടുവന്നു. ഇതിലൂടെ ഔദ്യോഗിക തൊഴിൽ സേനയുടെ വ്യാപ്തി വർദ്ധിപ്പിച്ചു.

## ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കായി വൈവിധ്യമാർന്ന വിപുലമായ വിപണികൾ

- ന്യൂസിലാൻഡ്, ഒമാൻ, ബ്രിട്ടൻ എന്നീ രാജ്യങ്ങളുമായി വ്യാപാര കരാറുകളിൽ ഏർപ്പെട്ടു. ഇവ നിക്ഷേപം വർദ്ധിപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പ്രാദേശിക സംരംഭകരെ പ്രോത്സാഹിപ്പിക്കാനും സഹായിക്കും. ആഗോള സമ്പദ്‌വ്യവസ്ഥയിൽ വിശ്വസനീയവും മത്സരക്ഷമതയുള്ളതുമായ പങ്കാളി എന്ന ഇന്ത്യയുടെ സ്ഥാനം ഈ കരാറുകൾ ഉറപ്പിക്കുന്നു.
- സ്വിറ്റ്സർലൻഡ്, നോർവേ, ഐസ്‌ലൻഡ്, ലിച്ചെൻസ്റ്റീൻ എന്നിവയുൾപ്പെട്ട യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷനുമായുള്ള സ്വതന്ത്ര വ്യാപാര കരാർ (FTA) പ്രവർത്തനക്ഷമമാക്കി. വികസിത യൂറോപ്യൻ രാജ്യങ്ങളുമായി ഇന്ത്യ ഒപ്പിടുന്ന ആദ്യത്തെ FTA ആണിത്.



## ആണവോർജ പരിഷ്കാരങ്ങൾ

- ഇന്ത്യയുടെ സംശുദ്ധ ഊർജ-സാങ്കേതിക യാത്രയിലെ വിപ്ലവകരമായ ചുവടുവയ്പാണ് SHANTI നിയമം.
- ആണവ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സുരക്ഷിതവും ഉത്തരവാദിത്വമുള്ളതുമായ വിപുലീകരണത്തിന് ഈ നിയമം കരുത്തുറ്റ അടിത്തറ നൽകുന്നു.
- ഡേറ്റാ സെന്ററുകൾ, അത്യാധുനിക നിർമാണ യൂണിറ്റുകൾ, ഹരിത ഹൈഡ്രജൻ, ഹൈ-ടെക്നോളജി വ്യവസായങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഊർജം നൽകി, നിർമിതബുദ്ധി (AI) കാലഘട്ടത്തിലെ വർദ്ധിച്ചുവരുന്ന ഊർജ ആവശ്യങ്ങൾ നിറവേറ്റാൻ ഇത് ഇന്ത്യയെ പ്രാപ്തമാക്കുന്നു.
- ആരോഗ്യസംരക്ഷണം, കൃഷി, ഭക്ഷ്യസുരക്ഷ, ജലപരിപാലനം, വ്യവസായം, ഗവേഷണം, പരിസ്ഥിതിസുസ്ഥിരത എന്നീ മേഖലകളിൽ ആണവ സാങ്കേതികവിദ്യയുടെ സമാധാനപരമായ ഉപയോഗത്തെ ഇത് പ്രോത്സാഹിപ്പിക്കുന്നു. ഇതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച ഉറപ്പാക്കാനും സാധിക്കും.
- സ്വകാര്യമേഖലയുടെ പങ്കാളിത്തം, നവീകരണത്തിനും നൈപുണ്യവികസനത്തിനും പുതിയ വഴികൾ തുറന്നു നൽകുന്നു. അത്യാധുനിക സാങ്കേതികവിദ്യകളിലും അടുത്ത തലമുറയിലെ ഊർജ പരിഹാരങ്ങളിലും നേതൃത്വം നൽകാൻ ഇന്ത്യയിലെ യുവാക്കൾക്ക് ഇത് അവസരമൊരുക്കുന്നു.
- നിക്ഷേപകർക്കും നൂതനാശയ ഉപജ്ഞാതാക്കൾക്കും സ്ഥാപനങ്ങൾക്കും ഇന്ത്യയുമായി കൈകോർക്കാനും, നിക്ഷേപം നടത്താനും, ഭാവിയിലേക്കായി സംശുദ്ധവും കരുത്തുറ്റതുമായ ഊർജസംവിധാനം കെട്ടിപ്പടുക്കാനുമുള്ള ഏറ്റവും അനുയോജ്യമായ സമയമാണിത്.

## ഗ്രാമീണ തൊഴിലുറപ്പിൽ നാഴികക്കല്ലായ പരിഷ്കാരം

- വികസിത ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) നിയമം 2025 എന്ന പുതിയ തൊഴിലുറപ്പ് ചട്ടക്കൂട് പ്രകാരം തൊഴിൽ ദിനങ്ങൾ 100-ൽ നിന്ന് 125 ദിവസമായി ഉയർത്തി.
- ഇത് ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നിക്ഷേപം വർദ്ധിപ്പിക്കും.
- ഗ്രാമീണ ജോലികളെ ഉയർന്ന വരുമാനവും മികച്ച ആസ്തികളും ഉറപ്പാക്കുന്നതിനുള്ള മാർഗമാക്കി മാറ്റുകയാണ് ഇതിന്റെ ലക്ഷ്യം.

## വിദ്യാഭ്യാസ പരിഷ്കാരങ്ങൾ

- പാർലമെന്റിൽ പുതിയ ബിൽ അവതരിപ്പിച്ചു.
- ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി ഏകീകൃതമായ റെഗുലേറ്ററി സംവിധാനം നിലവിൽ വരും.
- യുജിസി, എഐസിടിഇ, എൻസിടിഇ തുടങ്ങിയ ഒന്നിലധികം സമിതികൾക്ക് പകരം 'വികസിത ഭാരത് ശിക്ഷാ അധിഷ്ഠാൻ' നിലവിൽ വരും.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വയംഭരണാധികാരം ശക്തിപ്പെടുത്തുകയും നവീകരണത്തിനും ഗവേഷണത്തിനും കൂടുതൽ ഊന്നൽ നൽകുകയും ചെയ്യും.



2025-ലെ പരിഷ്കാരങ്ങളെ സവിശേഷമാക്കുന്നത് അവയുടെ വ്യാപ്തി മാത്രമല്ല; മറിച്ച്, അവയ്ക്ക് പിന്നിലുള്ള ദർശനം കൂടിയാണ്. ആധുനിക ജനാധിപത്യത്തിന്റെ യഥാർത്ഥ മനോഭാവം ഉൾക്കൊണ്ട്, നിയന്ത്രണങ്ങളേക്കാൾ 'സഹകരണത്തിനും' കർക്കശമായ നിയമങ്ങളേക്കാൾ 'സൗകര്യങ്ങൾ ഒരുക്കുന്നതിനും' ആണ് ഞങ്ങളുടെ ഗവൺമെന്റ് മുൻഗണന നൽകിയിരിക്കുന്നത്.

ചെറുകിട വ്യവസായികൾ, യുവ പ്രൊഫഷണലുകൾ, കർഷകർ, തൊഴിലാളികൾ, മധ്യവർഗം എന്നിവരുടെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് തികഞ്ഞ സഹാനുഭൂതിയോടെയാണ് ഈ പരിഷ്കാരങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. വിപുലമായ കൂടിയാലോചനകളിലൂടെയും കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും ഇന്ത്യയുടെ ഭരണഘടനാ മൂല്യങ്ങളിൽ ഉറച്ചുനിന്നുമാണ് ഇവ രൂപപ്പെടുത്തിയത്. നിയന്ത്രണങ്ങളിൽ അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയിൽനിന്ന്, പൗരനെ കേന്ദ്രബിന്ദുവാക്കി മാറ്റിയ 'വിശ്വാസത്തിൽ' അധിഷ്ഠിതമായ സംവിധാനത്തിലേക്കുള്ള, പതിറ്റാണ്ട് നീണ്ട ഞങ്ങളുടെ ശ്രമങ്ങൾക്ക് ഈ മാറ്റങ്ങൾ കരുത്ത് പകരുന്നു.

സമൃദ്ധവും സ്വയംപര്യാപ്തവുമായ ഇന്ത്യ കെട്ടിപ്പടുക്കുക എന്നതാണ് ഈ പരിഷ്കാരങ്ങളുടെ ലക്ഷ്യം. 'വികസിത ഇന്ത്യ' കെട്ടിപ്പടുക്കുക എന്നതാണ് നമ്മുടെ വികസനപാതയിലെ വഴികാട്ടി. വരും വർഷങ്ങളിലും ഈ പരിഷ്കരണ കാര്യപരിപാടിയുമായി ഞങ്ങൾ മുന്നോട്ട് പോകും.

ഇന്ത്യയുടെ വളർച്ചാഗാഥയുമായുള്ള ബന്ധം ആഴത്തിലാക്കാൻ ഇന്ത്യയിലും വിദേശത്തുമുള്ള എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

***ഇന്ത്യയിൽ തുടർന്നും വിശ്വാസമർപ്പിക്കുക; നമ്മുടെ ജനതയിൽ നിക്ഷേപിക്കുക!***

*പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ഈ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.*

ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

# ഇന്ത്യൻ ജനാധിപത്യം

## സമ്മതിദായകരും പരിഷ്കാരങ്ങളും ഭാവിയും



ലോകത്തിലെ ഏറ്റവും വലിയതും ഊർജസ്വലവുമായ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ജനാധിപത്യ സംവിധാനത്തിൽ ജന വിധിയാണ് പരമോന്നതം; ഇത് പരിപോഷിപ്പിക്കപ്പെടുന്നത് പൗരന്മാരുടെ വോട്ടവകാശത്തിലൂടെയാണ്. ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം മാത്രമല്ല, ഏറ്റവും സജീവമായ ഒന്നുകൂടിയാണ്. ജനാധിപത്യത്തിൽ ജനങ്ങളുടെ ആജ്ഞാശക്തിക്കാണ് പ്രഥമ പരിഗണന, ഈ അധികാരം നിർണയിക്കുന്നത് പൗരന്മാരുടെ വോട്ടവകാശമാണ്. ഈ പശ്ചാത്തലത്തിൽ, കാലാകാലങ്ങളിൽ വോട്ടർപട്ടിക ശുദ്ധീകരിക്കുന്നതോ നയങ്ങളിലൂടെയും പുതിയ സംരംഭങ്ങളിലൂടെയും ആധുനിക സാങ്കേതികവിദ്യയിലൂടെയും തെരഞ്ഞെടുപ്പ് സംവിധാനത്തെ കൂടുതൽ ഫലപ്രദമാക്കുന്നതോ ആയ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളിലൂടെ ജനാധിപത്യത്തെ ശാക്തീകരിക്കുന്നതിനും സമ്പന്നമാക്കുന്നതിനുമുള്ള തുടർച്ചയായ പ്രക്രിയയാണ്. കഴിഞ്ഞ ദശകങ്ങളിലെ പരിശ്രമങ്ങൾ ജനാധിപത്യത്തെ കൂടുതൽ കരുത്തുറ്റതും സമൃദ്ധവുമാക്കി മാറ്റി. ഇപ്പോൾ, വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലേക്ക് രാജ്യം നീങ്ങുമ്പോൾ, ഭരണഘടന നിർമാണസഭയിൽ ബാബാസാഹേബ് അംബേദ്കർ മുന്നോട്ടുവച്ച 'ഒരു വ്യക്തി, ഒരു വോട്ട്, ഒരു മൂല്യം' എന്ന തത്വം നിലവിലുള്ളതും ഭാവിയിലുള്ളതുമായ പരിഷ്കാരങ്ങളുടെ അടിസ്ഥാനമായി വർത്തിക്കുന്നു.

**ജനുവരി 25-ന് രാജ്യം പതിനാറാമത് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുമ്പോൾ, 2026 എന്ന വർഷം ഇന്ത്യക്ക് മറ്റൊരു അഭിമാന നിമിഷംകൂടി സമ്മാനിക്കുന്നു. ഈ വർഷം, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിന്റെ (International IDEA) അംഗരാജ്യങ്ങളുടെ സമിതിയുടെ അധ്യക്ഷസ്ഥാനം ഇന്ത്യ ഏറ്റെടുത്തിരിക്കുകയാണ്. ഈ അവസരത്തിൽ, സാങ്കേതികവിദ്യയുടെ കരുത്ത് എങ്ങനെയാണ് ജനങ്ങളെ ശാക്തീകരിച്ചതെന്നും ഇന്ത്യയുടെ വോട്ടെടുപ്പ് പ്രക്രിയയെ സുഗമവും ഫലപ്രദവും ആധുനികവുമാക്കിയതെന്നും നമുക്ക് പരിശോധിക്കാം.**



ഇന്ത്യയിൽ തെരഞ്ഞെടുപ്പുകൾ വെറും രാഷ്ട്രീയപ്രക്രിയയോ ഗവൺമെന്റ് രൂപവൽക്കരണമോ മാത്രമല്ല; മറിച്ച്, അവ ജനാധിപത്യത്തിന്റെ വലിയൊരുത്സവമായും യഥാർത്ഥ ജനകീയ ആഘോഷമായുമാണ് കൊണ്ടാടപ്പെടുന്നത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യവും, ജനാധിപത്യത്തിന്റെ മാതാവുമായ ഇന്ത്യ ഈ വർഷം ജനുവരി 25-ന് പതിനാറാമത് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുകയാണ്. ഈ വർഷത്തെ ദേശീയ സമ്മതിദായക ദിനത്തിന് പ്രത്യേകതകൾ ഏറെയാണ്. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിന്റെ (International IDEA) അംഗരാജ്യങ്ങളുടെ സമിതിയുടെ അധ്യക്ഷസ്ഥാനം ഇന്ത്യ ഏറ്റെടുത്തിരിക്കുന്നു. രണ്ട് ദശകങ്ങൾക്ക് ശേഷം വോട്ടർ പട്ടിക ശുദ്ധീകരിക്കുന്നതിനുള്ള പ്രത്യേക യജ്ഞം ഇന്ത്യയിൽ നടന്നുവരികയാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ പാർലമെന്റിൽ തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ച് പ്രത്യേക ചർച്ചകൾ സംഘടിപ്പിച്ചു. ഏറ്റവും പ്രധാനമായി, രാജ്യം അതിന്റെ സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷത്തിൽ വികസിത ഇന്ത്യയായി മാറാനുള്ള പാതയിലാണ്; ജനാധിപത്യത്തിന്റെ ഈ യാത്രയെ സമ്പന്നമാക്കുന്നതിൽ ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർണായക പങ്കുവഹിക്കുന്നു.

രാജ്യത്തെ കോടിക്കണക്കിന് ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി വോട്ടവകാശം വിനിയോഗിക്കുന്നു. ഇതാണ് ജനാധിപത്യ റിപ്പബ്ലിക്കിന്റെ യഥാർത്ഥ ചൈതന്യം. ഇന്ത്യൻ ജനാധിപത്യം എന്ന മഹത്തായ സൗധം പടുത്തുയർത്തിയിരിക്കുന്നത് ഈ അടിസ്ഥാനശിലയിലാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ പാർലമെന്ററി ജനാധിപത്യ ഭരണരീതിയാണ് സ്വീകരിച്ചത്. ഈ സമ്പ്രദായത്തിൽ, സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിലൂടെയാണ് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്. ഭരണഘടനാ ശില്പികൾ തെരഞ്ഞെടുപ്പ് കമ്മീഷന് വലിയ പ്രാധാന്യമാണ് നൽകിയിരുന്നത്. അതിന്റെ രൂപീകരണം തന്നെ ഇതിന് തെളിവാണ്. 1950 ജനുവരി 26-ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ, അതിന് ഒരു ദിവസം മുമ്പ്, അതായത് 1950 ജനുവരി 25-ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നു. രാജ്യം റിപ്പബ്ലിക് ആകുന്നതിന് ഒരു ദിവസം മുമ്പ് തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിതമായത്, നീതിയുക്തവും ശക്തവുമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ മാത്രമേ ഊർജസ്വലമായ ജനാധിപത്യം സാധ്യമാകൂ എന്ന് ഭരണഘടനാ ശിൽപ്പികൾക്ക് അറിയാമായിരുന്നതുകൊണ്ടാണ്.

ഭരണഘടനാസ്രഷ്ടാക്കളെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പ് കമ്മീഷൻ വളരെ പ്രധാനപ്പെട്ട സ്ഥാപനമായിരുന്നു എന്നതിൽ സംശയമില്ല. ഭരണഘടനയുടെ 324-ാം അനുച്ഛേദം അനുസരിച്ച് ലോക്സഭ, രാജ്യസഭ, സംസ്ഥാന നിയമസഭകൾ, സംസ്ഥാന നിയമനിർമാണ കൗൺസിലുകൾ, ഉപരാഷ്ട്രപതി-രാഷ്ട്രപതി സ്ഥാനങ്ങൾ എന്നിവയിലേക്കു തെരഞ്ഞെടുപ്പുകൾ നടത്താനുള്ള അധികാരം തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുവരെ 18 ലോക്സഭാ തെരഞ്ഞെടുപ്പുകളും നാനൂറിലധികം നിയമസഭാ തെരഞ്ഞെടുപ്പുകളും നടത്തിയിട്ടുള്ള തെരഞ്ഞെടുപ്പ് കമ്മീഷൻ, 1950 ജനുവരി 25 മുതൽ അതിന്റെ പ്രസക്തി തെളിയിച്ചുകൊണ്ടിരിക്കുന്നു.

**ജനാധിപത്യത്തിന്റെ സമ്പന്നമായ പാരമ്പര്യം**

ഇന്ന് ആഗോള ജനാധിപത്യത്തിന്റെ വഴികാട്ടിയാണ് ഇന്ത്യ. ഏതൊരു ജനാധിപത്യ രാജ്യത്തും, 'തെരഞ്ഞെടുപ്പ്' എന്നത് ഗവൺമെന്റ് രൂപവൽക്കരണത്തിൽ പൗരന്മാരുടെ സജീവവും നേരിട്ടുള്ളതുമായ പങ്കാളിത്തത്തെയാണ് സൂചിപ്പിക്കുന്നത്.

## ജനാധിപത്യം

### ഇന്ത്യൻ ജനാധിപത്യത്തിൽ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തം

സ്ത്രീ വോട്ടർമാരുടെ എണ്ണം (1952–2024)

| തെരഞ്ഞെടുപ്പ് വർഷം | സ്ത്രീ വോട്ടർമാരുടെ എണ്ണം |
|---|---|
| 1952 | - |
| 1957 | 9.21+ |
| 1962 | - |
| 1967 | - |
| 1971 | 13.06+ |
| 1977 | 15.41+ |
| 1980 | 17.06+ |
| 1984-85 | 19.23+ |
| 1989 | 23.68+ |
| 1991-92 | 24.25+ |
| 1996 | 28.27+ |
| 1998 | 28.91+ |
| 1999 | 29.57+ |
| 2004 | 32.19+ |
| 2009 | 34.22+ |
| 2014 | 39.70+ |
| 2019 | 43.85+ |
| 2024 | 47.63+ |

(വോട്ടർമാരുടെ എണ്ണം കോടിയിൽ)



ലോകത്തിലെ ഏറ്റവും ശക്തമായ ജനാധിപത്യ രാജ്യങ്ങളിലൊന്നായി അന്താരാഷ്ട്ര സമൂഹം ഇന്ന് ഇന്ത്യയെ അംഗീകരിക്കുന്നു. രാജ്യത്തിന് ഈ അംഗീകാരം നേടിക്കൊടുക്കുന്നതിൽ സ്വതന്ത്ര ഭരണഘടനാ സ്ഥാപനം എന്ന നിലയിൽ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

# ലോകത്തിലെ ഏറ്റവും വലിയ തെരഞ്ഞെടുപ്പ് പ്രക്രിയ 2024

**97.79** കോടി രജിസ്റ്റർ ചെയ്ത വോട്ടർമാർ

**743** രാഷ്ട്രീയ പാർട്ടികൾ

**10.2** ലക്ഷം പോളിങ് സ്റ്റേഷനുകൾ

**1.5** കോടി പോളിങ് ഉദ്യോഗസ്ഥരും സുരക്ഷാ ഉദ്യോഗസ്ഥരും

**55** ലക്ഷം ഇവിഎമ്മുകൾ

## ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 33% സംവരണം ഉറപ്പാക്കുന്ന നിയമം പാസാക്കി

ഇന്ത്യൻ ജനാധിപത്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വോട്ട് രേഖപ്പെടുത്തുന്നതിൽ മാത്രമല്ല, നേതൃപരമായ പങ്കുവഹിക്കുന്നതിലും വർദ്ധിച്ചുവരികയാണ്. 1957-ലെ രണ്ടാമത്തെ പൊതുതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളിൽ 3% മാത്രമായിരുന്നു സ്ത്രീകൾ എങ്കിൽ, 2024-ൽ ഈ നിരക്ക് 10% ആയി ഉയർന്നു. തെരഞ്ഞെടുക്കപ്പെട്ട വനിതാ അംഗങ്ങളുടെ എണ്ണം ഒന്നാം ലോക്സഭയിൽ 22-ഉം രണ്ടാം ലോക്സഭയിൽ 27-ഉം ആയിരുന്നു. ഇത് 17-ാം ലോക്സഭയിൽ 78 ആയും 18-ാം ലോക്സഭയിൽ 75 ആയും വർദ്ധിച്ചു. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും മൂന്നിലൊന്ന് (33%) സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യുന്ന 'നാരീശക്തി വന്ദൻ അധിനിയം' 2023-ൽ രാജ്യം പാസാക്കി. രാജ്യസഭയിലും സ്ത്രീകളുടെ എണ്ണത്തിൽ വലിയ മാറ്റമുണ്ടായി; 1952-ൽ 15 വനിതാ അംഗങ്ങളുണ്ടായിരുന്നത് നിലവിൽ 42 ആയി ഉയർന്നു. ഇത് ആകെ അംഗങ്ങളുടെ ഏകദേശം 17% വരും. അതേസമയം, രാജ്യത്തുടനീളമുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ ഏകദേശം 14.5 ലക്ഷം തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുണ്ട്. ഇത് ആകെ പ്രതിനിധികളുടെ 46 ശതമാനത്തോളമാണ്. ലോകത്ത് തന്നെ സമാനതകളില്ലാത്ത നേട്ടമാണിത്. കൂടാതെ, രാജ്യത്തെ 21 സംസ്ഥാനങ്ങൾ പഞ്ചായത്തുകളിൽ 33% എന്ന നിർബന്ധിത പരിധിക്ക് പകരം 50% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.



### ഓരോ ലോക്സഭയിലും എത്ര വോട്ടർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

| തെരഞ്ഞെടുപ്പ് | വോട്ടർമാരുടെ എണ്ണം | വോട്ടിംഗ് |
|---|---|---|
| ഒന്നാമത്തേത് | 17.32+ | 45.67% |
| രണ്ടാമത്തേത് | 19.36+ | 47.74% |
| രണ്ടാമത്തേത് | 21.63+ | 55.42% |
| മൂന്നാമത്തേത് | 25.02+ | 61.04% |
| അഞ്ചാമത്തേത് | 27.41+ | 55.27% |
| ആറാമത്തേത് | 32.11+ | 60.49% |
| ഏഴാമത്തേത് | 35.62+ | 56.92% |
| എട്ടാമത്തേത് | 40.03+ | 64.01% |
| ഒമ്പതാമത്തേത് | 49.89+ | 61.95% |
| 10-ാമത്തേത് | 51.15+ | 55.88% |
| 11-ാമത്തേത് | 59.25+ | 57.94% |
| 12-ാമത്തേത് | 60.58+ | 61.97% |
| 13-ാമത്തേത് | 61.95+ | 59.99% |
| 14-ാമത്തേത് | 67.14+ | 58.07% |
| 15-ാമത്തേത് | 71.69+ | 58.21% |
| 16-ാമത്തേത് | 83.40+ | 66.44% |
| 17-ാമത്തേത് | 91.15+ | 67.40% |
| 18-ാമത്തേത് | 97.79+ | 65.79% |

*(വോട്ടർമാരുടെ കണക്കുകൾ കോടിയിൽ)*

തീർച്ചയായും, റിപ്പബ്ലിക്കനിസത്തിന്റെ സമ്പന്നമായ ചരിത്രം ഇന്ത്യയ്ക്കുണ്ട്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ ഭരണഘടനയിലൂടെ പരിപോഷിപ്പിക്കപ്പെട്ട ജനാധിപത്യ മൂല്യങ്ങൾ, ആയിരക്കണക്കിന് വർഷം പഴക്കമുള്ള റിപ്പബ്ലിക്കൻ പാരമ്പര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടവയാണ്. ഒരുപക്ഷേ, ലോകമെമ്പാടുമുള്ള ജനാധിപത്യ സ്ഥാപനങ്ങൾ ദുർബലമാകുന്നതിനെക്കുറിച്ച് ആശങ്കകൾ ഉയരുന്ന ഈ കാലഘട്ടത്തിലും ഇന്ത്യയിലെ ജനാധിപത്യം കൂടുതൽ കരുത്താർജിക്കുന്നത് അതുകൊണ്ടായിരിക്കാം. പ്രത്യേക വർഗത്തിനോ രാജവംശത്തിനോ ഭരണത്തിൽ കുത്തകാവകാശം ഉണ്ടായിരിക്കാൻ കഴിയില്ലെന്ന് വൈശാലി, കപിലവസ്തു, മിഥില തുടങ്ങിയ പൗരാണിക പാരമ്പര്യങ്ങളിൽ നിന്ന് ഇന്ത്യ പഠിച്ചിട്ടുണ്ട്.

**ഈ രാജ്യത്ത് ഒരു അനധികൃത കുടിയേറ്റക്കാരനെപ്പോലും വോട്ട് ചെയ്യാൻ ഞങ്ങൾ അനുവദിക്കില്ല. വോട്ടർപട്ടികയിൽ നിന്ന് അത്തരം പേരുകൾ കണ്ടെത്തുക, നീക്കം ചെയ്യുക, അവരെ പുറത്താക്കുക - ഇതാണ് ഞങ്ങളുടെ നയം. ഭരണഘടനാപരമായ പ്രക്രിയയിലൂടെ ഞങ്ങൾ അവരെ കണ്ടെത്തുകയും വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കുകയും നാടുകടത്തുകയും ചെയ്യും.**

**അമിത് ഷാ,** കേന്ദ്ര ആഭ്യന്തര മന്ത്രി (ലോക്സഭയിൽ തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്കിടെ പറഞ്ഞത്)

ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളുടെ ഇഷ്ടമാണ് പരമോന്നതം. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ നട്ടെല്ല് എന്നത് അറിവുള്ള സമ്മതിദായകരാണ്. ഇന്ത്യ ജനാധിപത്യ റിപ്പബ്ലിക്കായി അതിന്റെ പ്രയാണം തുടങ്ങുന്നതിന് കൃത്യം ഒരു ദിവസം മുമ്പാണ് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ യാത്ര ആരംഭിച്ചത്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ നിരന്തരം ഉചിതമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ശക്തമായ തെരഞ്ഞെടുപ്പ് സംവിധാനം കെട്ടിപ്പടുക്കുന്നതിലൂടെ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ലോകത്തിന് മുഴുവൻ മാതൃകയായി മാറിയിരിക്കുന്നു.

ലോകമെമ്പാടുമുള്ള ജനങ്ങൾ വോട്ടവകാശത്തിനായി കഠിനമായി പോരാടിയിട്ടുണ്ട്. ഭരണഘടനാ നിർമാണസഭയിലെ പ്രമുഖ ഭരണഘടനാ വിദഗ്ധനായിരുന്ന അല്ലാഡി കൃഷ്ണസ്വാമി അയ്യർ, പ്രായപൂർത്തി വോട്ടവകാശത്തെ ജനാധിപത്യ ഭരണസംവിധാനത്തിന്റെ വിജയത്തിന്റെ അടിസ്ഥാന ശിലയായാണ് വിശേഷിപ്പിച്ചത്. വികസിത രാജ്യങ്ങളിൽ മുൻപന്തിയിലുള്ളതും ജനാധിപത്യത്തിന്റെ മാതൃകയായി കരുതപ്പെടുന്നതുമായ അമേരിക്കയിൽ പോലും, പതിറ്റാണ്ടുകൾ നീണ്ട പോരാട്ടങ്ങൾക്കും അചഞ്ചലമായ ധൈര്യത്തിനും സ്ഥിരോത്സാഹത്തിനും ശേഷമാണ് വോട്ടവകാശം ലഭിച്ചത്. ബ്രിട്ടനിലും വോട്ടവകാശത്തിനായി സ്ത്രീകൾക്ക് വലിയ പോരാട്ടം തന്നെ നടത്തേണ്ടി വന്നു. എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ, തുടക്കം മുതൽ 21 വയസ്സും അതിൽ കൂടുതലുമുള്ള എല്ലാ പൗരന്മാർക്കും വോട്ടവകാശം നൽകി. പിന്നീട് വോട്ടിംഗ് പ്രായം 18 വയസ്സായി കുറച്ചു. യോഗ്യതയോ മതമോ വംശമോ ജാതിയോ അടിസ്ഥാനമാക്കിയുള്ള വിവേചനമേതുമില്ലാതെ, പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ, എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും വോട്ടവകാശമുണ്ട്; ഓരോ വ്യക്തിയുടെയും വോട്ടിന്റെ മൂല്യം തുല്യമായാണ് പരിഗണിക്കപ്പെടുന്നത്. സ്ത്രീകളുടെ വോട്ടവകാശത്തിനായി ആഗോളതലത്തിൽ നടന്ന പോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ നോക്കിയാൽ ഇന്ത്യൻ ഭരണഘടനയുടെ ഈ എല്ലാവരെയും ഉൾക്കൊള്ളുന്ന സ്വഭാവം വ്യക്തമാകും.

അമേരിക്കയെപ്പോലുള്ള ഒരു രാജ്യം 1776-ൽ സ്വാതന്ത്ര്യം നേടിയെങ്കിലും, സ്ത്രീകൾക്ക് വോട്ടവകാശം നൽകാൻ അവിടെ 144 വർഷമെടുത്തു. ഇന്ത്യ പാർലമെന്ററി സമ്പ്രദായം കടമെടുത്ത ഇംഗ്ലണ്ടിലാകട്ടെ, 1918-ലാണ് 30 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത്; എല്ലാ സ്ത്രീകൾക്കും ഈ അവകാശം ലഭിക്കാൻ 1928 വരെ കാത്തിരിക്കേണ്ടി വന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി, സ്വതന്ത്ര ഇന്ത്യയിൽ ആദ്യ ദിവസം മുതൽ തന്നെ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചു. ഭരണഘടനാ നിർമ്മാണ സഭയിൽ ഈ വിഷയത്തിലുള്ള ചർച്ചകൾ വഴി തെറ്റിപ്പോയപ്പോൾ ബാബാസാഹേബ് അംബേദ്കർ പറഞ്ഞു: 'ഇന്ത്യയ്ക്ക് ശേഷം പല രാജ്യങ്ങളും സ്വാതന്ത്ര്യം നേടും, സാർവത്രിക വോട്ടവകാശം നൽകുന്ന കാര്യത്തിൽ ഇന്ത്യ ലോകത്തിന് മാതൃകയാകണം.' എല്ലാവർക്കും വോട്ടവകാശം നൽകുകയും 'ഒരു വ്യക്തി, ഒരു വോട്ട്, ഒരു മൂല്യം' എന്ന തത്വം സ്വീകരിക്കുകയും ചെയ്താൽ അതിന്റെ സ്വാധീനം ലോകമെമ്പാടും അനുഭവപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബാബാസാഹേബ് ഭരണഘടനാ സഭയിൽ ഇക്കാര്യം പറഞ്ഞപ്പോൾ, 'സ്ത്രീകൾ കുടുംബനാഥൻ പറയുന്നതനുസരിച്ചല്ലേ വോട്ട് ചെയ്യുക, പിന്നെ എന്തിനാണ് അവർക്ക് വോട്ടവകാശം നൽകുന്നത്?' എന്ന് ഒരാൾ ചോദിക്കുകയുണ്ടായി.

## തെരഞ്ഞെടുപ്പ്

### കമ്മീഷൻ 18 ലോക്സഭാ തെരഞ്ഞെടുപ്പും 400-ലധികം നിയമസഭാ തെരഞ്ഞെടുപ്പും നടത്തി

സ്ഥാപിതമായതിന് ശേഷമുള്ള 75 വർഷത്തിനിടെ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ 18 പൊതുതെരഞ്ഞെടുപ്പുകളും, ഒട്ടനവധി രാജ്യസഭാ തെരഞ്ഞെടുപ്പുകളും, 400-ലധികം നിയമസഭാ തെരഞ്ഞെടുപ്പുകളും വിജയകരമായി പൂർത്തിയാക്കി. കൂടാതെ, രാഷ്ട്രപതി പദവിയിലേക്ക് 16 തെരഞ്ഞെടുപ്പുകളും ഉപരാഷ്ട്രപതി പദവിയിലേക്ക് 17 തെരഞ്ഞെടുപ്പുകളും (2025 സെപ്റ്റംബറിലെ തെരഞ്ഞെടുപ്പ് ഉൾപ്പെടെ) കമ്മീഷൻ നടത്തിയിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 324 അനുസരിച്ച്, വോട്ടർപട്ടിക തയ്യാറാക്കുന്നതിനും പാർലമെന്റിലേക്കും ഓരോ സംസ്ഥാനത്തെയും നിയമസഭകളിലേക്കും, അതുപോലെ തന്നെ ഇന്ത്യയുടെ രാഷ്ട്രപതി, ഉപരാഷ്ട്രപതി പദവികളിലേക്കുമുള്ള എല്ലാ തെരഞ്ഞെടുപ്പുകളും നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന് ഉത്തരവാദിത്വമുണ്ട്. ഭരണഘടനയിലെ 324 മുതൽ 329 വരെയുള്ള അനുച്ഛേദങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, ഘടന, അധികാരങ്ങൾ എന്നിവ കൃത്യമായി നിർവചിക്കുന്നു.



ആഗോള പങ്ക്

# അന്താരാഷ്ട്ര തലത്തിൽ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർണായക പങ്ക്




ഇന്ത്യയിൽ സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിൽ മാത്രമല്ല, ലോകമെമ്പാടുമുള്ള ജനാധിപത്യ തെരഞ്ഞെടുപ്പ് പ്രക്രിയകളെ ശക്തിപ്പെടുത്തുന്നതിലും ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർണായക പങ്ക് വഹിക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് കൈകാര്യംചെയ്യൽ രംഗത്ത് ഇന്ത്യ ഇന്ന് ആഗോള നേതൃതലത്തിലേക്ക് ഉയർന്നുവന്നിരിക്കുകയാണ്.

1995 മുതൽ ഇന്റർനാഷണൽ ഐഡിഇഎയുടെ (International IDEA) സ്ഥാപക അംഗമാണ് ഇന്ത്യ. ലോകമെമ്പാടുമുള്ള ജനാധിപത്യത്തെയും തെരഞ്ഞെടുപ്പ് സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന സംഘടനയാണിത്. 2026-ൽ ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായ ഗ്യാനേഷ് കുമാർ ഇതിന്റെ സമിതി അധ്യക്ഷനായി ചുമതലയേൽക്കും. ഈ കാലയളവിൽ, 'എല്ലാവരെയും ഉൾക്കൊള്ളുന്നതും, സമാധാനപരവും, കരുത്തുറ്റതും, സുസ്ഥിരവുമായ ജനാധിപത്യം' എന്നതിലായിരിക്കും ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൂടാതെ, IIIDEM (ഇന്ത്യ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെന്റ്) വഴി ഇന്ത്യയുടെ തെരഞ്ഞെടുപ്പ് അനുഭവങ്ങൾ ലോകവുമായി പങ്കുവയ്ക്കാനും ലക്ഷ്യമിടുന്നു.

## 142 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്ക് പരിശീലനം നൽകി

തെരഞ്ഞെടുപ്പ് കമ്മീഷൻ 28 രാജ്യങ്ങളിലെ തെരഞ്ഞെടുപ്പ് നിർവഹണസമിതികളുമായും മൂന്ന് അന്താരാഷ്ട്ര സംഘടനകളുമായും കരാറുകളിൽ ഒപ്പിട്ടിട്ടുണ്ട്. ഇന്ത്യ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെന്റ് (IIIDEM) 2011 ജൂണിലാണ് സ്ഥാപിതമായത്. കഴിഞ്ഞ 15 വർഷത്തിനിടയിൽ, ഈ സ്ഥാപനം സംഘടിപ്പിച്ച അന്താരാഷ്ട്ര തലത്തിലുള്ള പരിശീലന പരിപാടികളിൽ 142 രാജ്യങ്ങളിൽ നിന്നായി ഏകദേശം 3170 പ്രതിനിധികൾ പങ്കെടുത്തു. ഈജിപ്ത്, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, റഷ്യ, കസാക്കിസ്ഥാൻ, വെനസ്വേല, മെക്സിക്കോ, നമീബിയ, ഗിനിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ തങ്ങളുടെ നിരീക്ഷകരെയും വിദഗ്ധരെയും അയച്ചിട്ടുണ്ട്.

ഇതിന് മറുപടിയായി ബാബാസാഹേബ് പറഞ്ഞതിങ്ങനെയാണ്:"അങ്ങനെയല്ല, ഇന്ത്യയിലെ സ്ത്രീകൾ ബുദ്ധിമതികളാണ്; അവർ പങ്കുചേരുമ്പോൾ ജനാധിപത്യം കൂടുതൽ കരുത്താർജിക്കും." ഇന്ന് അതിന്റെ ഫലം ദൃശ്യമാണ്, വോട്ടിങ് പ്രക്രിയയിൽ സ്ത്രീകൾ വൻതോതിൽ പങ്കുചേരുന്നു.


**തീവ്ര വോട്ടർ പട്ടിക പരിഷ്കരണം: ശുദ്ധീകരണത്തിന്റെ അടിസ്ഥാനം**

എന്താണ് തീവ്ര വോട്ടർപട്ടിക പരിഷ്കരണം (SIR)? ഒരു വോട്ടർ അന്തരിച്ചാൽ, അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്യണം. 18 വയസ്സ് തികഞ്ഞവരുടെ പേരുകൾ പട്ടികയിൽ ഉൾപ്പെടുത്തണം. ഒന്നിലധികം സ്ഥലങ്ങളിൽ വോട്ടറായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പേരുകൾ നീക്കം ചെയ്യണം. വിദേശ പൗരന്മാരുടെ പേരുകൾ ശ്രദ്ധാപൂർവ്വം കണ്ടെത്തി ഒഴിവാക്കണം. ഇതാണ് തീവ്ര വോട്ടർപട്ടിക പരിഷ്കരണം. ഇതാണ് വോട്ടർ പട്ടികയുടെ ശുദ്ധീകരണം. ദ്രുതഗതിയിലുള്ള നഗരവൽക്കരണം, വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള കുടിയേറ്റം, മറ്റ് സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾ എന്നിവ കാരണം, പൗരന്മാരുടെ താമസസ്ഥലങ്ങൾ ഇടയ്ക്കിടെ മാറുന്നു, അതിനാൽ അവർ എവിടെയാണ് താമസിക്കുന്നതെന്ന് കണ്ടെത്തേണ്ടത് ആവശ്യമാണ്.

തെരഞ്ഞെടുപ്പ് കൗതുകങ്ങൾ

### ആനകളിൽനിന്ന് സംരക്ഷണം നൽകാൻ പ്രത്യേക സംഘം

മേഘാലയയിലെ 55 സൽമൻപാറ പോളിങ് മേഖലയിലാണ് ഈ സംഭവം നടന്നത്. 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത്, ആനകളെ ഈ പോളിങ് മേഖലയിൽ നിന്ന് അകറ്റിനിർത്തുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അടിയന്തര യോഗം വിളിച്ചുചേർക്കേണ്ടി വന്നു. യോഗത്തിന് ശേഷം, ആനകൾ ശല്യമുണ്ടാക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ 19 പോളിങ് സ്റ്റേഷനുകൾക്ക് സംരക്ഷണം നൽകുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥരുടെ അഞ്ച് പ്രത്യേക സംഘങ്ങളെ വിന്യസിക്കാൻ തീരുമാനിച്ചു.



“

**'ഒരു രാജ്യം- ഒരു വോട്ടർ പട്ടിക', 'ഒരു രാജ്യം- ഒരു തിരഞ്ഞെടുപ്പ്' എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ തുടരേണ്ടതുണ്ട്. സംവാദങ്ങൾ നടക്കുമ്പോഴും ഇരുപക്ഷവും ഒന്നിച്ചിരുന്ന് ആലോചനകൾ നടത്തുമ്പോഴും മാത്രമേ മികച്ച പരിഹാരങ്ങൾ ഉരുത്തിരിയുകയുള്ളൂ. ഈ ചർച്ചകൾ നിലച്ചുപോകരുത്; അത് തടസ്സമില്ലാതെ മുന്നോട്ട് പോകണം. ജനാധിപത്യത്തിലെ ഏറ്റവും നല്ല മാർഗ്ഗവും ഇതു തന്നെയാണ്.**

*പ്രധാനമന്ത്രി* **നരേന്ദ്ര മോദി**

പലപ്പോഴും ആളുകൾ പുതിയ മണ്ഡലങ്ങളിൽ പേർ രജിസ്റ്റർ ചെയ്യാറുണ്ടെങ്കിലും പഴയ മണ്ഡലത്തിൽ നിന്നും അത് ഒഴിവാക്കാൻ മറന്നുപോകുന്നു. ഇത് പലപ്പോഴും ഒന്നിലധികം രജിസ്ട്രേഷനുകൾക്ക് കാരണമാകുന്നു. നിയമവിരുദ്ധമായ കുടിയേറ്റം ഇന്ന് വലിയൊരു പ്രശ്നമാണ്. അതിനാൽ തന്നെ ഒരു ജനാധിപത്യ രാജ്യത്ത് വോട്ടർ പട്ടിക പുതുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണ (SIR) പ്രക്രിയ രാജ്യത്തുടനീളം നടപ്പിലാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് നിയമപരവും ഭരണഘടനാപരവുമായ അവകാശമുണ്ടെന്ന് ഈയിടെ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

ഭരണഘടനാ നിർമ്മാണ സഭയിൽ ബാബാ സാഹേബ് അംബേദ്കർ പറഞ്ഞ വാക്കുകളാണ് ഇന്ത്യയിലെ തെരഞ്ഞെടുപ്പ് പരിഷ്കരണങ്ങളുടെയും SIR പ്രക്രിയയുടെയും അടിസ്ഥാനം. “രാഷ്ട്രീയത്തിൽ, ഒരു വ്യക്തി, ഒരു വോട്ട്, ഒരു മൂല്യം” എന്ന തത്വമാണ് ഞങ്ങൾ മുന്നോട്ട് വെക്കുന്നത് എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. ഇതാണ് ഇന്ന് തെരഞ്ഞെടുപ്പ് കമ്മീഷന്റെയും ചിന്താഗതി. ഒരു വ്യക്തിക്ക് ഒരു വോട്ട് മാത്രമേ ഉണ്ടാകാവൂ, ആ വോട്ടിന് തുല്യ മൂല്യവും ഉണ്ടായിരിക്കണം. ബാബാ സാഹേബിന്റെ അഭിപ്രായത്തിൽ, അയോഗ്യരായ വോട്ടർമാരുടെ പേരുകൾ പട്ടികയിൽ ഉണ്ടാകാൻ പാടില്ല, അതുപോലെ യോഗ്യരായവരുടെ പേരുകൾ ഒഴിവാക്കപ്പെടാനും പാടില്ല. ഇതാണ് ഇന്നത്തെ പ്രത്യേക ത്രീവ്ര വോട്ടർ പട്ടിക പരിഷ്കരണ (SIR) ക്യാമ്പയിന്റെ അടിസ്ഥാനം. ഈ പ്രക്രിയയിലൂടെ, അർഹരായ ഒരു വ്യക്തിയും വോട്ടർ പട്ടികയിൽ നിന്ന് പുറത്താകാനോ അവരുടെ വോട്ടവകാശം നിഷേധിക്കപ്പെടാനോ പാടില്ല. അതുപോലെ തന്നെ, അയോഗ്യരായ ആരും പട്ടികയിൽ ഉൾപ്പെടാനും പാടില്ല. ഇത് ഉറപ്പാക്കുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ കൃത്യമായ ഇടവേളകളിൽ SIR പ്രക്രിയ നടത്തുന്നു.

ഭരണഘടനാപരമായ ചട്ടക്കൂടിന് കീഴിൽ, അനുച്ഛേദം 324 പ്രകാരം വോട്ടർ പട്ടിക തയ്യാറാക്കാൻ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ബാധ്യസ്ഥമാണ്. ഭരണഘടനാ നിർമ്മാണ സഭ തന്നെയാണ് ഈ അധികാരം കമ്മീഷന് നൽകിയിരിക്കുന്നത്. അതിനർത്ഥം വിശ്വസനീയമായ വോട്ടർ പട്ടിക പരിപാലിക്കുക എന്നത് കമ്മീഷന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ് എന്നതാണ്.

## തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനത്തിനായുള്ള പുതിയ നിയമങ്ങൾ

സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനത്തിനായി പുതിയ നടപടിക്രമം നിലവിൽ വന്നു. പാർലമെന്റിന്റെ ഇരുസഭകളും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും മറ്റ് തെരഞ്ഞെടുപ്പ് കമ്മീഷണർമാരും (അപ്പോയിന്റ്മെന്റ്, കണ്ടീഷൻസ് ഓഫ് സർവീസ് ആൻഡ് ടേം ഓഫ് ഓഫീസ്) ആക്ട്, 2023 ഡിസംബറിൽ പാസാക്കി. ഈ നിയമം 1991-ലെ നിയമത്തിന് പകരമായാണ് നിലവിൽ വന്നത്.

പുതിയ നിയമപ്രകാരം, സെർച്ച് കമ്മിറ്റി പാനൽ തയ്യാറാക്കുന്ന പേരുകളിൽ നിന്ന് മൂന്നംഗ സമിതിയാണ് അന്തിമ തീരുമാനം എടുക്കുന്നത്. പ്രധാനമന്ത്രി, ഒരു കേന്ദ്രമന്ത്രി, പ്രതിപക്ഷ നേതാവ് (ഔദ്യോഗിക പ്രതിപക്ഷ നേതാവ് ഇല്ലെങ്കിൽ ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയുടെ നേതാവ്) എന്നിവരടങ്ങുന്നതാണ് ഈ സമിതി. ഈ സമിതി നിശ്ചയിക്കുന്ന പേര് രാഷ്ട്രപതിയുടെ അംഗീകാരത്തിന് ശേഷം നിയമന നടപടികളിലേക്ക് നീങ്ങും. പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ്, ഗവൺമെന്റിന്റെ ശുപാർശ പ്രകാരം രാഷ്ട്രപതിയായിരുന്നു തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിച്ചിരുന്നത്. മുതിർന്ന കമ്മീഷണറെ ചീഫ് ഇലക്ഷൻ കമ്മീഷണറായി നിയമിക്കുന്നതായിരുന്നു അന്നത്തെ രീതി.






## ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിന്റെ പരിണാമം

- 1947-ൽ, സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ജനപ്രാതിനിധ്യ ഗവണ്മെന്റിനെ തെരഞ്ഞെടുക്കുന്നതിനായി പൊതുതെരഞ്ഞെടുപ്പ് ആസൂത്രണം ചെയ്യുകയും നടത്തുകയും ചെയ്യുക എന്നത് ഏറ്റവും പ്രധാനപ്പെട്ട മുൻഗണനകളിൽ ഒന്നായിരുന്നു.
- ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി മാറുന്നതിന് ഒരു ദിവസം മുമ്പ്, 1950 ജനുവരി 25-നാണ് ഔദ്യോഗികമായി തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചത്.
- കാലാകാലങ്ങളിൽ ആവശ്യകതകൾക്കനുസരിച്ച് തെരഞ്ഞെടുപ്പ് കമ്മീഷനെ ഏകാംഗ സമിതിയോ ബഹുഅംഗ സമിതിയോ ആയി നിലനിർത്താൻ ഭരണഘടന അധികാരം നൽകുന്നുണ്ട്. 1950 മാർച്ച് 21-നാണ് ആദ്യത്തെ ചീഫ് ഇലക്ഷൻ കമ്മീഷണറെ നിയമിച്ചത്. നിലവിൽ കമ്മീഷനിൽ മൂന്ന് അംഗങ്ങളാണുള്ളത്; ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാറും, ഇലക്ഷൻ കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധുവും ഡോ. വിവേക് ജോഷിയും.



| | |
|---|---|
| **1950** | **തെരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗികമായി രൂപീകരിച്ചു.** |
| **1989** | **1989 ഒക്ടോബർ 16-ന്, തെരഞ്ഞെടുപ്പ് കമ്മീഷനെ മൂന്നംഗ സമിതിയാക്കി മാറ്റി.** |
| **1990** | **1990 ജനുവരി 1-ന്, തെരഞ്ഞെടുപ്പ് കമ്മീഷനെ വീണ്ടും ഏകാംഗ സമിതിയായി മാറ്റി.** |
| **1993** | **1993 ഒക്ടോബർ 1-ന്, തെരഞ്ഞെടുപ്പ് കമ്മീഷനെ വീണ്ടും ഒരു മൂന്നംഗ സമിതിയാക്കി മാറ്റി.** |

ഈ ആർട്ടിക്കിൾ പ്രകാരം, വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനും അവ മേൽനോട്ടം വഹിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമാണ്. 1950-ലെ ജനപ്രാതിനിധ്യ നിയമവും, 1960-ലെ ഇലക്ടർ രജിസ്ട്രേഷൻ ചട്ടങ്ങളും ഈ ഭരണഘടനാ സ്ഥാപനത്തിന് കൂടുതൽ അധികാരം നൽകുന്നു. കൂടാതെ, ഒരു നിശ്ചിത തീയതിയിൽ 18 വയസ്സ് പൂർത്തിയാക്കിയതും നിയമപരമായ മറ്റ് അയോഗ്യതകൾ ഇല്ലാത്തതുമായ ഏതൊരു ഇന്ത്യൻ പൗരനും വോട്ടറായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടെന്ന് ആർട്ടിക്കിൾ 326 അനുശാസിക്കുന്നു.


### തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ കാലാവധി 6 വർഷമാണ്

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കും മറ്റ് രണ്ട് തെരഞ്ഞെടുപ്പ് കമ്മീഷണർമാർക്കും സുപ്രീം കോടതി ജഡ്ജിക്ക് തുല്യമായ ശമ്പളവും ആനുകൂല്യങ്ങളുമാണ് നൽകുന്നത്. തീരുമാനങ്ങൾ എടുക്കുന്നതിൽ മൂന്ന് കമ്മീഷണർമാർക്കും തുല്യ അധികാരമാണുള്ളത്. ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ ഭൂരിപക്ഷാടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറുടെയും മറ്റ് രണ്ട് തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും കാലാവധി 6 വർഷം അല്ലെങ്കിൽ 65 വയസ്സ് (ഇതിൽ ഏതാണോ ആദ്യം വരുന്നത് അത്) ആകുന്നു.

### തെരഞ്ഞെടുപ്പ് കൗതുകങ്ങൾ

#### സ്ത്രീകൾ അവരുടെ പേരുകൾ വെളിപ്പെടുത്താൻ വിസമ്മതിച്ചു

രാജ്യത്ത് ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതിനിധികൾ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഗ്രാമങ്ങൾ തോറും സഞ്ചരിച്ചു. ഗ്രാമങ്ങൾ സന്ദർശിക്കുന്ന വേളയിൽ, അപരിചിതരായ ഉദ്യോഗസ്ഥരോട് തങ്ങളുടെ പേരുകൾ വെളിപ്പെടുത്താൻ വിസമ്മതിക്കുന്ന ധാരാളം സ്ത്രീകളെ അവർക്ക് കാണേണ്ടിവന്നു. അവരുടെ പേരിന് പകരം, ആരുടെയെങ്കിലും ഭാര്യയെന്നോ, അമ്മയെന്നോ, മകളെന്നോ, സഹോദരിയെന്നോ അല്ലെങ്കിൽ വിധവയെന്നോ ഉള്ള രീതിയിലാണ് ഈ സ്ത്രീകൾ സ്വയം പരിചയപ്പെടുത്തിയത്. ഇതിന്റെ ഫലമായി, ആദ്യ പൊതു തെരഞ്ഞെടുപ്പിൽ 28 ലക്ഷം പേരുകളാണ് വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെട്ടത്.



*രാജ്യത്ത് നടന്ന ആദ്യ ലോക്സഭാ തിരഞ്ഞെടുപ്പിൽ 17.32 കോടി വോട്ടർമാരാണുണ്ടായിരുന്നത്, 2024-ലെ തെരഞ്ഞെടുപ്പിൽ ഈ സംഖ്യ 97 കോടി പിന്നിട്ടിരിക്കുന്നു. വോട്ടർമാരുടെ എണ്ണത്തിലുണ്ടായ അഞ്ചിരട്ടിയിലധികം വർധന കൈകാര്യം ചെയ്യുന്ന കാര്യം ഇവിഎമ്മുകളും വിവിപാറ്റുകളും ഇല്ലാതെ സാധ്യമാകുമായിരുന്നില്ല.*

കൂടാതെ, 16, 19 വകുപ്പുകളും 1950 ലെ ജനപ്രാതിനിധ്യ നിയമവും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം, മാനസികാരോഗ്യമുള്ളയാളായിരിക്കണം, നിശ്ചിത തീയതിയിൽ 18 വയസ്സ് പൂർത്തിയാക്കിയിരിക്കണം, കൂടാതെ ബന്ധപ്പെട്ട മണ്ഡലത്തിലെ താമസക്കാരനായിരിക്കണം എന്നിവയാണ് ഈ മാനദണ്ഡങ്ങൾ. അർഹരായ പൗരന്മാർ മാത്രം വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക എന്നത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. വോട്ടർ പട്ടികയുടെ കൃത്യതയും വിശ്വാസ്യതയും നിലനിർത്തുന്നതിനും സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. വോട്ടർ പട്ടികയിൽ നിന്ന് അയോഗ്യരായ വോട്ടർമാരെയും ഇരട്ടിപ്പുകളും നീക്കം ചെയ്യുന്നത് സുതാര്യത ഉറപ്പാക്കുകയും അതുവഴി ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

1960-ലെ ഇലക്ടർ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 21-ാം വകുപ്പ് പ്രകാരം, തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം ഓരോ മണ്ഡലത്തിലെയും വോട്ടർ പട്ടിക 'സ്പെഷ്യൽ ഇന്റൻസീവ് റിവിഷനോ' (SIR) 'സമ്മറി റിവിഷനോ' വിധേയമാക്കേണ്ടതുണ്ട്. വർഷത്തിൽ നാല് തവണ ഇത്തരത്തിൽ പുതുക്കലുകൾ നടത്തുകയും അതനുസരിച്ച് വോട്ടർ പട്ടിക ഭേദഗതി ചെയ്യുകയും ചെയ്യുന്നു. വോട്ടർ പട്ടികയിൽ സമഗ്രമായ പരിഷ്കരണം നടത്തുന്നതിന് ഭരണഘടന തിരഞ്ഞെടുപ്പ് കമ്മീഷന് പൂർണ്ണ അധികാരം നൽകുന്നുണ്ട്. രാജ്യത്ത് ആദ്യമായല്ല ഇത്തരത്തിൽ സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ (SIR) നടത്തുന്നത്; ഇതിനുമുമ്പ് പലതവണ ഇത് നടപ്പിലാക്കിയിട്ടുണ്ട്. സമ്മറി റിവിഷൻ എന്നത് ഒരു പതിവ് പുതുക്കൽ പ്രക്രിയയാണെങ്കിൽ, സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ എന്നത് വളരെ സമഗ്രമായ ഒന്നാണ്. SIR-ൽ ബൂത്ത് ലെവൽ ഓഫീസർമാർ വീടുതോറും കയറി വിവരശേഖരണം നടത്തുന്നു.

രാജ്യത്തെ ആദ്യ പൊതുതെരഞ്ഞെടുപ്പ് 1952-ലാണ് നടന്നത്, അതേ വർഷം തന്നെ ആദ്യത്തെ സ്പെഷ്യൽ ഇന്റൻസീവ് റിവിഷനും നടന്നു. രണ്ടാമത്തേത് 1957-ലും മൂന്നാമത്തേത് 1961-ലും, തുടർന്ന് 1965-66 കാലയളവിലും നടന്നു. പിന്നീട് 1983-84, 1987-89, 1992, 1993, 1995 വർഷങ്ങളിലും ഇവ നടപ്പിലാക്കുകയുണ്ടായി. അതിനുശേഷം 2002-ലും 2003-ലും പരിഷ്കണം നടന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി പ്രത്യേക ത്രീവ്ര പരിഷ്കരണം നടന്നിട്ടില്ല. അതിനാൽ, 2004-ന് ശേഷമുള്ള നീണ്ട ഇടവേളയ്ക്ക് ശേഷം ഏറ്റവും പുതിയ SIR 2025-26 കാലയളവിൽ നടക്കുകയാണ്.

## ശ്യാം ശരൺ നേഗി



## സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വോട്ടർ

സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വോട്ടറായ ശ്യാം ശരൺ നേഗി, 70 വർഷത്തിലധികം തുടർച്ചയായി വോട്ട് ചെയ്യുകയും തന്റെ അവസാന നാളുകളിൽ പോലും ആ കടമ നിറവേറ്റുകയും ചെയ്തു. 2022 നവംബർ 2-ന് തപാൽ വോട്ട് വഴിയാണ് അദ്ദേഹം അവസാനമായി സമ്മതിദാനാവകാശം വിനിയോഗിച്ചത്. ആകെ 34 തവണ അദ്ദേഹം വോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ഹിമാചൽ പ്രദേശിലെ കിന്നൗറിലുള്ള കൽപ്പ എന്ന തന്റെ പൂർവ്വിക ഗ്രാമത്തിൽ 2022 നവംബർ 5-ന് 106-ാം വയസ്സിൽ ശ്യാം ശരൺ നേഗി അന്തരിച്ചു.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ തുടർച്ചയായ പരിഷ്കരണ നടപടികൾക്കൊപ്പം, കമ്മീഷന്റെ സ്ഥാപക ദിനത്തിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും ജനുവരി 25-ന് ദേശീയ സമ്മിതിദായക ദിനം ആഘോഷിക്കുന്നുവെന്ന് കേന്ദ്ര നിയമ-നീതിന്യായ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ പറഞ്ഞു. ഈ ദിവസം രാജ്യത്തെ രാഷ്ട്രീയ പാർട്ടികളെയും വിദേശ പ്രതിനിധികളെയും ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു പരിപാടി സംഘടിപ്പിക്കാറുണ്ട്. ഇത്തരം ചടങ്ങുകളിൽ പങ്കെടുക്കുന്ന വിദേശ പ്രതിനിധികൾ ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷനെയും, തെരഞ്ഞെടുപ്പ് രീതിയെയും, വോട്ടെടുപ്പ് നടത്തുന്ന രീതിയെയും നിരന്തരം പ്രശംസിച്ചിട്ടുണ്ട്.

# തെരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

***ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും, വോട്ടർമാരുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും, തെരഞ്ഞെടുപ്പ് പ്രക്രിയയിൽ സുതാര്യത ഉറപ്പാക്കുന്നതിനുമായി അടുത്തകാലത്തായി തെരഞ്ഞെടുപ്പ് കമ്മീഷൻ മുപ്പതിലധികം സ്ഥാപനപരവും ഭരണപരവും സാങ്കേതികവുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.***

- അർഹരായ ഒരു വോട്ടർ പോലും പുറത്താക്കപ്പെടുന്നില്ലെന്നും അയോഗ്യരായ ആരും വോട്ടർ പട്ടികയിൽ ഉൾപ്പെടുന്നില്ലെന്നും ഉറപ്പാക്കാൻ രണ്ട് പതിറ്റാണ്ടിന് ശേഷം ബീഹാറിൽ പ്രത്യേക തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണം നടത്തി.
- വോട്ടർ സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ഡിജിറ്റലൈസ് ചെയ്തു. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ഇപ്പോൾ വോട്ടർമാർക്ക് ഓൺലൈനായി അപേക്ഷിക്കാം. ഇത് നടപടിക്രമങ്ങൾ എളുപ്പമാക്കുകയും സമയം ലാഭിക്കുകയും ചെയ്യുന്നു.
- പതിനെട്ടാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ആദ്യമായി 85 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും ഭിന്നശേഷിക്കാർക്കും വീട്ടിലിരുന്ന് വോട്ട് ചെയ്യാനുള്ള സൗകര്യം ഒരുക്കി. ഇതിനായി പോളിംഗ് ഉദ്യോഗസ്ഥർ ബാലറ്റ് പെട്ടികളുമായി വോട്ടർമാരുടെ വീടുകളിലെത്തി.
- സാധാരണയായി ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിലെ വോട്ടെണ്ണൽ തുടങ്ങുന്നതിന് മുമ്പ് തപാൽ വോട്ടെണ്ണൽ പൂർത്തിയാക്കാറുണ്ട്. എന്നാൽ ഇപ്പോൾ, തപാൽ വോട്ടുകൾ എണ്ണുന്ന കേന്ദ്രങ്ങളിൽ അവയുടെ വോട്ടെണ്ണൽ പൂർത്തിയായ ശേഷം മാത്രമേ ഇവിഎം/വിവിപാറ്റ് വോട്ടെണ്ണലിന്റെ അവസാനത്തിന് തൊട്ടുമുമ്പുള്ള റൗണ്ട് ആരംഭിക്കാവൂ എന്ന് കമ്മീഷൻ തീരുമാനിച്ചു.
- വോട്ടെടുപ്പ് ദിവസം വോട്ടർമാരുടെ സൗകര്യം കണക്കിലെടുത്ത് പോളിംഗ് സ്റ്റേഷനുകളിൽ മൊബൈൽ ഫോൺ സൂക്ഷിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. തിരക്ക് കുറയ്ക്കുന്നതിനായി ഒരു പോളിംഗ് സ്റ്റേഷനിൽ പരമാവധി 1,200 വോട്ടർമാർ എന്ന് നിജപ്പെടുത്തി.
- ഒന്നിലധികം വ്യക്തികൾക്ക് ഒരേ തിരിച്ചറിയൽ കാർഡ് നമ്പർ (EPIC number) ലഭിക്കുന്ന പ്രശ്നം പരിഹരിച്ചു.
- വോട്ടറുടെ സീരിയൽ നമ്പറും പാർട്ട് നമ്പറും കൂടുതൽ വ്യക്തമായി കാണുന്ന രീതിയിൽ വോട്ടർ ഇൻഫർമേഷൻ സ്ലിപ്പിന്റെ രൂപകൽപ്പനയിൽ മാറ്റം വരുത്തി. സ്ഥാനാർത്ഥികളെ തിരിച്ചറിയുന്നതിനായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ അവരുടെ കളർ ഫോട്ടോകൾ പതിപ്പിച്ചു.
- അത്യാവശ്യ രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ട 808 രാഷ്ട്രീയ പാർട്ടികളെ രണ്ട് ഘട്ടങ്ങളിലായി പട്ടികയിൽ നിന്ന് നീക്കം ചെയ്തു.
- ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുകൾ നൽകി. ബി.എൽ.ഒമാരുടെ പ്രതിഫലം ഇരട്ടിയാക്കി. കൂടാതെ ബി.എൽ.ഒ സൂപ്പർവൈസർമാർ, പോളിംഗ്/കൗണ്ടിംഗ് ഉദ്യോഗസ്ഥർ, സി.എ.പി.എഫ്, നിരീക്ഷണ സംഘങ്ങൾ, മൈക്രോ ഒബ്സർവർമാർ എന്നിവരുടെ പ്രതിഫലവും വർധിപ്പിച്ചു.

***തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപക ദിനത്തിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും ജനുവരി 25-ന് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നു. ഈ ദിവസം രാജ്യത്തെ രാഷ്ട്രീയ പാർട്ടികളെയും വിദേശ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു പരിപാടി സംഘടിപ്പിക്കാറുണ്ട്. ഇത്തരം ചടങ്ങുകളിൽ, പ്രത്യേകിച്ച് വിദേശ പ്രതിനിധികൾ, ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷനെയും അതിന്റെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തെയും വോട്ടെടുപ്പ് നടത്തുന്ന രീതിയെയും നിരന്തരം പ്രശംസിക്കാറുണ്ട്.***

## തെരഞ്ഞെടുപ്പ് കൗതുകങ്ങൾ

### 1952-ൽ ബാലറ്റ് പെട്ടികൾ പൂക്കൾ കൊണ്ട് അലങ്കരിച്ചതായി കണ്ടു.

1952-ൽ ഇന്ത്യയിൽ ആദ്യ പൊതുതെരഞ്ഞെടുപ്പ് നടന്നപ്പോൾ, ബാലറ്റ് പേപ്പറുകൾ ഉപയോഗിച്ചുള്ള വോട്ടെടുപ്പിന് ശേഷം ചില ബാലറ്റ് പെട്ടികൾ പൂക്കൾ കൊണ്ട് അലങ്കരിച്ച നിലയിലും സിന്ദൂരം ചാർത്തിയ നിലയിലും കാണപ്പെട്ടു. അക്കാലത്ത് ജനങ്ങൾ ബാലറ്റ് പെട്ടികളെയോ ബാലറ്റ് പേപ്പറുകളെയോ ആരാധനാ വസ്തുക്കളായി കണ്ടിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. കൂടാതെ, പല പെട്ടികളിലും ബാലറ്റ് പേപ്പറുകൾക്ക് പുറമെ സ്ഥാനാർത്ഥികൾക്ക് വിജയാശംസകൾ നേർന്നുകൊണ്ടുള്ള കുറിപ്പുകൾ, സിനിമാ താരങ്ങളുടെ ചിത്രങ്ങൾ, നാണയങ്ങൾ, കറൻസി നോട്ടുകൾ തുടങ്ങിയ വിവിധ വസ്തുക്കളും കണ്ടെത്തിയിരുന്നു.



# ജനാധിപത്യത്തിന്റെ ഉത്സവത്തിൽ സുതാര്യത വർദ്ധിപ്പിക്കാൻ സാങ്കേതികവിദ്യ

***വോട്ടർമാരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും തെരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കുന്നതിനുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ നിരവധി സാങ്കേതിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് വോട്ടിംഗ് പ്രക്രിയ കൂടുതൽ എളുപ്പമുള്ളതും സുരക്ഷിതവും വിശ്വസനീയവുമാക്കുന്നു...***



- ജനപങ്കാളിത്തവും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ ഐടി ആപ്ലിക്കേഷനുകളുടെ ഉപയോഗം വർദ്ധിപ്പിച്ചു.

- തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം ഇവിഎമ്മുകളിലെ മെമ്മറിയും മൈക്രോകൺട്രോളറും പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി പ്രത്യേക സാങ്കേതിക-ഭരണപരമായ മാനദണ്ഡങ്ങൾ (SOPs) തയ്യാറാക്കിയിട്ടുണ്ട്.



- മണ്ഡലം തലത്തിലുള്ള തെരഞ്ഞെടുപ്പ് വിവരങ്ങൾ വേഗത്തിൽ പങ്കുവെക്കുന്നതിനായി ഇൻഡക്സ് കാർഡുകളും സ്ഥിതിവിവരക്കണക്കുകൾ അടങ്ങിയ റിപ്പോർട്ടുകളും തയ്യാറാക്കുന്ന പ്രക്രിയ ലളിതമാക്കി.

- **ECINET പ്ലാറ്റ്ഫോം:** വോട്ടർമാർക്കും മറ്റ് ബന്ധപ്പെട്ടവർക്കുമായി 40-ലധികം ആപ്പുകളെയും വെബ്സൈറ്റുകളെയും ബന്ധിപ്പിച്ചുകൊണ്ട് ECINET എന്ന പേരിൽ ഒരു സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിച്ചു.




- വോട്ടിംഗ് പ്രക്രിയ തുടർച്ചയായി നിരീക്ഷിക്കുന്നതിനായി എല്ലാ പോളിംഗ് സ്റ്റേഷനുകളിലും 100% വെബ്കാസ്റ്റിംഗ് സൗകര്യം ഏർപ്പെടുത്തി.

- ഫോം 17 സിയും ഇവിഎം ഡാറ്റയും തമ്മിൽ പൊരുത്തക്കേട് ഉണ്ടാകുന്ന എല്ലാ സാഹചര്യങ്ങളിലും വിവിപാറ്റ് എണ്ണുന്നത് ഉറപ്പാക്കും.

- വോട്ടർ പട്ടികയിലുള്ളവരുടെ മരണം സംബന്ധിച്ച വിവരങ്ങൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമയബന്ധിതമായി ലഭിക്കുന്നതിനായി മരണ രജിസ്ട്രേഷൻ വിവരങ്ങൾ സംയോജിപ്പിച്ചു.

- വോട്ടർ പട്ടിക പുതുക്കി 15 ദിവസത്തിനുള്ളിൽ തിരിച്ചറിയൽ കാർഡുകളുടെ വിതരണം ഉറപ്പാക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നടപ്പിലാക്കി. ഇതിന്റെ ഓരോ ഘട്ടത്തിലും വോട്ടർക്ക് എസ്എംഎസ് അറിയിപ്പുകൾ ലഭിക്കുന്നതാണ്.

**മാതൃകാ പെരുമാറ്റച്ചട്ട ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സി-വിജിൽ ആപ്ലിക്കേഷൻ**




സുവിധ പോർട്ടൽ: സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ഓൺലൈൻ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനും അനുമതികൾ വാങ്ങുന്നതിനുമായി ഈ പോർട്ടൽ വിവിധ സൗകര്യങ്ങൾ നൽകുന്നു:

- സ്ഥാനാർത്ഥികൾക്ക് സത്യവാങ്മൂലങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.




- **കാൻഡിഡേറ്റ് പെർമിഷൻ മോഡ്യൂൾ:** സുവിധ പോർട്ടലിലെ പെർമിഷൻ മോഡ്യൂൾ വഴി സ്ഥാനാർത്ഥികൾക്കോ രാഷ്ട്രീയ പാർട്ടികൾക്കോ സ്ഥാനാർ/ഹത്ഥിയുടെ പ്രതിനിധികൾക്കോ പൊതുയോഗങ്ങൾ, റാലികൾ, ഉച്ചഭാഷിണികൾ, താൽക്കാലിക ഓഫീസുകൾ എന്നിവയ്ക്കുള്ള അനുമതിക്കായി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

- സ്ഥാനാർത്ഥികളുടെ ക്രിമിനൽ പശ്ചാത്തലത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ 'നോ യുവർ കാൻഡിഡേറ്റ്' എന്ന ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്.



- **വോട്ടർ സർവീസ് പോർട്ടൽ:** പൗരന്മാർക്ക് https://voters.eci.gov.in/ എന്ന വെബ്സൈറ്റിലൂടെ വോട്ടർ പട്ടിക പരിശോധിക്കാനും പുതിയ വോട്ടർ ഐഡി കാർഡിന് അപേക്ഷിക്കാനും നിലവിലുള്ള കാർഡിലെ തിരുത്തലുകൾക്കായി ഓൺലൈനായി അപേക്ഷിക്കാനും സാധിക്കും. കൂടാതെ, ബ്ലോക്ക് ലെവൽ ഓഫീസറുടെയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെയും നമ്പറുകളും ഇതിലൂടെ കണ്ടെത്താം. വോട്ടർ ഹെൽപ്പ്ലൈൻ മൊബൈൽ ആപ്പ് വഴിയും സമാനമായ സേവനങ്ങൾ ലഭ്യമാണ്.





- **സക്ഷം ആപ്ലിക്കേഷൻ:** ഭിന്നശേഷിയുള്ള വോട്ടർമാർക്ക് വേണ്ടിയുള്ള പ്രത്യേക ആപ്പാണ് സക്ഷം. (ഇതിലൂടെ അവർക്ക് വോട്ടർ രജിസ്ട്രേഷൻ, വീൽചെയർ സൗകര്യം തുടങ്ങിയവയ്ക്കായി അപേക്ഷിക്കാം).

- **നാഷണൽ ഗ്രീവൻസ് സർവീസ് പോർട്ടൽ (NGSP):** ഇത് ദേശീയ തലത്തിലുള്ള പരാതി പരിഹാര പോർട്ടലാണ്. പൗരന്മാർക്ക് https://voters.eci.gov.in എന്ന ലിങ്ക് വഴി ഈ സേവനം പ്രയോജനപ്പെടുത്താം.



- **ഇന്റഗ്രേറ്റഡ് ഇലക്ഷൻ എക്സ്പെൻഡിച്ചർ മോണിറ്ററിംഗ് സിസ്റ്റം (IEMS):** രാഷ്ട്രീയ പാർട്ടികൾക്ക് അവരുടെ സംഭാവന റിപ്പോർട്ടുകൾ, വാർഷിക ഓഡിറ്റ് അക്കൗണ്ടുകൾ, തിരഞ്ഞെടുപ്പ് ചെലവ് വിവരങ്ങൾ എന്നിവ ഓൺലൈനായി സമർപ്പിക്കാൻ സഹായിക്കുന്ന ലളിതവും സുരക്ഷിതവുമായ ഒരു പ്ലാറ്റ്ഫോമാണിത്.



- ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്തവരുടെ എണ്ണം രേഖപ്പെടുത്തുന്നതിനായി സർട്ടിഫൈഡ് ടേണൗട്ട് ഓഫീസർമാർ വോട്ടർ ടേണൗട്ട് ആപ്പ് ഉപയോഗിക്കുന്നു.
- വോട്ടെണ്ണലുമായി ബന്ധപ്പെട്ട് റിട്ടേണിംഗ് ഓഫീസർമാർ രേഖപ്പെടുത്തുന്ന വിവരങ്ങളും തെരഞ്ഞെടുപ്പ് ഫലങ്ങളുടെ ട്രെൻഡുകളും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഫലപ്രഖ്യാപന വെബ്സൈറ്റിൽ ലഭ്യമാണ്.

## തെരഞ്ഞെടുപ്പ് കൗതുകങ്ങൾ

### സിയാച്ചിൻ ഹിമാനി കൊടുമുടിയിൽ അഞ്ച് വോട്ടർമാർക്ക് മാത്രമായി ഒരു പോളിംഗ് സ്റ്റേഷൻ

ലഡാക്കിലെ വിദൂര മേഖലയായ വാർഷിയിൽ, സിയാച്ചിൻ ബേസ് ക്യാമ്പിൽ നിന്ന് വെറും 17 കിലോമീറ്റർ മാത്രം അകലെ ഒരു കുടുംബത്തിലെ 5 വോട്ടർമാർക്ക് മാത്രമായി ഒരു പോളിംഗ് സ്റ്റേഷൻ സജ്ജീകരിച്ചു. സിയാച്ചിനിലെ ഉയർന്ന കൊടുമുടികളിലെ ഔട്ട്പോസ്റ്റുകൾക്ക് മുമ്പുള്ള അവസാന ഗ്രാമമാണിത്. വോട്ടർമാരുടെ വീടല്ലാതെ മറ്റ് സ്ഥിരം കെട്ടിടങ്ങളൊന്നും അവിടെ ഇല്ലാത്തതിനാൽ, ഒരു ടെന്റിനുള്ളിലാണ് പോളിംഗ് സ്റ്റേഷൻ ഒരുക്കിയത്.



**ഭാരതത്തിന്റെ ഭാവിയ്ക്കുവേണ്ടി നിങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങൾ ഓരോന്നും ആ കാലയളവിൽ രാജ്യം ഭരിക്കുന്നവരെ ആശ്രയിച്ചിരിക്കും. അതിനാൽ, ശരിയായ വ്യക്തികളെ തിരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്തം യുവ വോട്ടർമാരായ നിങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇന്ത്യയുടെ ഉജ്ജ്വലമായ ഭാവി ഉറപ്പാക്കാൻ നിങ്ങൾ വോട്ട് ചെയ്യേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് ഓർക്കുക, നിങ്ങളുടെ ഓരോ വോട്ടും രാജ്യവികസനത്തിന്റെ ദിശയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.**

- *പ്രധാനമന്ത്രി* നരേന്ദ്ര മോദി

## തെരഞ്ഞെടുപ്പ് പ്രക്രിയ

### വിവിധതലങ്ങളിലുള്ള പരിശോധനയിലൂടെ ഇവിഎമ്മുകളും വിവിപാറ്റുകളും തെരഞ്ഞെടുപ്പ് പ്രക്രിയ ലളിതമാക്കി

***ഇപ്പോൾ എല്ലാ പോളിംഗ് സ്റ്റേഷനുകളിലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും, വോട്ടർ വെരിഫൈബിൾ പേപ്പർ ഓഡിറ്റ് ട്രയലുകളും (VVPAT) ഉപയോഗിക്കുന്നുണ്ട്. ഏത് ഇവിഎം, വിവിപാറ്റ് മെഷീൻ എവിടെ ഉപയോഗിക്കണം എന്ന് നിശ്ചയിക്കുന്നതിന് കൃത്യമായ ഒരു നടപടിക്രമമുണ്ട്; അവ റാൻഡം ആയാണ് അലോട്ട് ചെയ്യുന്നത്. ഇവിഎമ്മുകളിൽ ചിഹ്നങ്ങൾ പതിപ്പിച്ചതിനുശേഷം, അഞ്ച് ശതമാനം മെഷീനുകളിൽ 1000 വോട്ടുകൾ ഉൾപ്പെടുത്തി ഒരു മോക്ക് പോൾ നടത്തുന്നു. സ്ഥാനാർത്ഥികൾക്കോ അവരുടെ പ്രതിനിധികൾക്കോ ഇത് നിരീക്ഷിക്കാനുള്ള അവകാശമുണ്ട്.***



**തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിക്കുന്നതിനുള്ള നിയമം ആദ്യമായി നടപ്പിലാക്കി**

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറുടെയും മറ്റ് തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും നിയമനം, സേവന വ്യവസ്ഥകൾ, കാലാവധി എന്നിവ സംബന്ധിച്ച ബിൽ 2023 മാർച്ച് 2-ന് പാസാക്കി. ഇതിനുമുമ്പ് ഇത്തരമൊരു നിയമം നിലവിലുണ്ടായിരുന്നില്ല; നിലവിലുണ്ടായിരുന്ന കീഴ്വഴക്കം അനുസരിച്ചായിരുന്നു നിയമനങ്ങൾ നടത്തിയിരുന്നത്. സുപ്രീം കോടതി ഈ വിഷയത്തിലേക്ക് ശ്രദ്ധക്ഷണിച്ചതിനെത്തുടർന്നാണ് പാർലമെന്റ് നിയമം നിർമ്മിച്ചത്. കഴിഞ്ഞ 73 വർഷമായി രാജ്യത്ത് തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനം നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമമൊന്നും ഉണ്ടായിരുന്നില്ല.

1950 മുതൽ 1979 വരെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഏകാംഗ സമിതിയായിരുന്നു. പ്രധാനമന്ത്രി നേരിട്ടായിരുന്നു നിയമനങ്ങൾ നടത്തിയിരുന്നത്. പിന്നീട് തെരഞ്ഞെടുപ്പ് കമ്മീഷനെ ഒരു ബഹുഅംഗ സമിതിയാക്കി മാറ്റി. ചുരുക്കത്തിൽ, 1950 മുതൽ 2023 വരെ തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനത്തിന് ഒരു നിയമവും ഉണ്ടായിരുന്നില്ല. 2023-ൽ അനൂപ് ബരൺവാൾ വേഴ്സസ് യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസ് സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വന്നു. ഈ കേസിൽ, തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനം കൂടുതൽ സുതാര്യമായിരിക്കണമെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. ഇതൊരു നിർദ്ദേശമായിരുന്നു, ഉത്തരവായിരുന്നില്ല. ഇത് അംഗീകരിച്ച ഗവണ്മെന്റ് എല്ലാ പങ്കാളികളുമായും കൂടിയാലോചനകൾ നടത്തേണ്ടതുണ്ടെന്നും അതിന് കുറച്ച് സമയം എടുക്കുമെന്നും വ്യക്തമാക്കി.

തുടർന്ന്, നിയമം നിർമ്മിക്കുന്നത് വരെ പ്രധാനമന്ത്രി, സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചു. കേന്ദ്ര ഗവണ്മെന്റ് ഇത് അംഗീകരിച്ചു. പിന്നീട് 2023-ൽ പാർലമെന്റ് ഒരു നിയമം പാസാക്കി; ഇതനുസരിച്ച് പ്രതിപക്ഷ നേതാവ്, പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന ഒരു കേന്ദ്രമന്ത്രി, പ്രധാനമന്ത്രി എന്നിവരടങ്ങുന്ന സമിതി ചർച്ച ചെയ്ത് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെയും മറ്റ് കമ്മീഷണർമാരെയും നിയമിക്കും.

## 1989ൽ ഇവിഎമ്മുകളുമായി ബന്ധപ്പെട്ട നിയമത്തിൽ മാറ്റംവരുത്തി

**1982**

1982-ൽ കേരളത്തിലെ പറവൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിലാണ് ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ (EVMs) ഉപയോഗിച്ചത്. എന്നാൽ ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കുന്നതിന് അന്ന് നിയമസാധുത ഇല്ലാതിരുന്നതിനാൽ, സുപ്രീം കോടതി ആ തെരഞ്ഞെടുപ്പ് റദ്ദാക്കുകയും ചെയ്തു. ഇതിനെത്തുടർന്ന്, ആവശ്യമായ നിയമഭേദഗതികൾ വരുത്തുന്നതുവരെ, അതായത് 1989 വരെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞില്ല.

**1989**

1989 മാർച്ച് 15-ന് അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവണ്മെന്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ (EVMs) അവതരിപ്പിക്കുന്നതിനായി നിയമം ഭേദഗതി ചെയ്തു. തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കുന്നതിന് ആവശ്യമായ നിയമസാധുത നൽകാനാണ് ജനപ്രാതിനിധ്യ നിയമത്തിൽ മാറ്റം വരുത്തിയത്.

**1998**

1998-ൽ മധ്യപ്രദേശ്, രാജസ്ഥാൻ, ഡൽഹി എന്നിവിടങ്ങളിലെ വെറും 16 നിയമസഭാ മണ്ഡലങ്ങളിൽ മാത്രമാണ് പരീക്ഷണാടിസ്ഥാനത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിച്ചത്. 1989-ലെ നിയമഭേദഗതിക്ക് ശേഷം അവ വ്യാപകമായി നടപ്പിലാക്കുന്നതിന്റെ മുന്നോടിയായുള്ള ഒരു പ്രധാന ചുവടുവെപ്പായിരുന്നു ഇത്.

**2002**

2002-ൽ ഇവിഎമ്മുകൾക്കെതിരെ ഒരു ഹർജി ഫയലിൽ സ്വീകരിച്ച സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് ഇവിഎമ്മുകളുമായി ബന്ധപ്പെട്ട നിയമഭേദഗതികൾ ശരിവെച്ചു. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയമസാധുത കോടതി ഇതിലൂടെ ആവർത്തിച്ച് ഉറപ്പിച്ചു.

**2004**

2004-ൽ ആദ്യമായി രാജ്യം മുഴുവൻ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിച്ചു. അതിനുശേഷം ഇന്നുവരെയുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ഇവ ഉപയോഗിച്ചുവരുന്നു.






### ഇന്ത്യ: ജനാധിപത്യ പ്രക്രിയയുടെ വഴികാട്ടി

ഇന്ത്യൻ ജനാധിപത്യത്തിന്റെ വിശാലതയും വൈവിധ്യവും അഭിമാനകരമായ ഒന്നാണ്. ജനാധിപത്യത്തിന്റെ ഈ മഹത്തായ യാത്രയിൽ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇതുവരെ 18 പൊതുതെരഞ്ഞെടുപ്പുകളും നാനൂറിലധികം നിയമസഭാ തെരഞ്ഞെടുപ്പുകളും കമ്മീഷൻ വിജയകരമായി നടത്തിക്കഴിഞ്ഞു. 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി പത്തുലക്ഷത്തിലധികം പോളിംഗ് സ്റ്റേഷനുകളാണ് സജ്ജീകരിച്ചത്. സുരക്ഷാ ഉദ്യോഗസ്ഥരും പോളിംഗ് ഓഫീസർമാരും മറ്റ് ജീവനക്കാരും ഉൾപ്പെടെ ഏകദേശം 15 ദശലക്ഷം പേർ ഇതിൽ സജീവമായി പങ്കെടുത്തു.

## വിവിപാറ്റ്




*2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് വേളയിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും വിവിപാറ്റുകളും ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിന് ജിപിഎസ് ഘടിപ്പിച്ച വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, വോട്ടെടുപ്പ് ആരംഭിക്കുന്നതിന് 90 മിനിറ്റ് മുമ്പ് ഓരോ പോളിംഗ് സ്റ്റേഷനിലും 50 വോട്ടുകൾ ചെയ്തുകൊണ്ടുള്ള ഒരു മോക്ക് പോൾ നടത്തുകയും അവ ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.*

- വിവിധ ആരോപണങ്ങൾക്കും പ്രത്യാരോപണങ്ങൾക്കും ഇടയിൽ, 5 വർഷത്തെ ഗവേഷണത്തിന് ശേഷമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ വിവിപാറ്റ് സംവിധാനം അവതരിപ്പിച്ചത്.
- ഇവിഎമ്മുകളും വിവിപാറ്റുകളും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന ആരോപണങ്ങളെത്തുടർന്ന്, 5 ശതമാനം ഇവിഎമ്മുകളിലെ വോട്ടുകളും വിവിപാറ്റ് സ്ലിപ്പുകളും തമ്മിൽ ഒത്തുനോക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. ഇത്തരത്തിൽ പരിശോധന നടത്തിയപ്പോൾ രണ്ട് രീതിയിലുള്ള വോട്ടുകളും തുല്യമാണെന്ന് കണ്ടെത്തി. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഇവിഎമ്മിലെയും വിവിപാറ്റിലെയും ഫലങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തി ഒപ്പിടാറുണ്ട്.
- കൺട്രോൾ യൂണിറ്റിൽ നിന്നുള്ള ഫലങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിനായി, സ്ഥാനാർത്ഥിയുടെയോ അവരുടെ പ്രതിനിധിയുടെയോ സാന്നിധ്യത്തിൽ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന വിവിപാറ്റുകളിലെ സ്ലിപ്പുകൾ എണ്ണുന്നു.

**തെരഞ്ഞെടുപ്പ് കൗതുകങ്ങൾ**

### പോളിംഗ് ഉദ്യോഗസ്ഥരും തെരഞ്ഞെടുപ്പ് സാമഗ്രികളും ഹെലികോപ്റ്റർ മാർഗ്ഗം കാർഗിലിലെത്തി

കാർഗിൽ ജില്ലയിലെ സാൻസ്കർ സബ് ഡിവിഷനിലുള്ള രലാകുങ്, ഫെമ, ഷെയ്ഡ് എന്നീ പോളിംഗ് സ്റ്റേഷനുകൾ വളരെ ഉയർന്ന പ്രദേശങ്ങളിലും ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലകളിലുമാണ് സ്ഥിതി ചെയ്യുന്നത്. അവിടേക്കുള്ള യാത്ര വളരെ പ്രയാസകരമാണ്. ഇത് കണക്കിലെടുത്ത്, 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ സുരക്ഷാ ഉദ്യോഗസ്ഥരും സൂക്ഷ്മ നിരീക്ഷകരുമടങ്ങുന്ന പോളിംഗ് സംഘത്തെ വ്യോമസേനയുടെയും സൈന്യത്തിന്റെയും സഹായത്തോടെ ഹെലികോപ്റ്ററുകളിലാണ് എത്തിച്ചത്. വോട്ടെടുപ്പ് പൂർത്തിയായ ശേഷം ഇവിഎമ്മുകളും വിവിപാറ്റുകളും ഉൾപ്പെടെയുള്ള മുഴുവൻ സജ്ജീകരണങ്ങളും ഹെലികോപ്റ്ററുകളുടെ സഹായത്തോടെ തന്നെ വോട്ടെണ്ണൽ കേന്ദ്രത്തിലേക്ക് മാറ്റുകയും ചെയ്തു.



**സ്ത്രീ പുരുഷ ഭേദമന്യേ അർഹരായ എല്ലാ വോട്ടർമാരും തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ യുവ സുഹൃത്തുക്കൾ 18 വയസ്സ് പൂർത്തിയാകുമ്പോൾ തന്നെ വോട്ടർമാരായി പേര് രജിസ്റ്റർ ചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.**

**- *പ്രധാനമന്ത്രി* നരേന്ദ്ര മോദി**

ഈ തിരഞ്ഞെടുപ്പിൽ ഏകദേശം 650 ദശലക്ഷം വോട്ടർമാരാണ് തങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിച്ചത്. യൂറോപ്യൻ യൂണിയനിലെ 27 രാജ്യങ്ങളിലെ ആകെ ജനസംഖ്യ ഏകദേശം 440 ദശലക്ഷം മാത്രമാണെന്ന വസ്തുതയിൽ നിന്ന് ഈ സംഖ്യയുടെ വലിപ്പം നമുക്ക് ഊഹിക്കാവുന്നതാണ്. ഇന്ത്യ ഇപ്പോൾ 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന സംവിധാനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട്, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിന് 2023 സെപ്റ്റംബറിൽ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞു.

*ജനാധിപത്യത്തിന്റെ ഉത്സവമായ തെരഞ്ഞെടുപ്പുകൾ രാജ്യത്തിന്റെ അഭിമാനമായി മാറിയിരിക്കുന്നു. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനായി, തിരഞ്ഞെടുപ്പ് കമ്മീഷൻ വിദ്യാഭ്യാസ മന്ത്രാലയവുമായി സഹകരിച്ച് പാഠ്യപദ്ധതിയിൽ തെരഞ്ഞെടുപ്പ് സാക്ഷരത ഉൾപ്പെടുത്തുന്നു. യുവാക്കൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി സൂക്ഷിപ്പുകാരായതിനാൽ, ഒരു പ്രധാന പൗരധർമ്മത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിൽ ഇത് വിജയകരമാണെന്ന് തെളിയും.*

ജനാധിപത്യത്തിന്റെ ഉത്സവമായ തെരഞ്ഞെടുപ്പുകൾ ഇന്ന് രാജ്യത്തിന്റെ അഭിമാനമായി മാറിയിരിക്കുന്നു. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനായി, തെരഞ്ഞെടുപ്പ് കമ്മീഷൻ വിദ്യാഭ്യാസ മന്ത്രാലയവുമായി സഹകരിച്ച് തെരഞ്ഞെടുപ്പ് സാക്ഷരത എന്നത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നു. യുവാക്കളാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി സംരക്ഷകർ എന്നതിനാൽ, വിദ്യാർത്ഥികളെ തങ്ങളുടെ സുപ്രധാന പൗരധർമ്മത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നതിൽ ഈ നീക്കം വലിയ വിജയം കൈവരിക്കും.

## എസ് ഐ ആർ

### കൃത്യമായ വിവരങ്ങളും വിശ്വാസ്യതയും എസ് ഐ ആർ ഉറപ്പാക്കുന്നു

***വോട്ടർപട്ടികയുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുക എന്നതാണ് പ്രത്യേക തീവ്ര പരിഷ്കരണം (SIR) ലക്ഷ്യമിടുന്നത്. വോട്ടർപട്ടികയിൽ സമഗ്രമായ പുനഃപരിശോധന ആവശ്യമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷന് തോന്നുമ്പോഴാണ് SIR നടത്തുന്നത്. സ്വതന്ത്ര ഇന്ത്യയിൽ, 1951-നും 2004-നും ഇടയിൽ എട്ട് തവണയാണ് SIR നടത്തിയത്. ഏകദേശം രണ്ട് പതിറ്റാണ്ടുകളായി ഇത്തരമൊരു കാമ്പയിൻ നടന്നിരുന്നില്ല; എന്നാൽ 2025-ൽ ബീഹാറിൽ വ്യക്തമായ നടപടിക്രമങ്ങളോടെയും കൃത്യമായ സമയപരിധിയോടെയും ഇത് പുനരാരംഭിച്ചു.***

കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ വോട്ടർപട്ടികയിൽ നിരവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ആളുകൾ താമസം മാറുകയും, ഒരേ വ്യക്തിയുടെ പേര് പലയിടങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുകയും, മരിച്ചവരുടെ പേരുകൾ നീക്കം ചെയ്യാതിരിക്കുകയും, അർഹതയില്ലാത്തവർ പട്ടികയിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. വോട്ടർപട്ടികയുടെ ഗുണനിലവാരത്തെക്കുറിച്ച് പലതവണ ചോദ്യങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് SIR ആവശ്യമായി വന്നത്. ഭരണഘടനയുടെ 326-ാം അനുച്ഛേദം അനുസരിച്ച്, വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള അർഹത ഇതിലൂടെ കർശനമായി പരിശോധിക്കുന്നു. ഒരു വോട്ടർ ഇന്ത്യൻ പൗരനായിരിക്കണം, 18 വയസ്സ് പൂർത്തിയാക്കിയിരിക്കണം, ബന്ധപ്പെട്ട പ്രദേശത്തെ സ്ഥിരതാമസക്കാരനായിരിക്കണം, കൂടാതെ യാതൊരു നിയമപ്രകാരവും അയോഗ്യനാക്കപ്പെട്ട വ്യക്തിയാകാൻ പാടില്ല.

രാജ്യത്തെ SIR കാമ്പയിൻ 2025 ഒക്ടോബർ 28-ന് ആരംഭിച്ചു, ഇത് 2026 ഫെബ്രുവരി 7-നകം പൂർത്തിയാക്കേണ്ടതുണ്ട്. SIR-ന്റെ രണ്ടാം ഘട്ടത്തിൽ, 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഈ പ്രക്രിയ പുരോഗമിക്കുകയാണ്. ഈ നടപടിക്രമം കുറ്റമറ്റ വോട്ടർപട്ടിക തയ്യാറാക്കുന്നതിനും രാജ്യത്തെ സ്വതന്ത്രവും നീതിയുക്തവും വിശ്വാസയോഗ്യവുമായ തെരഞ്ഞെടുപ്പിന്റെ അടിത്തറ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സഹായിക്കും.

SIR കാമ്പയിന്റെ ഒന്നാം ഘട്ടത്തിൽ ബീഹാറിലെ നടപടികൾ പൂർത്തിയായി; അവിടെ ഇതുമായി ബന്ധപ്പെട്ട് അപ്പീലുകളൊന്നും ഫയൽ ചെയ്തിട്ടില്ല. ഇതോടെ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ കരുതുന്നു.

ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ 2026-ലെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിന്റെ (ഇന്റർനാഷണൽ ഐഡിയ) അംഗരാജ്യങ്ങളുടെ കൗൺസിലിന്റെ അധ്യക്ഷസ്ഥാനം ഏറ്റെടുത്തതിൽ, പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്ന ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വർദ്ധിച്ചുവരുന്ന വിശ്വാസ്യത പ്രതിഫലിക്കുന്നു.




## എന്താണ് ഈ നടപടിക്രമം?

- ഈ നടപടിക്രമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശം, എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്യുന്നതിനും ശേഖരിക്കുന്നതിനും പഴയ SIR റെക്കോർഡുകളുമായി ഒത്തുനോക്കുന്നതിനുമായി ബി.എൽ.ഒ (ബൂത്ത് ലെവൽ ഓഫീസർ) ഓരോ വീടും ചുരുങ്ങിയത് മൂന്ന് തവണയെങ്കിലും സന്ദർശിക്കണം എന്നതാണ്.
- മരണപ്പെട്ടവരെയോ, സ്ഥിരമായി താമസം മാറിയവരെയോ, ഒന്നിലധികം തവണ പേര് ചേർത്തവരെയോ തിരിച്ചറിയാൻ ഇത് സഹായിക്കുന്നു.
- ഈ പ്രക്രിയയിലുടനീളം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ, അംഗീകൃത രാഷ്ട്രീയ പാർട്ടികൾ നിയമിക്കുന്ന ബൂത്ത് ലെവൽ ഏജന്റുമാർ എന്നിവർ ഉൾപ്പെടുന്നു.
- SIR പ്രക്രിയയിൽ വീടുവീടാന്തരം കയറിയുള്ള പരിശോധന ഉൾപ്പെടുന്നു. ഓരോ പോളിംഗ് സ്റ്റേഷനിലെയും ബൂത്ത് ലെവൽ ഓഫീസർ വോട്ടറുടെ വീട് സന്ദർശിച്ച് വിവരശേഖരണ ഫോം നൽകുകയും അത് പൂരിപ്പിച്ച് വാങ്ങുകയും ചെയ്യുന്നു.
- അവർ ഈ വിവരങ്ങൾ പഴയ രേഖകളുമായി ഒത്തുനോക്കുകയും മരണം, സ്ഥിരമായ സ്ഥലംമാറ്റം അല്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റ് എൻട്രികൾ എന്നിവ കണ്ടെത്തുകയും ചെയ്യുന്നു. ഈ വിവരങ്ങൾ വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുന്നു.
- ഇതിന് ശേഷം പ്രാഥമിക പട്ടിക പ്രസിദ്ധീകരിക്കുന്നു. ഇതിൽ എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ ജില്ലാ മജിസ്ട്രേറ്റിന് ഒന്നാം അപ്പീലും, ചീഫ് ഇലക്ടറൽ ഓഫീസർക്ക് രണ്ടാം അപ്പീലും നൽകാൻ നിയമപരമായ വ്യവസ്ഥയുണ്ട്.

രണ്ടാം ഘട്ടത്തിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഛത്തീസ്ഗഡ്, ഗോവ, ഗുജറാത്ത്, കേരളം, ലക്ഷദ്വീപ്, മധ്യപ്രദേശ്, പുതുച്ചേരി, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലാണ് പരിഷ്കരണ പ്രക്രിയ നടന്നത്. ഏകദേശം 51 കോടി വോട്ടർമാരാണ് ഈ ഘട്ടത്തിൽ ഉൾപ്പെട്ടത്. 5.33 ലക്ഷം പോളിംഗ് സ്റ്റേഷനുകൾ ഇതിനായി സജ്ജീകരിച്ചിരുന്നു, അവിടെ ബൂത്ത് ലെവൽ ഓഫീസർമാർ (BLO) തങ്ങളുടെ ചുമതലകൾ നിർവഹിച്ചു.

## SIR എട്ടുതവണ നടത്തിയിട്ടുണ്ട്

| | |
|---|---|
| ഒന്നാമത് | 1952-56 |
| രണ്ടാമത് | 1957-61 |
| മൂന്നാമത് | 1965-66 |
| നാലാമത് | 1983-84 |
| അഞ്ചാമത് | 1987-89 |
| ആറാമത് | 1992-93 |
| ഏഴാമത് | 1995 |
| എട്ടാമത് | 2002-04 |



## 'ഒരു വ്യക്തി, ഒരു വോട്ട്' എന്ന തത്വം ശക്തിപ്പെടുത്തി

- ഇതുവരെ SIR നടത്തിയിട്ടുള്ളയിടങ്ങളിലെല്ലാം പുതിയ വോട്ടർമാരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മരിച്ചവരുടെയും സ്ഥിരമായി താമസം മാറിയവരുടെയും പേരുകൾ പട്ടികയിൽ നിന്ന് നീക്കം ചെയ്തു.
- വോട്ടർ പട്ടിക കൂടുതൽ കൃത്യവും വിശ്വസനീയവുമായി മാറി.
- ഇത് 'ഒരാൾക്ക് ഒരു വോട്ട്' എന്ന തത്വത്തെ ശക്തിപ്പെടുത്തുകയും തെരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ലോകത്തിലെ ഏറ്റവും വിശ്വസനീയവും നൂതനവുമായ തെരഞ്ഞെടുപ്പ് മാനേജ്മെന്റ് ബോഡികളിൽ ഒന്നായി കമ്മീഷനെ ആഗോളതലത്തിൽ അംഗീകരിക്കുന്ന വലിയൊരു നേട്ടമാണ് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിച്ച ഈ അധ്യക്ഷപദവി. അന്താരാഷ്ട്ര IDEA കൗൺസിലിലെ സ്ഥാപക അംഗം എന്ന നിലയിൽ, അതിന്റെ ഭരണം, ജനാധിപത്യപരമായ സംവാദം, സ്ഥാപനപരമായ സംരംഭങ്ങൾ എന്നിവയിൽ ഇന്ത്യ നിരന്തരം സംഭാവനകൾ നൽകിയിട്ടുണ്ട്. ഭരണഘടനാ ശില്പികൾ അതിൽ അർപ്പിച്ച വിശ്വാസത്തിന്റെ അന്തസ്സ് ഇന്ത്യ തുടർച്ചയായി ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.

**ഭാരതത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പുകളുടെ വ്യാപ്തി ലോകമെമ്പാടുമുള്ള ആളുകളെ അത്ഭുതപ്പെടുത്തുന്നു. തെരഞ്ഞെടുപ്പുകൾ കാര്യക്ഷമമായി നടക്കുന്നുവെന്നത് സ്വാഭാവികമായും നമ്മുടെ തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓരോ പൗരനും അഭിമാനം കൊള്ളാൻ ഇടയാക്കുന്നു. നമ്മുടെ രാജ്യത്ത്, വോട്ടർപട്ടികയിൽ പേരുചേർത്തിട്ടുള്ള ഓരോ ഇന്ത്യൻ പൗരനും വോട്ട് രേഖപ്പെടുത്താൻ അവസരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്.**

**-*പ്രധാനമന്ത്രി* നരേന്ദ്ര മോദി**

ജനങ്ങൾക്ക് നോട്ടീസ് നൽകാനും ഉദ്യോഗസ്ഥരെ സ്ഥലം മാറ്റാനും തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുള്ള ലോകത്തിലെ ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇത്തരം ഔദ്യോഗിക അധികാരങ്ങൾ പല ജനാധിപത്യ രാജ്യങ്ങളിലെയും തെരഞ്ഞെടുപ്പ് കമ്മീഷനുകൾക്ക് പോലും ലഭ്യമല്ല. അതിനാൽ, ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷനും അതിന്റെ തെരഞ്ഞെടുപ്പ് പ്രക്രിയയും പല രാജ്യങ്ങൾക്കും ഒരു മാതൃകയായി വർത്തിക്കുന്നു. ലോകമെമ്പാടുമുള്ള ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ കമ്മീഷൻ നടത്തുന്ന പ്രശംസനീയമായ പരിശ്രമങ്ങൾ കണക്കിലെടുത്ത്, 2020 സെപ്റ്റംബറിൽ 'അസോസിയേഷൻ ഓഫ് വേൾഡ് ഇലക്ഷൻ ബോഡീസി'ന്റെ അധ്യക്ഷനായി ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ തിരഞ്ഞെടുക്കപ്പെട്ടു.

സ്വാതന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ടിനുള്ളിൽ, ആഗോളതലത്തിൽ ജനാധിപത്യ ആശയങ്ങളുടെ പോരാളിയായി ഇന്ത്യ ഉയർന്നുവന്നു. ഈ നേട്ടം തെരഞ്ഞെടുപ്പ് കമ്മീഷൻ മുതൽ രാജ്യത്തെ ഏറ്റവും ചെറിയ ഗ്രാമങ്ങളിലെ സാധാരണ പൗരന്മാർ വരെ നൽകിയ അമൂല്യമായ സംഭാവനകളുടെ തെളിവാണ്. ഇന്ത്യയിലെ ഓരോ ഭരണഘടനാ സ്ഥാപനവും തെരഞ്ഞെടുപ്പ് കമ്മീഷന്റെ അന്തസ്സ് ഉയർത്തിപ്പിടിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടി ഏതായാലും, എല്ലാവരും എപ്പോഴും തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവുകൾ അനുസരിച്ചിട്ടുണ്ട്. സുപ്രീം കോടതിയും നമ്മുടെ മറ്റ് കോടതികളുമെല്ലാം തെരഞ്ഞെടുപ്പ് കമ്മീഷനെ നിരന്തരം പിന്തുണച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നതിലും തെരഞ്ഞെടുപ്പ് പ്രക്രിയയിലും യാതൊരു തടസ്സങ്ങളും ഉണ്ടാകുന്നില്ലെന്ന് അവർ ഉറപ്പുവരുത്തിയിട്ടുണ്ട്.

## നീതിന്യായ തീരുമാനങ്ങൾ

### പരിവർത്തനാത്മകമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നു

*തെരഞ്ഞെടുപ്പ് കമ്മീഷൻ രാജ്യത്തെ സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പുകളുടെ ഭരണഘടനാപരമായ സംരക്ഷകനാണെങ്കിലും, ഭരണഘടന മൗനം പാലിച്ചിരുന്ന മേഖലകളിൽ വോട്ടവകാശത്തെ ശക്തിപ്പെടുത്തുന്ന ചരിത്രപരവും പരിവർത്തനാത്മകവുമായ നിരവധി പരിഷ്കാരങ്ങൾ നീതിന്യായ വ്യവസ്ഥയിലൂടെയാണ് സാധ്യമായത്. വോട്ടവകാശം എന്നത് കേവലം നിയമപരമായ അവകാശം മാത്രമല്ല, മറിച്ച് ഭരണഘടനയുടെ അനുച്ഛേദം 19(1)(എ) പ്രകാരമുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ സുപ്രധാന വശം കൂടിയാണെന്നും കോടതി വ്യക്തമാക്കുകയുണ്ടായി....*


### സ്ഥാനാർത്ഥികളുടെ പശ്ചാത്തലം വെളിപ്പെടുത്തൽ (സത്യവാങ്മൂലം)

2002-ന് മുമ്പ്, രാജ്യത്തെ വോട്ടർമാർക്ക് സ്ഥാനാർത്ഥികളുടെ പശ്ചാത്തലത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായിരുന്നില്ല. തുടർന്ന്, ഒരു കേസിൽ, തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിയും അവരവരുടെ ക്രിമിനൽ പശ്ചാത്തലം, അവർക്കും പങ്കാളിക്കും ആശ്രിതർക്കുമുള്ള ആസ്തികളും ബാധ്യതകളും, വിദ്യാഭ്യാസ യോഗ്യത എന്നിവ വെളിപ്പെടുത്തിക്കൊണ്ട് സത്യവാങ്മൂലം സമർപ്പിക്കണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടു. വെറും ജാതിയുടെയും പാർട്ടി ബന്ധത്തിന്റെയും അടിസ്ഥാനത്തിലല്ലാതെ, സ്ഥാനാർത്ഥികളുടെ സത്യസന്ധതയും പ്രാപ്തിയും വിലയിരുത്തിക്കൊണ്ട് അറിവോടെയുള്ള തീരുമാനങ്ങൾ എടുക്കാൻ ഇത് വോട്ടർമാരെ പ്രാപ്തരാക്കി. നേതാക്കളുടെ ആസ്തിയിലുണ്ടാകുന്ന അസ്വാഭാവികമായ വർദ്ധനവ് നിരീക്ഷിക്കാനും ഇതിലൂടെ സാധ്യമായി, ഇത് സുതാര്യത വർദ്ധിപ്പിക്കാൻ സഹായിച്ചു.



***1952-ലെ ആദ്യ പൊതുതെരഞ്ഞെടുപ്പിൽ 27,527 പോളിംഗ് ബൂത്തുകൾ സ്ത്രീ വോട്ടർമാർക്കായി സംവരണം ചെയ്തിരുന്നു***

## മുകളിലുള്ളവയിൽ ഒന്നുമല്ല (NOTA)




2013-ലെ പി.യു.സി.എൽ (PUCL) വേഴ്സസ് യൂണിയൻ ഓഫ് ഇന്ത്യ കേസിൽ, എല്ലാ സ്ഥാനാർത്ഥികളെയും നിരസിക്കാനുള്ള അവകാശം ഒരു വോട്ടറുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന് സുപ്രീം കോടതി വിധിച്ചു. വോട്ടിംഗ് യന്ത്രങ്ങളിൽ നോട്ട (NOTA) ബട്ടൺ ഏർപ്പെടുത്താൻ കോടതി തെരഞ്ഞെടുപ്പ് കമ്മീഷനോട് നിർദ്ദേശിച്ചു. ഇതിനുമുമ്പ്, ഒരു വോട്ടർക്ക് വോട്ട് ചെയ്യാൻ താല്പര്യമില്ലെങ്കിൽ 17എ എന്ന ഫോം പൂരിപ്പിക്കേണ്ടി വരുമായിരുന്നു; ഇത് വോട്ടറുടെ വ്യക്തിത്വം വെളിപ്പെടുന്നതിന് കാരണമായിരുന്നു.

## കുറ്റവാളിയാക്കപ്പെട്ട ജനപ്രതിനിധികളെ ഉടനടി അയോഗ്യരാക്കൽ



2013-ലെ ലില്ലി തോമസ് വേഴ്സസ് യൂണിയൻ ഓഫ് ഇന്ത്യ കേസിൽ, 1951-ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 8(4) സുപ്രീം കോടതി റദ്ദാക്കി. മുൻപ്, ഈ വ്യവസ്ഥ പ്രകാരം ശിക്ഷിക്കപ്പെട്ട ഒരു എം.പി (MP) അല്ലെങ്കിൽ എം.എൽ.എ (MLA) അപ്പീൽ നൽകുന്നതിലൂടെ മൂന്ന് മാസത്തേക്ക് കൂടി പദവിയിൽ തുടരാൻ സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ, രണ്ട് വർഷമോ അതിലധികമോ തടവ് ശിക്ഷ ലഭിച്ചാൽ ഉടനടി അയോഗ്യതയ്ക്ക് കാരണമാകുന്നു. രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണത്തിനെതിരെയുള്ള ശക്തമായൊരു ചുവടുവെപ്പാണിത്. നിയമം ലംഘിക്കുന്നവർക്ക് നിയമനിർമ്മാതാക്കളാകാൻ കഴിയില്ലെന്നും ഇത് സ്ഥാപിച്ചു. നിയമത്തിന് മുന്നിൽ രാഷ്ട്രീയക്കാരും സാധാരണ പൗരന്മാരും തുല്യരാണ്.

പഴയ കാലത്ത്, ഓരോ സ്ഥാനാർത്ഥിക്കും വ്യത്യസ്ത നിറങ്ങളിലുള്ള ബാലറ്റ് പെട്ടികൾ ഉണ്ടായിരുന്നു, അതിലേക്കായിരുന്നു ആളുകൾ തങ്ങളുടെ വോട്ട് രേഖപ്പെടുത്തിയിരുന്നത്. ആദ്യ പൊതുതെരഞ്ഞെടുപ്പിൽ, ഓരോ സ്ഥാനാർത്ഥിയുടെയോ പാർട്ടിയുടെയോ ചിഹ്നം പതിപ്പിച്ച വ്യത്യസ്ത നിറങ്ങളിലുള്ള ബാലറ്റ് പെട്ടികളാണ് ഉപയോഗിച്ചിരുന്നത്

## വിവിപാറ്റ് സംവിധാനം

നീതിയുക്തമായ തെരഞ്ഞെടുപ്പിന് വോട്ടർമാരുടെ വിശ്വാസം അത്യാവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, 2013-ൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾക്കൊപ്പം വിവിപാറ്റ് സംവിധാനം നടപ്പിലാക്കാൻ സുപ്രീം കോടതി ഉത്തരവിട്ടു. തങ്ങൾ വോട്ട് ചെയ്തത് ശരിയായ സ്ഥാനാർത്ഥിക്കാണോ എന്ന് 7 സെക്കൻഡ് നേരത്തേക്ക് നേരിട്ട് കണ്ട് ബോധ്യപ്പെടാൻ ഇത് വോട്ടർമാരെ സഹായിക്കുന്നു.




### തെരഞ്ഞെടുപ്പ് കൗതുകങ്ങൾ

## ഒരു വോട്ടിനായി തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നടന്നത് 18 കിലോമീറ്റർ

2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 85 വയസ്സിന് മുകളിലുള്ളവർക്കും ഭിന്നശേഷിക്കാർക്കുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ 'വീട്ടിലിരുന്ന് വോട്ട്' ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തി. ഈ പദ്ധതി പ്രകാരം, കേരളത്തിലെ ഇടുക്കി ലോക്സഭാ മണ്ഡലത്തിലെ ഇടമലക്കുടിയിലുള്ള കിടപ്പിലായ 92 വയസ്സുകാരൻ വോട്ട് ചെയ്യാൻ അപേക്ഷ നൽകി. ബാലറ്റ് പേപ്പറിലൂടെ തന്റെ വോട്ടവകാശം വിനിയോഗിക്കാൻ അദ്ദേഹത്തെ സഹായിക്കുന്നതിനായി, മൂന്ന് സ്ത്രീകൾ ഉൾപ്പെടെയുള്ള വോട്ടിംഗ് ഉദ്യോഗസ്ഥരുടെ സംഘം ഏകദേശം 5 മണിക്കൂർ എടുത്ത് വനത്തിലൂടെ 18 കിലോമീറ്റർ കാൽനടയായി യാത്ര ചെയ്തു. ശിവലിംഗം എന്ന ആ വോട്ടർ, തന്റെ പേരക്കുട്ടി മോഹനന്റെ സഹായത്തോടെ വോട്ട് രേഖപ്പെടുത്തി.



“

**നമ്മുടെ രാജ്യത്ത് അതീവ പ്രാധാന്യമുള്ള ഒരു സ്ഥാപനമുണ്ട്, അത് നമ്മുടെ ജനാധിപത്യത്തിന്റെ അവിഭാജ്യ ഘടകവും നമ്മുടെ റിപ്പബ്ലിക്കിനേക്കാൾ പഴക്കമുള്ളതുമാണ് ജനുവരി 25 തെരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപക ദിനമാണ്, ഇത് 'ദേശീയ സമ്മതിദായക ദിനമായി' ആഘോഷിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും എന്റെ ദേശീയ സമ്മതിദായക ദിന ആശംസകൾ. ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ വഹിക്കുന്ന നിർണ്ണായക പങ്കിനെ നാം ആദരിക്കുന്നു. തിരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിന്റെ ഉത്സവമാണ്. ഒരു ജനാധിപത്യത്തിൽ സർവ്വോപരിയായ ജനങ്ങളുടെ ഹിതമാണ് അത് പ്രകടമാക്കുന്നത്.**

*പ്രധാനമന്ത്രി* **നരേന്ദ്ര മോദി**

ആ കാലഘട്ടത്തിൽ നിന്ന്, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ സഹായത്തോടെ വോട്ട് രേഖപ്പെടുത്തുന്ന രീതിയിലേക്ക് ഇന്ത്യ പുരോഗതി കൈവരിച്ചിരിക്കുന്നു. വോട്ടെടുപ്പിന് ശേഷം വോട്ടെണ്ണാൻ ദിവസങ്ങളോളം എടുത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന്, ഇ.വി.എമ്മുകളുടെ സഹായത്തോടെ ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഫലം പ്രഖ്യാപിക്കപ്പെടുന്നു. ഒരു തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുക എന്നത് ഒരു റിപ്പബ്ലിക്കിലെ പവിത്രമായ ആചാരം പോലെയാണ്; അവിടെ ഓരോ വോട്ടറും ഒരു യജ്ഞത്തിൽ പങ്കുചേരുന്നതിന് തുല്യമാണ്. ഈ സന്ദർഭം നമ്മുടെ രാജ്യത്തോടുള്ള കടമയെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു - അതായത്, ഓരോ വോട്ടും വിലപ്പെട്ടതാണെന്നും പ്രായപൂർത്തിയായ ഓരോ പൗരനും വോട്ട് ചെയ്യേണ്ടത് അത്യാവശ്യമാണെന്നും. ജനാധിപത്യത്തിന്റെ പ്രതീകമായ ഇന്ത്യൻ ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ എന്ന സങ്കല്പവും തെരഞ്ഞെടുപ്പ് പ്രക്രിയയും, സമത്വത്തിനും സ്വാതന്ത്ര്യത്തിനുമുള്ള അവകാശങ്ങൾക്കൊപ്പം ഓരോ വ്യക്തിയുടെയും വോട്ടിനെ അർത്ഥവത്താക്കുന്നു. അതുകൊണ്ടാണ് ഇന്ത്യൻ ജനാധിപത്യം അതിന്റെ പക്വതയ്ക്കും സ്ഥിരതയ്ക്കും ലോകമെമ്പാടും അറിയപ്പെടുന്നത്. ഇതിന്റെ മുഴുവൻ ബഹുമതിയും ഇവിടുത്തെ വോട്ടർമാർക്കുള്ളതാണ്; ഈ അധികാരം വോട്ടർക്ക് നൽകിയിരിക്കുന്നത് നമ്മുടെ ഭരണഘടനയാണ്. ഓരോ പൊതുതിരഞ്ഞെടുപ്പിലും, ഈ വ്യവസ്ഥിതിയിൽ ഭരണഘടനാ ശില്പികൾക്കുണ്ടായിരുന്ന വിശ്വാസത്തെ ഇന്ത്യൻ വോട്ടർമാർ നിരന്തരം ശക്തിപ്പെടുത്തിയിട്ടുണ്ട്.

## മിഥ്യ യാഥാർത്ഥ്യം

**മിഥ്യ :** ഹരിയാനയിലെ ഒരൊറ്റ വീട്ടിൽ നിന്ന് 501 വോട്ടുകൾ രേഖപ്പെടുത്തി.

**യാഥാർത്ഥ്യം:** വീട്ടുനമ്പർ 265 എന്നത് ഒരു ചെറിയ വീടല്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഒരേക്കർ വരുന്ന കുടുംബ സ്വത്തിൽ നിരവധി കുടുംബങ്ങളാണ് താമസിക്കുന്നത്. ഓരോ കുടുംബത്തിനും പ്രത്യേകം വീട്ടുനമ്പർ നൽകിയിട്ടില്ല; എല്ലാവരും 265 എന്ന വീട്ടുനമ്പറാണ് ഉപയോഗിക്കുന്നത്. ഒരു കുടുംബത്തിലെ തന്നെ മൂന്ന് തലമുറകൾ ഇവിടെ ഒന്നിച്ച് താമസിക്കുന്നുണ്ട്.

**മിഥ്യ :** ബീഹാറിലെ ഒരു വോട്ടർക്ക് 124 വയസ്സുണ്ട്, സുബോധ് കുമാർ ബി.എൽ.എയുടെ പേര് ഒരിക്കലും പട്ടികയിൽ വന്നിട്ടില്ല, രഞ്ജു ദേവിയുടെ പേര് മനഃപൂർവ്വം നീക്കം ചെയ്തു.

**യാഥാർത്ഥ്യം:** ബീഹാറിൽ നിന്നുള്ള മിനാതാ ദേവി എന്ന വോട്ടർക്ക് 34 വയസ്സാണ് പ്രായം. താൻ ഓൺലൈനായി അപേക്ഷിച്ചപ്പോൾ സംഭവിച്ച പിഴവ് കാരണമാണ് പ്രായം 124 എന്ന് അച്ചടിച്ചു വന്നതെന്ന് മിനാതാ ദേവി തന്നെ പ്രസ്താവന നൽകി. സുബോധ് കുമാർ ബി.എൽ.എയുടെ പേര് വോട്ടർ പട്ടികയിൽ ഇല്ല എന്ന വിവരം തെറ്റാണെന്ന് തെളിഞ്ഞു. രഞ്ജു ദേവി താൻ തെറ്റായ വിവരമാണ് നൽകിയതെന്ന് സമ്മതിക്കുകയും ചെയ്തു.



## അന്താരാഷ്ട്ര ഐ ഡി ഇ എ അധ്യക്ഷ പദവി സ്വീകരിച്ചു കൊണ്ടുള്ള അഭിസംബോധന


*ലോകത്തിലെ ഏറ്റവും മികച്ച ജനാധിപത്യ രാജ്യങ്ങളിൽ നിന്നുള്ള വിശിഷ്ട വ്യക്തികളേ, മാന്യരേ ...*

- ഞാൻ ഇന്ത്യയിൽ നിന്നാണ്, അതിനാൽ ഇന്ത്യയെക്കുറിച്ച് പറഞ്ഞു കൊണ്ട് ആരംഭിക്കട്ടെ.
- ഇന്ത്യ ജനാധിപത്യത്തിന്റെ മാതാവാണ്, ഇന്ന് അത് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം കൂടിയാണ്.
- ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു ഭരണഘടനാ സ്ഥാപനമാണ്. രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ ഓഫീസുകളിലേക്കും, പാർലമെന്റിലേക്കും, നിയമസഭകളിലേക്കും, നിയമനിർമ്മാണ കൗൺസിലുകളിലേക്കും തെരഞ്ഞെടുപ്പ് നടത്തുക എന്നത് ഈ കമ്മീഷന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്.
- ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലും 8 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 900 ദശലക്ഷത്തിലധികം വോട്ടർമാരുണ്ട്. സുതാര്യമായ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിലും യോഗ്യതയുടെ അടിസ്ഥാനത്തിൽ കൃത്യമായ വോട്ടർപട്ടിക തയ്യാറാക്കുന്നതിലും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന് ഏകദേശം 75 വർഷത്തെ പരിചയസമ്പത്തുണ്ട്.
- ലോക്സഭാ തിരഞ്ഞെടുപ്പ് നടത്തുമ്പോൾ, പത്ത് ലക്ഷത്തിലധികം ഉദ്യോഗസ്ഥരോടൊപ്പം ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്ഥാപനമായി മാറുന്നു.
- 35 ജനാധിപത്യ രാജ്യങ്ങളും 2 നിരീക്ഷക രാഷ്ട്രങ്ങളും ഉൾപ്പെടുന്ന പ്രശസ്ത സ്ഥാപനമായ ഇന്റർനാഷണൽ IDEAയുടെ (International IDEA) അധ്യക്ഷ പദവിയിൽ ഇന്ത്യയെ കാണുന്നതിൽ ഇന്ന് ഓരോ ഇന്ത്യക്കാരനും അഭിമാനിക്കുന്നു.
- ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ എന്ന നിലയിൽ, ഞാൻ, ഗ്യാനേഷ് കുമാർ, ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും വേണ്ടി എല്ലാ രാജ്യങ്ങളുടെയും പ്രതിനിധികൾക്ക് എന്റെ ആശംസകൾ അറിയിക്കുകയും, ഇന്റർനാഷണൽ IDEAയുടെ കൗൺസിൽ അധ്യക്ഷ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നു.
- അധ്യക്ഷൻ എന്ന നിലയിൽ, എന്റെ കാലയളവിൽ എല്ലാ ജനാധിപത്യ രാഷ്ട്രങ്ങളുടെയും സഹകരണത്തോടെ, ലോകമെമ്പാടുമുള്ള ജനാധിപത്യത്തെയും ജനാധിപത്യ പ്രക്രിയകളെയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും മാതൃകാപരമായ രീതിയിൽ പ്രവർത്തിക്കുമെന്ന് ഞാൻ ഉറപ്പുനൽകുന്നു..

**ജയ് ഹിന്ദ്, ജയ് ഭാരത്.**









തെരഞ്ഞെടുപ്പ് കമ്മീഷൻ ഈ കാര്യത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചിട്ടുള്ളത്. കൂടാതെ, എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കമ്മീഷന്റെ ഉദ്യമങ്ങൾ വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കുകയും വോട്ടർമാരുടെ ആത്മവിശ്വാസം കൂടുതൽ ദൃഢമാക്കുകയും ചെയ്തു. ഇത് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന് ലോകമെമ്പാടും വലിയ ഖ്യാതി നേടിക്കൊടുത്തു. അതിനാൽ, ബഹുമാനപ്പെട്ട രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞതുപോലെ, തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അർപ്പണമനോഭാവമുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും 'രാഷ്ട്രസേവകർ' എന്ന് വിളിക്കപ്പെടാൻ അർഹരാണ്. നമ്മുടെ രാജ്യത്തെ തെരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാൻ സംഭാവന നൽകുന്ന ഗൺമെന്റിതര സംഘടനകളും അഭിനന്ദനം അർഹിക്കുന്നു.

1951-52 കാലഘട്ടത്തിൽ ഇന്ത്യയിൽ ആദ്യമായി തെരഞ്ഞെടുപ്പ് നടന്നപ്പോൾ, ഇവിടെ ജനാധിപത്യം നിലനിൽക്കില്ല എന്ന ആശങ്ക പലർക്കും ഉണ്ടായിരുന്നു. *എന്നാൽ ആ ആശങ്കകളെയെല്ലാം തെറ്റാണെന്ന് തെളിയിച്ചുകൊണ്ട്, ജനാധിപത്യത്തിന്റെ മാതാവായ ഇന്ത്യ ഇന്ന് ലോകത്തിന് തന്നെ വഴികാട്ടിയായി മാറിക്കൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിരന്തരമായ നൂതന ആശയങ്ങളും ഇടപെടലുകളും വിരലിലെ മായാത്ത മഷി അടയാളത്തെ അഭിമാനത്തിന്റെ അടയാളമാക്കി മാറ്റിയിരിക്കുന്നു. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഏറ്റവും പാവനമായ കർമ്മമാണ് വോട്ടിംഗ് എന്ന് ഓർമ്മിക്കുന്നത് എപ്പോഴും പ്രധാനമാണ്. നിസ്സംശയമായും ഇന്ത്യയുടെ ജനാധിപത്യം ആഗോള സമൂഹത്തിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് തുടരും; ഈ പ്രയാണത്തിൽ രാജ്യത്തെ വോട്ടർമാരും തെരഞ്ഞെടുപ്പ് കമ്മീഷനും പങ്കാളിത്തത്തിന്റെയും മികവിന്റെയും പുതിയ മാതൃകകൾ സൃഷ്ടിക്കുന്നതും തുടരുക തന്നെ ചെയ്യും.*

ഗ്രാമീണ ഇന്ത്യയ്ക്ക് പുതിയ തൊഴിലുറപ്പ്

# MNREGA പദ്ധതിയുടെ പുതിയ മുഖം: വികസിത് ഭാരത് - ജി റാം ജി (VB-G RAM G) ബിൽ

*ഗ്രാമങ്ങളുടെയും പാവപ്പെട്ടവരുടെയും ക്ഷേമത്തിനാണ് കേന്ദ്ര ഗവണ്മെന്റ് എപ്പോഴും പ്രഥമ പരിഗണന നൽകുന്നത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ, അവർക്കായി തൊഴിലും, സ്വയംതൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. പാർലമെന്റ് പാസാക്കിയ 'വികസിത് ഭാരത് – തൊഴിൽ, ജീവനോപാധി മിഷൻ (ഗ്രാമീൺ) ബിൽ 2025' (Viksit Bharat - Employment and Livelihood Mission (Rural) Bill 2025), അഥവാ 'വികസിത് ഭാരത് ജി റാം ജി' ബിൽ, രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതോടെ നിയമമായി മാറിയിരിക്കുന്നു. ഈ നിയമം ഗ്രാമങ്ങളുടെ മുഖച്ഛായ മാറ്റുകയും ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 125 ദിവസത്തെ തൊഴിൽ ഉറപ്പാക്കുകയും ചെയ്യും.*

MNREGA യുടെ പുതിയ രൂപമായ 'വികസിത് ഭാരത് – ജി റാം ജി ബിൽ 2025', കേവലം ഒരു തൊഴിൽ പദ്ധതി മാത്രമല്ല, മറിച്ച് ഗ്രാമീണ ഇന്ത്യയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള രൂപരേഖ കൂടിയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, തൊഴിൽ നൽകുന്നതിനോടൊപ്പം തന്നെ ഗ്രാമീണ മേഖലകളിൽ സുസ്ഥിര വികസനവും ജീവനോപാധികളും ശക്തിപ്പെടുത്തുന്ന ഒരു സംവിധാനമാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. കാരണം, 'വികസിത് ഭാരത് @ 2047' എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ ഗ്രാമീണ വികസനത്തിൽ പരിവർത്തനാത്മകമായ സമീപനം അനിവാര്യമാണ്. ഇതിന്റെ ഭാഗമായാണ് ഗ്രാമീണ കുടുംബങ്ങൾക്കുള്ള തൊഴിൽ ഉറപ്പ് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ നിന്ന് 125 ദിവസമായി വർദ്ധിപ്പിച്ചത്. ഗ്രാമീണ വികസന ചട്ടക്കൂടിനെ 'വികസിത് ഭാരത് 2047' എന്ന ദേശീയ കാഴ്ചപ്പാടുമായി സംയോജിപ്പിക്കുക എന്നതാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലേക്കും ഗ്രാമങ്ങളിൽ സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്കുമുള്ള നിർണ്ണായകമായ ചുവടുവെപ്പായി ഇത് മാറും.

2005-ൽ നടപ്പിലാക്കിയത് മുതൽ, വേതനാടിസ്ഥാനത്തിലുള്ള തൊഴിൽ നൽകുന്നതിലും, ഗ്രാമീണ വരുമാനം സുസ്ഥിരമാക്കുന്നതിലും, അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം– MNREGA നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. കാലക്രമേണ, ഗ്രാമീണ ഇന്ത്യയുടെ അടിസ്ഥാന സൗകര്യങ്ങളിലും അഭിലാഷങ്ങളിലും കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. വർദ്ധിച്ച വരുമാനം, മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ, വ്യാപകമായ ഡിജിറ്റൽ സേവനങ്ങൾ, വൈവിധ്യമാർന്ന ഉപജീവനമാർഗങ്ങൾ എന്നിവ ഗ്രാമീണ തൊഴിൽ ആവശ്യങ്ങളുടെ സ്വഭാവത്തെത്തന്നെ മാറ്റിമറിച്ചു. ഇക്കാരണത്താലാണ് കേന്ദ്രഗവണ്മെന്റ് 'വികസിത് ഭാരത് – എംപ്ലോയ്മെന്റ് ആൻഡ് ലൈവ്‌ലിഹുഡ് മിഷൻ (റൂറൽ) ബിൽ, 2025' പാർലമെന്റിൽ അവതരിപ്പിച്ചത്. ഉത്തരവാദിത്തം, അടിസ്ഥാന സൗകര്യ വികസനം, വരുമാന സുരക്ഷ എന്നിവ ശക്തിപ്പെടുത്തുന്ന സമഗ്രമായ നിയമപരമായ മാറ്റങ്ങളോടെ ഈ ബിൽ നിലവിലെ തൊഴിലുറപ്പ് നിയമത്തിന് പകരമായി വരുന്നു. 2025 ഡിസംബർ 21-ന് ബഹുമാനപ്പെട്ട രാഷ്ട്രപതി ദ്രൗപദി മുർമു 'വിബി-ജി റാം ജി' ബില്ലിന് അംഗീകാരം നൽകി.



# അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാമീണ തൊഴിൽ മേഖലയുടെ നാല് സ്തംഭങ്ങൾ

*ശാക്തീകരണം, വികസനം, സംയോജനം, സമ്പൂർണത എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി, 'വികസിത് ഭാരത് - ജി റാം ജി' നിയമം സമൃദ്ധവും പ്രാപ്തവും സ്വയംപര്യാപ്തവുമായ ഗ്രാമീണ ഇന്ത്യയുടെ അടിത്തറ ശക്തിപ്പെടുത്തും. ഇത് ഗ്രാമീണ കുടുംബങ്ങളുടെ വരുമാന സുരക്ഷ വർദ്ധിപ്പിക്കുകയും ഭരണനിർവ്വഹണത്തെയും ഉത്തരവാദിത്തത്തെയും ആധുനികവൽക്കരിക്കുകയും ചെയ്യും. ഏറ്റവും പ്രധാനമായി, ഈ പുതിയ നിയമം ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായുള്ള തൊഴിലിന്റെ നാല് സ്തംഭങ്ങൾ വിഭാവനം ചെയ്യുന്നു, സമൃദ്ധവും ശാക്തീകരിക്കപ്പെട്ടതുമായ ഗ്രാമീണ ഇന്ത്യയുടെ അടിത്തറയെ ഇത് കൂടുതൽ ദൃഢമാക്കും.*

1



**ജലവും ജലസുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ**

ഇതിൽ ജലസേചനം, ജലാശയങ്ങളുടെ പുനരുജ്ജീവനം, വനവൽക്കരണം, കനാലുകൾ, വെള്ളപ്പൊക്ക ജലപാതകൾ, ഭൂഗർഭ അണക്കെട്ടുകൾ കുളങ്ങൾ, കിണറുകൾ എന്നിവയുടെ നിർമ്മാണം, പൊതു ജലസംഭരണ മേഖലകളുടെ വികസനം, മേൽക്കൂരയിലെ മഴവെള്ള സംഭരണം തുടങ്ങിയവ ഉൾപ്പെടുന്നു.

2



**പ്രധാന ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, പുനരുപയോഗ ഊർജ്ജം, ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള സാമൂഹിക സൗകര്യങ്ങൾ, ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ, സ്കൂളുകളിലെ അധിക മുറികൾ അല്ലെങ്കിൽ വളപ്പുകൾ, ശ്മശാനങ്ങൾ, ഗ്രാമീണ പാർക്കിംഗ് സൗകര്യങ്ങൾ, ട്രാൻസ്പോർട്ട് ഷെഡുകൾ, ജൽ ജീവൻ മിഷന് കീഴിലുള്ള പ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

3



**ഉപജീവനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ**

കൃഷി, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം, നൈപുണ്യ വികസനം, സംരംഭകത്വ വികസനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഗ്രാമീണ വിപണികൾ, ആഴ്ചതോറുമുള്ള വിപണികൾ, ഭക്ഷ്യ-കാർഷിക സംഭരണ ശാലകൾ, നഴ്സറി കൃഷിയുടെ പ്രോത്സാഹനം, നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം എന്നിവയും ഇതിന്റെ ഭാഗമാണ്.

4



**കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ**


ദുരന്ത ലഘൂകരണം, കാലാവസ്ഥാ വ്യതിയാനങ്ങളുമായി പൊരുത്തപ്പെടൽ, ചുഴലിക്കാറ്റ്-വെള്ളപ്പൊക്ക അഭയകേന്ദ്രങ്ങൾ, വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള കുളങ്ങളുടെയും ജലസംഭരണികളുടെയും നിർമ്മാണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന മറ്റ് പൊതുമരാമത്ത് ജോലികൾ, പി.എം. ആവാസ് യോജന, ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയും ഇതിന്റെ ഭാഗമാണ്.

### MGNREGA പദ്ധതിയുടെ അടുത്ത ഘട്ടം: വികസിത് ഭാരത് - ജി റാം ജി

കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ അഭിപ്രായത്തിൽ, MGNREGA പദ്ധതിയുടെ അടുത്ത ഘട്ടമാണ് 'വികസിത് ഭാരത് - ജി റാം ജി' പദ്ധതി. ഇനി മുതൽ 100 ദിവസത്തിന് പകരം 125 ദിവസത്തെ തൊഴിലിന് നിയമപരമായ ഗ്യാരണ്ടി ഉണ്ടായിരിക്കും. ജോലി നൽകുന്നതിൽ പരാജയപ്പെട്ടാൽ നൽകുന്ന, തൊഴിലില്ലായ്മ വേതനത്തിനുള്ള വ്യവസ്ഥകൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. കൂടാതെ, വേതനം നൽകാൻ വൈകിയാൽ അധിക നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥയുമുണ്ട്. പദ്ധതിക്കായി ഈ വർഷം 1,51,282 കോടി രൂപയിലധികം തുക നീക്കിവെക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വികസിത ഇന്ത്യക്കായി വികസിത ഗ്രാമങ്ങളും, സ്വയംപര്യാപ്തവും ദാരിദ്ര്യമുക്തവും തൊഴിൽസമൃദ്ധവുമായ ഗ്രാമങ്ങളും സൃഷ്ടിക്കുന്നതിനായി ജലസംരക്ഷണം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ, ദുരന്ത ലഘൂകരണം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കും.

## നിയമത്തിന്റെ പ്രധാന സവിശേഷതകൾ:

- തൊഴിൽ ദിനങ്ങളുടെ വർദ്ധന: ഗ്രാമീണ കുടുംബങ്ങൾക്ക് പ്രതിവർഷം MGNREGA മുഖേന നൽകിയിരുന്ന തൊഴിൽ ഗ്യാരണ്ടി 100 ദിവസത്തിൽ നിന്ന് പുതിയ നിയമപ്രകാരം 125 ദിവസമായി വർദ്ധിപ്പിച്ചു.
- തൊഴിൽ ഇടവേള : വിതയ്ക്കൽ, കൊയ്ത്ത് കാലങ്ങളിൽ കാർഷിക തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി, ഒരു സാമ്പത്തിക വർഷത്തിൽ 60 ദിവസം വരെ തൊഴിൽ ഇടവേള നൽകാൻ സംസ്ഥാന ഗവണ്മെന്റുകൾക്ക് ഈ നിയമം അധികാരം നൽകുന്നു. എന്നാൽ ആകെ നൽകേണ്ട 125 ദിവസത്തെ തൊഴിൽ അവകാശത്തിൽ മാറ്റമുണ്ടാകില്ല.
- പരസ്യം നൽകൽ: ഈ നിയമപ്രകാരം തയ്യാറാക്കിയ പദ്ധതിയുടെ സംഗ്രഹം, അതിന്റെ നിബന്ധനകളും വ്യവസ്ഥകളും സഹിതം സംസ്ഥാനങ്ങൾ രണ്ട് പത്രങ്ങളിൽ പ്രസിദ്ധീകരിക്കും.
- വേതന നിരക്ക്: ഈ നിയമപ്രകാരം കേന്ദ്ര ഗവണ്മെന്റ് പുതിയ വേതനം വിജ്ഞാപനം ചെയ്യുന്നത് വരെ, 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം വിജ്ഞാപനം ചെയ്ത നിലവിലുള്ള വേതനത്തേക്കാൾ കുറവായിരിക്കില്ല പുതിയ വേതനം.
- തൊഴിലില്ലായ്മ വേതനം: തൊഴിലിനായി അപേക്ഷിച്ചവർക്ക് 15 ദിവസത്തിനുള്ളിൽ ജോലി നൽകാൻ സാധിച്ചില്ലെങ്കിൽ, അവർക്ക് പ്രതിദിന തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ട്. സംസ്ഥാന ഗവണ്മെന്റ് നിശ്ചയിക്കുന്ന ഈ വേതനം ആദ്യത്തെ 30 ദിവസത്തേക്ക് നിശ്ചിത വേതനത്തിന്റെ നാലിലൊന്നിൽ കുറയാൻ പാടില്ല. ബാക്കിയുള്ള കാലയളവിലേക്ക് ഇത് പകുതിയിൽ കുറയാനും പാടില്ല.
- വേതന വിതരണം: പ്രതിദിന വേതനം ആഴ്ച അടിസ്ഥാനത്തിൽ വിതരണം ചെയ്യും. ജോലി പൂർത്തിയാക്കി 15 ദിവസത്തിനപ്പുറം യാതൊരു കാരണവശാലും അത് വൈകാൻ പാടില്ല.
- ഗ്രാമസഭയുടെ നിരീക്ഷണം: ഈ നിയമപ്രകാരം നടപ്പിലാക്കുന്ന എല്ലാ ജോലികളും ഗ്രാമസഭ നിരീക്ഷിക്കും. ഇതിനാവശ്യമായ രേഖകൾ ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്.
- ചെലവ് വിഹിതം: കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള ചെലവ് വിഹിതം വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ഹിമാലയൻ സംസ്ഥാനങ്ങൾ, ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീർ എന്നിവയ്ക്ക് 90:10 എന്ന അനുപാതത്തിലും, മറ്റ് സംസ്ഥാനങ്ങൾക്ക് 60:40 എന്ന അനുപാതത്തിലും ആയിരിക്കും.
- ഡിജിറ്റൽ നിരീക്ഷണം: ബയോമെട്രിക് ഒതന്റിക്കേഷൻ, ജിയോ റഫറൻസിംഗ്, സാറ്റലൈറ്റ് ഇമേജറി, ഡിജിറ്റൽ മാപ്പിംഗ് എന്നിവ പ്രവൃത്തികൾ നിരീക്ഷിക്കാൻ ഉപയോഗിക്കും. തൊഴിൽ ആവശ്യം, തൊഴിലാളികളുടെ വിന്യാസം, പുരോഗതി എന്നിവ തത്സമയം ട്രാക്ക് ചെയ്യാൻ ഡാഷ്ബോർഡ് അടിസ്ഥാനത്തിലുള്ള മൊബൈൽ ആപ്പ് ഉപയോഗിക്കും.
- പരാതി പരിഹാരം: ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പരാതി പരിഹാര സംവിധാനം വികസിപ്പിക്കും. പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേന്ദ്ര ഗവണ്മെന്റ് തീരുമാനിക്കും.
- പിഴ: നിയമം ലംഘിക്കുന്നവർക്ക് 10,000 രൂപ വരെ പിഴ ചുമത്താവുന്നതാണ്..



**ബാപ്പുജി തന്നെ രാമരാജ്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ രാജ്യം ശ്രീരാമന്റെ സാന്നിധ്യത്താൽ മുഖരിതമാണ്. എന്തുകൊണ്ടോ, ശ്രീരാമന്റെ പേര് ഉയർന്നു വരുമ്പോൾ ചിലർ അസ്വസ്ഥരാകുന്നു. മഹാത്മാഗാന്ധി തന്നെ രാമരാജ്യം സ്ഥാപിക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കിയിരുന്നു; അദ്ദേഹത്തിന്റെ അവസാന വാക്കുകൾ "ഹേ റാം" എന്നായിരുന്നു. ബാപ്പുവിനോട് നമുക്ക് അങ്ങേയറ്റം ബഹുമാനമുണ്ട്.**

ശിവരാജ് സിംഗ് ചൗഹാൻ
*കേന്ദ്ര കൃഷി, കർഷകക്ഷേമ, ഗ്രാമവികസന മന്ത്രി.*

മറ്റൊരു പ്രത്യേക വ്യവസ്ഥ കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്: ഭരണപരമായ ചെലവുകൾ 6 ശതമാനത്തിൽ നിന്ന് 9 ശതമാനമായി വർദ്ധിപ്പിച്ചു. പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള 1,51,282 കോടി രൂപയുടെ 9 ശതമാനം കണക്കാക്കിയാൽ അത് ഏകദേശം 13,000 കോടി രൂപ വരും. ഈ തുക ഉപയോഗിച്ച്, പദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളായ പഞ്ചായത്ത് സെക്രട്ടറി, എംപ്ലോയ്മെന്റ് അസിസ്റ്റന്റ്, സാങ്കേതിക ജീവനക്കാർ എന്നിവരടങ്ങുന്ന സഹപ്രവർത്തകർക്ക് കൃത്യസമയത്ത് മതിയായ ശമ്പളം ലഭിക്കുന്നു എന്ന് ഉറപ്പാക്കും. ഇതിലൂടെ അവർക്ക് തങ്ങളുടെ പൂർണ്ണ ശേഷിയോടെ ജോലി ചെയ്യാൻ സാധിക്കും.

**പുതിയ നിയമപരമായ ചട്ടക്കൂടിനുള്ള ന്യായീകരണം**

സുപ്രധാന സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾക്കായി തുടർച്ചയായ പരിഷ്കാരങ്ങൾ ആവശ്യമാണ്. 2005-ലാണ് തൊഴിലുറപ്പ് പദ്ധതി- MGNREGA നടപ്പിലാക്കിയതെങ്കിലും ഗ്രാമീണ ഇന്ത്യ ഇന്ന് പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്.



# പാർലമെന്റിന്റെ ശീതകാല സമ്മേളനം

## ലോക്സഭ: 111% കാര്യക്ഷമത; രാജ്യസഭ: 121% കാര്യക്ഷമത


*പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ 15 സിറ്റിങ്ങുകൾ ഉണ്ടായിരുന്നു. നിശ്ചയിച്ചിരുന്ന അജണ്ടയേക്കാൾ കൂടുതൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ലോക്സഭയ്ക്കും രാജ്യസഭയ്ക്കും കഴിഞ്ഞു. ലോക്സഭയിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളുടെ 111%, രാജ്യസഭയിൽ 121% എന്നിങ്ങനെ പൂർത്തിയായി. സെഷനിൽ, വിബി–ജി റാം ജി ബിൽ ഉൾപ്പെടെ നിരവധി പ്രധാന ബില്ലുകൾ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. ദേശീയ ഗീതമായ 'വന്ദേമാതര'ത്തിന്റെ 150–ാം വാർഷികം ആഘോഷിക്കുന്നതിനായി പാർലമെന്റിന്റെ ഇരുസഭകളിലും ഒരു പ്രത്യേക ചർച്ച നടന്നു.*

ചില തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും, ശീതകാല സമ്മേളനത്തിൽ രാജ്യസഭയും ലോക്സഭയും ഫലപ്രദമായ ചർച്ചകൾക്ക് സാക്ഷ്യം വഹിച്ചു. ഗവണ്മെന്റ് നിരവധി പ്രധാന ബില്ലുകൾ അവതരിപ്പിച്ചു, അവയിൽ പലതും പാസാക്കി. പത്ത് ബില്ലുകൾ ലോക്സഭയിൽ അവതരിപ്പിച്ചു, അതിൽ എട്ട് എണ്ണം പാസായി, എട്ട് ബില്ലുകൾ രാജ്യസഭയിലും പാസായി. അങ്ങനെ, പാർലമെന്റിന്റെ ഇരുസഭകളും ആകെ എട്ട് ബില്ലുകൾ പാസാക്കി. സമ്മേളനത്തിനിടെ ലോക്സഭയിലെ ആകെ സിറ്റിംഗ് സമയം 92 മണിക്കൂറും 25 മിനിറ്റും ആയിരുന്നു. ലോക്സഭയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി വന്ദേമാതരത്തെക്കുറിച്ച് പ്രത്യേക ചർച്ച ആരംഭിച്ചു, അതിൽ 65 അംഗങ്ങൾ പങ്കെടുത്തു. ഇതിനായി സഭ 11 മണിക്കൂറും 32 മിനിറ്റും ചേർന്നു. രാജ്യസഭയിൽ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ചർച്ച ആരംഭിച്ചു, 81 അംഗങ്ങൾ പങ്കെടുത്തു. ഈ ചർച്ച ആകെ 12 മണിക്കൂറും 49 മിനിറ്റും നീണ്ടുനിന്നു.

കൂടാതെ, തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഡിസംബർ 9, 10 തീയതികളിൽ ലോക്സഭയിലും 2025 ഡിസംബർ 11, 15, 16 തീയതികളിൽ രാജ്യസഭയിലും നടന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയിൽ ചർച്ച അവസാനിപ്പിച്ചു. ലോക്സഭയിൽ നടന്ന ചർച്ചയിൽ 62 അംഗങ്ങളും രാജ്യസഭയിൽ 57 അംഗങ്ങളും പങ്കെടുത്തു. ലോക്സഭയിലെ ഈ ചർച്ച ആകെ 10 മണിക്കൂറും 37 മിനിറ്റും നീണ്ടുനിന്നു.

## പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ ബില്ലുകൾ

- ✓ മണിപ്പൂർ ചരക്ക് സേവന നികുതി (രണ്ടാം ഭേദഗതി) ബിൽ, 2025.
- ✓ സെൻട്രൽ എക്സൈസ് (ഭേദഗതി) ബിൽ, 2025
- ✓ ആരോഗ്യ സുരക്ഷ ദേശീയ സുരക്ഷാ സെസ് ബിൽ, 2025
- ✓ ധനവിനിയോഗം (നമ്പർ 4) ബിൽ, 2025
- ✓ റദ്ദാക്കൽ, ഭേദഗതി ബിൽ, 2025
- ✓ സബ്ക ബീമ സബ്കി രക്ഷ (ഇൻഷുറൻസ് നിയമങ്ങളുടെ ഭേദഗതി) ബിൽ, 2025
- ✓ നവീന ഇന്ത്യയ്ക്കായി ആണവോർജ്ജത്തിന്റെ സുസ്ഥിര ഉപയോഗവും പുരോഗതിയും ബിൽ, 2025
- ✓ വികസിത ഭാരത് – റോസ്ഗാർ, ആജീവിക മിഷൻ (ഗ്രാമീൺ) ഗ്യാരണ്ടി: വിബി – ജി റാം ജി ബിൽ, 2025



ദാരിദ്ര്യ നിരക്ക് 2011–12 ലെ 27.1 ശതമാനത്തിൽ നിന്ന് 2022–23 ൽ 5.3 ശതമാനമായി കുറഞ്ഞു. വർദ്ധിച്ച ഉപഭോഗം, മെച്ചപ്പെട്ട സാമ്പത്തിക ഉൾപ്പെടുത്തൽ, വിപുലമായ ക്ഷേമ പരിരക്ഷ എന്നിവ ഇതിന് സഹായകമായി. ഗ്രാമീണ ഉപജീവനമാർഗ്ഗങ്ങൾ കൂടുതൽ വൈവിധ്യപൂർണ്ണവും ഡിജിറ്റൽ ബന്ധിതവുമാകുന്നതോടെ എംജിഎൻആർഇജിഎയുടെ വിശാലവും ആവശ്യാധിഷ്ഠിതവുമായ ഘടന ഇന്നത്തെ ഗ്രാമങ്ങളുടെ യാഥാർത്ഥ്യങ്ങളുമായി പൂർണ്ണമായും യോജിക്കുന്നില്ല. വിക്സിത് ഭാരത്-ജി റാം ജി ഈ ആവശ്യങ്ങൾ നിറവേറ്റും.●

ഒരു പെൺകുട്ടിയുടെ ജനനം ആഘോഷിക്കപ്പെടണം

# ശാക്തീകരിക്കപ്പെട്ട മകൾ സമൃദ്ധവും വികസിതവുമായ ഇന്ത്യ



*സമൂഹത്തിൽ ധാർമ്മികതയും സാമ്പത്തിക വികസനവും പ്രോത്സാഹിപ്പിക്കുന്നതിൽ പെൺമക്കൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കുട്ടികളുടെ ലിംഗാനുപാതം കുറഞ്ഞുവരുന്നത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' പദ്ധതി ജനുവരി 22 ന്, അതിന്റെ 12–ാം വാർഷികത്തിലേക്ക് കടക്കുകയാണ്. ജനുവരി 24 ന് രാജ്യം പെൺകുട്ടികളുടെ ദേശീയ ദിനവും ആഘോഷിക്കുന്നു. പെൺകുട്ടികൾക്ക് പോഷകാഹാരം, വിദ്യാഭ്യാസം, ബഹുമാനം എന്നിവ ലഭിക്കുമ്പോൾ രാഷ്ട്രം കൂടുതൽ ശക്തമാകുമെന്നതിന്റെ ഓർമ്മപ്പെടുത്തലാണിത്. പെൺകുട്ടികളുടെയും സ്ത്രീകളുടെയും ജീവിതത്തിലുടനീളം അവരുടെ സുരക്ഷ, സംരക്ഷണം, ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമങ്ങൾ എന്തൊക്കെയാണ്... നമുക്ക് നോക്കാം*

2015 ജനുവരി 22 ന് ഹരിയാനയിലെ ജിന്ദിൽ നിന്ന് ചരിത്രപരമായ ഒരു തുടക്കം കുറിച്ചു. രാജ്യത്തുടനീളം കുട്ടികളുടെ ലിംഗാനുപാതം കുറഞ്ഞുവരുന്നത് പരിഹരിക്കുന്നതിനും പെൺകുട്ടികളുടെയും സ്ത്രീകളുടെയും ജീവിതചക്രത്തിലുടനീളം ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ പദ്ധതി ആരംഭിച്ചു.

മിഷൻ ശക്തിയുടെ കീഴിൽ എല്ലാ ജില്ലകളെയും ബഹുമുഖ പ്രവർത്തനങ്ങളിലൂടെ ഉൾപ്പെടുത്തുന്നതിനും അടിസ്ഥാന തലത്തിൽ സ്വാധീനം ചെലുത്തുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനുമായി 15-ാം ധനകാര്യ കമ്മീഷൻ ഈ പദ്ധതി വിപുലീകരിച്ചു. ജനിക്കാനും സുരക്ഷിതരായിരിക്കാനും പഠിക്കാനും സ്വപ്നം കാണാനും നയിക്കാനുമുള്ള ഓരോ പെൺകുട്ടിയുടെയും അവകാശം ശക്തിപ്പെടുത്തുന്നതിനായി, ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ, സുകന്യ സമൃദ്ധി അക്കൗണ്ട്, മാതൃ വന്ദന യോജന, പിഎം മുദ്ര യോജന, സ്റ്റാൻഡ്-അപ്പ് ഇന്ത്യ, പിഎം ആവാസ് യോജന എന്നിവയുൾപ്പെടെ വിവിധ പദ്ധതികളിലൂടെ കേന്ദ്ര ഗവൺമെന്റ് സ്ത്രീകൾക്ക് മുൻഗണന നൽകുന്നു. കൂടാതെ, വികസിത ഭാരതത്തിൽ സ്ത്രീകൾ നയിക്കുന്ന വികസനത്തിൽ രാജ്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതുകൊണ്ടാണ് ജനനസമയത്തെ ലിംഗാനുപാതം തുടർച്ചയായി വർദ്ധിക്കുന്നത്.

**ബേട്ടി ബച്ചാവോ,ബേട്ടി പഠാവോയിലൂടെ സ്വഭാവ മാറ്റം**

2019 മുതൽ 2024 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ പദ്ധതികൾ നിതി ആയോഗ് വിലയിരുത്തി. ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ (BBBP), വൺ സ്റ്റോപ്പ് സെന്റർ (OSC) എന്നീ പരിപാടികൾ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് പഠനം കണ്ടെത്തി. BBBP (ബേട്ടി ബച്ചാവോ ബേട്ടി പഠാവോ) വഴി ശീലങ്ങളിലെ മാറ്റം പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ഈ സംരംഭം രാജ്യത്തുടനീളമുള്ള സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണവും ശക്തിപ്പെടുത്തുന്നു.

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതി രാജ്യത്തെ പെൺകുട്ടികളുടെ ജീവിതം മെച്ചപ്പെടുത്തുന്നു.



ആരോഗ്യം

- ആരോഗ്യ പരിപാലന വിവര സംവിധാനം അനുസരിച്ച്, 2014-15 ൽ ആശുപത്രികളിൽ നടന്ന പ്രസവങ്ങൾ 61 ശതമാനമായിരുന്നു. ഇത് 2023-24 ൽ 97.3% ആയി വർദ്ധിച്ചു. ഗർഭകാല ആദ്യ ത്രൈമാസ പരിചരണ രജിസ്ട്രേഷൻ 61% ൽ നിന്ന് 80.5% ആയി വർദ്ധിച്ചു.
- ജനന സമയത്തെ ലിംഗാനുപാതം 2014-15ൽ 918 ആയിരുന്നത് 2023-24ൽ 930 ആയി വർദ്ധിച്ചു.
- 1876 ലെ പ്രഥമ ദേശീയ സെൻസസിന് ശേഷം ആദ്യമായി, 1,000 പുരുഷന്മാരുടെ നിരക്കിനെക്കാൾ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചു. ദേശീയ കുടുംബാരോഗ്യ സർവേ-5 ൽ 1,000 പുരുഷന്മാർക്ക് 1,020 സ്ത്രീകളുടെ എണ്ണം രജിസ്റ്റർ ചെയ്തു.
- ദേശീയ കുടുംബാരോഗ്യ സർവേ റിപ്പോർട്ട്-5 പ്രകാരം 18 വയസ്സിന് മുമ്പ് വിവാഹിതരായ പെൺകുട്ടികളുടെ എണ്ണം ദേശീയ കുടുംബാരോഗ്യ സർവേ -3 നെ അപേക്ഷിച്ച് ഇപ്പോൾ പകുതിയായി കുറഞ്ഞു.

## പെൺമക്കളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ

- 2024-25 വർഷത്തിൽ, മൊത്ത പ്രവേശന അനുപാതം നിർണയിക്കുന്നതിനുള്ള ലിംഗ തുല്യതാ സൂചിക അടിസ്ഥാന ഘട്ടം, തയ്യാറെടുപ്പ് ഘട്ടം, മധ്യ ഘട്ടം എന്നിവയിൽ 1.0, സെക്കൻഡറി ഘട്ടത്തിൽ 1.1 എന്നിങ്ങനെയായിരുന്നു.
- 97.1% സ്കൂളുകളിലും പ്രത്യേക ശുചിമുറികൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ 99.3% സ്കൂളുകളിലും കുടിവെള്ള സൗകര്യങ്ങൾ ലഭ്യമാണ്. സ്കൂൾ അടിസ്ഥാന സൗകര്യങ്ങളിലെ പുരോഗതി പെൺകുട്ടികളുടെ പ്രവേശനം മെച്ചപ്പെടുത്തുന്നതിനും കൊഴിഞ്ഞുപോകൽ നിരക്ക് കുറയ്ക്കുന്നതിനും കാരണമായി.
- 2014 മുതൽ വ്യാവസായിക പരിശീലന സ്ഥാപനങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസം നേടുന്ന സ്ത്രീകളുടെ എണ്ണം ഇരട്ടിയായി.
- കേന്ദ്ര ഗവൺമെന്റിന്റെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക്, മെറിറ്റ്-കം-മീൻസ് അടിസ്ഥാനമാക്കിയുള്ള സ്കോളർഷിപ്പുകളിൽ, 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്
- പ്രധാനമന്ത്രിയുടെ ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതിയിൽ (PM-USP), സ്കോളർഷിപ്പ് അവസരങ്ങളുടെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.
- ഖേലോ ഇന്ത്യ പദ്ധതി പ്രകാരം 'സ്ത്രീകൾക്കായുള്ള സ്പോർട്സ്' ലീഗ് ആരംഭിച്ചു. 29 കായിക ഇനങ്ങളിലായി 1.39 ലക്ഷം പേർ പങ്കെടുത്തു.
- വനിതാ അത്‌ലറ്റുകളുടെ പരിശീലനത്തിനായി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ ഹിമാചൽ പ്രദേശ്, പഞ്ചാബ്, കേരളം, അസം എന്നിവിടങ്ങളിൽ 4 കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

## നേട്ടങ്ങൾ

- 2025-26 സാമ്പത്തിക വർഷത്തിൽ ലിംഗസമത്വത്തിനായി കേന്ദ്ര ഗവൺമെന്റ് 4.49 ലക്ഷം കോടി രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്, ഇത് മൊത്തം ബജറ്റിന്റെ 8.86% ആണ്.
- എൻഡിഎ, സൈനിക് സ്കൂളുകളിൽ പെൺകുട്ടികളുടെ പ്രവേശനം ആരംഭിച്ചു.
- ലോക്സഭയിലും സംസ്ഥാന അസംബ്ലികളിലും 33% സീറ്റുകൾ സംവരണം ചെയ്തുകൊണ്ട് 2023 ലെ നാരി ശക്തി വന്ദൻ നിയമം സ്ത്രീ രാഷ്ട്രീയ ശാക്തീകരണത്തിലെ ഒരു ചരിത്രപരമായ ചുവടുവയ്പ്പാണ്.
- 2025 ഓഗസ്റ്റ് വരെ 4.31 കോടി സുകന്യ സമൃദ്ധി അക്കൗണ്ടുകൾ തുറന്നിട്ടുണ്ട്.
- ഉജ്ജ്വല യോജന പ്രകാരം സ്ത്രീകളുടെ പേരിൽ 10.3 കോടി പാചക വാതക കണക്ഷനുകൾ നൽകിയിട്ടുണ്ട്.
- 10 കോടി സ്ത്രീകളെ ശാക്തീകരിക്കുന്ന ഏകദേശം 90 ലക്ഷം സ്വയം സഹായ സംഘങ്ങൾ ഗ്രാമീണ സ്വയംതൊഴിൽ പരിവർത്തനം ചെയ്യുന്നു. അതേസമയം, പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിലുള്ള 3 കോടിയിലധികം വീടുകൾ സ്ത്രീകളുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് -ഇത് ഇന്ത്യയിലുടനീളം സ്ത്രീകൾ നയിക്കുന്ന വികസനം ശക്തിപ്പെടുത്തുന്നു.
- 35.40 കോടി പ്രധാനമന്ത്രി മുദ്ര വായ്പകൾ സ്ത്രീകൾക്ക് നൽകിയിട്ടുണ്ട്, ഇത് മൊത്തം വായ്പകളുടെ 68 ശതമാനമാണ്.
- സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള 2.21 കോടി MSME-കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- ഇന്ത്യയിലെ 2.05 ലക്ഷത്തിലധികം അംഗീകൃത സ്റ്റാർട്ടപ്പുകളിൽ 48% ലും കുറഞ്ഞത് ഒരു വനിതാ ഡയറക്ടറുണ്ട്.
- ഇന്ത്യയിലെ ബഹിരാകാശ ശാസ്ത്രജ്ഞരിൽ ഏകദേശം 25% പേർ വനിതകളാണ്

"

**ഞങ്ങളുടെ ഗവൺമെന്റ് ആരംഭിക്കുന്ന ഓരോ വികസന സംരംഭത്തിലും, പെൺകുട്ടികളെ ശാക്തീകരിക്കുന്നതിനും സ്ത്രീകളുടെ കരുത്ത് ശക്തിപ്പെടുത്തുന്നതിനും മുൻതൂക്കം നൽകുന്നു. പെൺകുട്ടികൾക്ക് ബഹുമാനവും അവസരങ്ങളും ഉറപ്പാക്കുന്നതിലാണ് ഞങ്ങളുടെ ശ്രദ്ധ.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ജനനസമയത്തെ ലിംഗാനുപാതം മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ആരോഗ്യ സംരക്ഷണം വിപുലീകരിക്കുന്നതിനും, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധത ഗവൺമെന്റ് തലത്തിൽ മാത്രമല്ല, ഗവൺമെന്റിതര തലത്തിലും പെൺകുട്ടികളോടുള്ള മനോഭാവത്തിൽ മാറ്റത്തിന് കാരണമായി. ഓരോ പെൺകുട്ടിയെയും വിലമതിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ശക്തമായ അടിത്തറ രാജ്യത്ത് സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്ത് ലിംഗസമത്വം, ശാക്തീകരണം എന്നിവയിൽ തുടർച്ചയായ പുരോഗതി ഉറപ്പാക്കുന്ന ഈ പദ്ധതി അതിന്റെ 12-ാം വർഷത്തിലേക്ക് കടക്കുകയാണ്.

പാരമ്പര്യ വൈദ്യശാസ്ത്ര സംവിധാനം

# ഗുരുതര ആരോഗ്യ വെല്ലുവിളികൾക്ക് പ്രതിവിധി




*ലോകത്തിലെ ഏറ്റവും പുരാതനമായ, സമഗ്ര ആരോഗ്യ സംരക്ഷണ സംവിധാനങ്ങളിലൊന്നാണ് പരമ്പരാഗത വൈദ്യശാസ്ത്രം. ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ 170 രാജ്യങ്ങളിൽ പരമ്പരാഗത, പൂരക, സംയോജിത വൈദ്യശാസ്ത്ര (TCIM) രീതികൾ ഉപയോഗിക്കുന്നു. ഇന്ത്യ, ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ പരമ്പരാഗത വൈദ്യശാസ്ത്ര സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. അതേസമയം, ആഫ്രിക്കയിലും തെക്ക്, വടക്ക് അമേരിക്കയിലും ഇത് വ്യാപകമായി പ്രയോഗത്തിലുണ്ട്. ഗുരുതരമായ ആരോഗ്യ വെല്ലുവിളികൾക്കുള്ള പരിഹാരമായി പരമ്പരാഗത വൈദ്യശാസ്ത്ര സംവിധാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡിസംബർ 17 മുതൽ 19 വരെ നടന്ന ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് പരമ്പരാഗത വൈദ്യശാസ്ത്ര ആഗോള ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി സമാപന ചടങ്ങിനെ അഭിസംബോധന ചെയ്തു...*

'സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കൽ: ആരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും ശാസ്ത്രവും പ്രയോഗവും' എന്ന വിഷയത്തിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യ ഗവൺമെന്റിന്റെ ആയുഷ് മന്ത്രാലയവും ലോകാരോഗ്യ സംഘടനയും സംയുക്തമായി ഉച്ചകോടി സംഘടിപ്പിച്ചു. തുടർച്ചയായ രണ്ടാം തവണയാണ് ഇന്ത്യയിൽ ഉച്ചകോടി നടക്കുന്നത്. ആഗോള, ശാസ്ത്രാധിഷ്ഠിത, ജന കേന്ദ്രീകൃത പരമ്പരാഗത വൈദ്യശാസ്ത്ര അജണ്ട രൂപപ്പെടുത്തുന്നതിൽ രാജ്യത്തിന്റെ നേതൃത്വത്തിനും മുൻനിര ശ്രമങ്ങൾക്കും ഒപ്പം പ്രധാനമന്ത്രി മോദിയുടെ പ്രതിജ്ഞാബദ്ധതയുടെ ശക്തിക്കും തെളിവാണിത്. ക്ഷേമവും ജീവിത ശൈലിയും മെച്ചപ്പെടുത്തുന്നതിന് ഉപരിയായി ഗുരുതരമായ ആരോഗ്യ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിലും പരമ്പരാഗത വൈദ്യശാസ്ത്രം മുന്നിലാണ്. മൂന്ന് ദിവസത്തെ ഉച്ചകോടിയിൽ, ഗുജറാത്ത് പ്രഖ്യാപനം അംഗീകരിച്ചു. ഇത് തെളിവുകൾ അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത, പൂരക, സംയോജിത വൈദ്യശാസ്ത്രത്തോടുള്ള ആഗോള പ്രതിജ്ഞാബദ്ധതയെ ആവർത്തിച്ച് സ്ഥിരീകരിച്ചു. മെച്ചപ്പെട്ട ഡാറ്റയുടെയും നിയന്ത്രണ ചട്ടക്കൂടുകളുടെയും അനിവാര്യത ഈ സമ്മേളനം ആഹ്വാനം ചെയ്തു. സമഗ്രവും സാംസ്കാരികമായി വേരൂന്നിയതും ശാസ്ത്രീയമായി സംയോജിപ്പിച്ചതുമായ ഒരു ആഗോള ആരോഗ്യ അജണ്ട രൂപപ്പെടുത്തുന്നതിൽ ഇന്ത്യയുടെ നേതൃത്വത്തെ അംഗീകരിച്ചു.

ജാംനഗറിൽ ലോകാരോഗ്യ സംഘടനയുടെ പരമ്പരാഗത വൈദ്യശാസ്ത്ര കേന്ദ്രം സ്ഥാപിച്ചതിൽ പ്രധാനമന്ത്രി അഭിമാനം പ്രകടിപ്പിച്ചു.



## പ്രധാനമന്ത്രി മോദി നിരവധി ആയുഷ് സംരംഭങ്ങൾ ഉദ്ഘാടനം ചെയ്തു:

- ആയുഷ് മേഖലയ്ക്കായുള്ള ഒരു പ്രധാന ഡിജിറ്റൽ പോർട്ടലായ ‘മൈ ആയുഷ്’ സംയോജിത സേവന പോർട്ടൽ ആരംഭിച്ചു. പരമ്പരാഗത, പൂരക, സംയോജിത വൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള 1.5 ദശലക്ഷത്തിലധികം രേഖകളുമായി, ലോകത്തിലെ ഏറ്റവും സമഗ്രമായ ഡിജിറ്റൽ ശേഖരമാണിത്.
- ആയുഷ് മാർക്ക് അദ്ദേഹം അനാച്ഛാദനം ചെയ്തു. ആയുഷ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരത്തിനായുള്ള ഒരു ആഗോള മാനദണ്ഡമായി ഇത് വിഭാവനം ചെയ്യപ്പെടുന്നു. ‘അടിസ്ഥാനതലത്തിൽ നിന്ന് ആഗോളതലത്തിലേക്ക്: ആയുഷിന്റെ 11 വർഷത്തെ പരിവർത്തനം’ എന്ന ശീർഷകത്തിൽ യോഗ പരിശീലനത്തെക്കുറിച്ചുള്ള ഒരു ലോകാരോഗ്യ സംഘടന സാങ്കേതിക റിപ്പോർട്ടും ഗ്രന്ഥവും പുറത്തിറക്കി.
- ഇന്ത്യയുടെ പരമ്പരാഗത ഔഷധ പൈതൃകത്തിന്റെ ആഗോള അനുരണനത്തെ പ്രതീകപ്പെടുത്തുന്ന അശ്വഗന്ധയെക്കുറിച്ചുള്ള ഒരു സ്മരണിക തപാൽ സ്റ്റാമ്പ് പുറത്തിറക്കി.
- ഡൽഹിയിൽ പുതിയ ലോകാരോഗ്യ സംഘടന-തെക്കു കിഴക്കൻ ഏഷ്യൻ മേഖലാ ഓഫീസും ഉദ്ഘാടനം ചെയ്തു. അതിൽ ലോകാരോഗ്യ സംഘടന ഇന്ത്യ ഓഫീസും പ്രവർത്തിക്കും.
- 2021-2025 വർഷങ്ങളിൽ യോഗയുടെ പ്രോത്സാഹനത്തിനും വികസനത്തിനുമുള്ള പ്രധാനമന്ത്രിയുടെ പുരസ്കാര ജേതാക്കളെ അനുമോദിച്ചു.
- ഇന്ത്യയിലും ലോകമെമ്പാടുമുള്ള പരമ്പരാഗത വൈദ്യശാസ്ത്ര വിജ്ഞാന സംവിധാനങ്ങളുടെ വൈവിധ്യം, ആഴം, സമകാലിക പ്രസക്തി എന്നിവ പ്രദർശിപ്പിക്കുന്ന ‘പരമ്പരാഗത വൈദ്യശാസ്ത്രത്തെ കണ്ടെത്താം’ പ്രദർശനവും പ്രധാനമന്ത്രി മോദി സന്ദർശിച്ചു.

“

**പരമ്പരാഗത വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ഡാറ്റയും നയരേഖകളും ഒരിടത്ത് സുരക്ഷിതമായി സൂക്ഷിക്കുന്ന ഒരു ആഗോള സംവിധാനമായി ട്രഡീഷണൽ മെഡിസിൻ ഗ്ലോബൽ ലൈബ്രറി ആരംഭിച്ചിരിക്കുന്നു. ഉപയോഗപ്രദമായ വിവരങ്ങൾ എല്ലാ രാജ്യങ്ങൾക്കും ഒരുപോലെ ലഭ്യമാകും. ഇന്ത്യയുടെ ജി 20 അധ്യക്ഷ കാലത്ത് ലോകാരോഗ്യ സംഘടനയുടെ പ്രഥമ ആഗോള ഉച്ചകോടിയിലാണ് ഈ ലൈബ്രറി പ്രഖ്യാപിച്ചത്. ഈ ലക്ഷ്യം ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു.**

**നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***

*പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

***ഇന്ത്യയിൽ 3,844 ആയുഷ് ആശുപത്രികളും, 36,848 ഡിസ്പെൻസറികളും, 886 ബിരുദ, 251 ബിരുദാനന്തര കോളേജുകളും, 7.5 ലക്ഷത്തിലധികം രജിസ്റ്റർ ചെയ്ത പ്രാക്ടീഷണർമാരുമുണ്ട്. രാജ്യത്തുടനീളം ആയുഷ് സേവനങ്ങളുടെ ലഭ്യത ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2014 ൽ ഇന്ത്യാ ഗവൺമെന്റ് ദേശീയ ആയുഷ് മിഷൻ ആരംഭിച്ചു.***

## ലോകാരോഗ്യ സംഘടന ഡൽഹി പ്രഖ്യാപനം

*പരമ്പരാഗത വൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടന ഡൽഹി പ്രഖ്യാപനം പുറത്തിറങ്ങി. പരമ്പരാഗത വൈദ്യശാസ്ത്രത്തിന്റെ സമഗ്രത, അതിന്റെ തെളിവുകളുടെ അടിത്തറ ശക്തിപ്പെടുത്തൽ, നൂതനാശയങ്ങൾ, ആരോഗ്യ വെല്ലുവിളികൾക്ക് പുതിയ പരിഹാരങ്ങൾ നൽകുന്നതിനുള്ള അതിന്റെ സാധ്യത എന്നിവ ‘ഡൽഹി പ്രഖ്യാപനം’ എടുത്തുകാണിച്ചു. പ്രധാനമായും നാല് മേഖലകളുമായി ബന്ധപ്പെട്ട പ്രമേയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു:*

- തെളിവ് അടിസ്ഥാനമാക്കിയുള്ള അറിവ് ശക്തിപ്പെടുത്തൽ.
- സുരക്ഷ, ഗുണനിലവാരം, പൊതുജന വിശ്വാസം എന്നിവ ഉറപ്പാക്കൽ.
- സുരക്ഷിതവും ഫലപ്രദവുമായ പരമ്പരാഗത വൈദ്യശാസ്ത്രരീതികൾ സംയോജിപ്പിക്കൽ.
- നൂതനാശയങ്ങളുടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും ഉത്തരവാദിത്വപരമായ ഉപയോഗം.

പരമ്പരാഗത അറിവുകളുടെയും ആധുനിക രീതികളുടെയും സംഗമമാണ് ഉച്ചകോടിയിൽ നടക്കുന്നതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. വൈദ്യശാസ്ത്രത്തിന്റെയും സമഗ്ര ആരോഗ്യത്തിന്റെയും ഭാവിയെ പരിവർത്തനം ചെയ്യാൻ കഴിയുന്ന നിരവധി പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പാരമ്പര്യവും സാങ്കേതികവിദ്യയും സമന്വയിക്കുമ്പോൾ, ആഗോള ആരോഗ്യത്തെ കൂടുതൽ ഫലപ്രദമാക്കാനുള്ള സാധ്യത ഗണ്യമായി വർദ്ധിക്കുന്നു. അതിനാൽ, ആഗോള വീക്ഷണത്തിൽ ഈ ഉച്ചകോടിയുടെ വിജയം വളരെ പ്രധാനമാണ്. 21-ാം നൂറ്റാണ്ടിൽ, ജീവിതത്തിൽ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള വെല്ലുവിളി കൂടുതൽ വലുതായിരിക്കുമെന്ന് പ്രധാനമന്ത്രി മോദി വ്യക്തമാക്കി. മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റമായ എഐ, റോബോട്ടിക്സ് എന്നിവയുടെ രൂപത്തിൽ സാങ്കേതികവിദ്യയുടെ പുതിയ യുഗം, നമ്മുടെ ജീവിതരീതിയെ വരും വർഷങ്ങളിൽ അഭൂതപൂർവമായ രീതിയിൽ മാറ്റും. അതിനാൽ, ജീവിതശൈലിയിലെ അത്തരം പെട്ടെന്നുള്ളതും വലുതുമായ മാറ്റങ്ങൾ, കായികാധ്വാനമില്ലാതെ വിഭവങ്ങളുടെയും സൗകര്യങ്ങളുടെയും സുഗമമായ ലഭ്യത എന്നിവ മനുഷ്യശരീരത്തിന് അപ്രതീക്ഷിത വെല്ലുവിളികൾ സൃഷ്ടിക്കുമെന്ന് നാം ഓർമ്മിക്കേണ്ടതാണ്. അതിനാൽ, പരമ്പരാഗത വൈദ്യശാസ്ത്രം, വർത്തമാനകാല ആവശ്യങ്ങൾക്ക് മാത്രം ശ്രദ്ധ നൽകരുത്. നമ്മുടെ പൊതു ഉത്തരവാദിത്വം ഭാവിയിലേക്കും വ്യാപിക്കുന്നു. സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുക എന്നത് ഇനി ഒരു ആഗോള ലക്ഷ്യം മാത്രമല്ല, ഒരു ആഗോള ആവശ്യകതയാണ്. ഇത് നേടുന്നതിന്, നാം അനിവാര്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.




# അസമും വടക്ക് കിഴക്കൻ മേഖലയും ഇന്ത്യയുടെ വികസനത്തിന് പുതിയ കവാടം

*അസമും വടക്കുകിഴക്കൻ മേഖലയാകെയും ഇന്ന് ഇന്ത്യയുടെ വികസനത്തിലേക്കുള്ള പുതിയ കവാടമായി മാറുകയാണ്. ബഹുമാതൃകാ കണക്റ്റിവിറ്റിയോടുള്ള പ്രതിജ്ഞാബദ്ധത ഈ മേഖലയെ മാറ്റിമറിച്ചു. അസമിലെ വികസന പ്രവർത്തനങ്ങളുടെ വേഗത സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി മാറ്റുകയാണ്. ഇതിനോടനുബന്ധിച്ച്, ഡിസംബർ 20, 21 തീയതികളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അസം സന്ദർശിച്ചു. ഏകദേശം 15,600 കോടി രൂപയുടെ പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ ഭാവിയുടെ പുതിയ പ്രഭാതം വടക്കുകിഴക്കൻ മേഖലയിൽ നിന്ന് ഉദിക്കുമെന്ന് അദ്ദേഹം അസമിൽ നിന്ന് പ്രസ്താവിച്ചു...*

*പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ.*

ഇന്ത്യയെക്കുറിച്ചുള്ള ലോകത്തിന്റെ കാഴ്ചപ്പാട് ഇന്ന് മാറി. രാജ്യത്തിന്റെ ചുമതലയും മാറി. ആധുനിക അടിസ്ഥാന സൗകര്യ വികസനം ഇതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യ 2047-ലേക്ക് ഒരുങ്ങുകയാണ്. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും ഒരുമിച്ച് പുരോഗമിക്കുകയും വികസിത ഭാരതമെന്ന ദൗത്യത്തിന് സംഭാവന നൽകുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് പ്രവർത്തിക്കുന്നു. അസമിലെ ഗുവാഹത്തിയിൽ ലോക്പ്രിയ ഗോപിനാഥ് ബോർഡോലോയ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഉദ്ഘാടന വേളയിൽ, അസമും വടക്കുകിഴക്കൻ സംസ്ഥാനങ്ങളും ഈ ദൗത്യത്തിന് നേതൃത്വം നൽകുന്നതിൽ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

കഴിഞ്ഞ 10-11 വർഷത്തിനുള്ളിൽ, പതിറ്റാണ്ടുകളായി തുടരുന്ന അക്രമപരമ്പര അവസാനിപ്പിക്കുന്നതിലേക്ക് രാജ്യം നീങ്ങുകയാണ്. അസമിലെ വിഭവങ്ങൾ അസമിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് ഇപ്പോൾ ഉറപ്പാക്കിയിട്ടുണ്ട്. അക്രമബാധിത ജില്ലകൾ ഇപ്പോൾ അഭിലാഷ ജില്ലകളായി വളരുന്നു. വരും കാലങ്ങളിൽ, ഈ പ്രദേശങ്ങൾ വ്യാവസായിക ഇടനാഴികളായി മാറും. ഇന്ത്യയുടെ കിഴക്കൻ കവാടമായി അസം ഉയർന്നുവരുന്നത് ഇന്ന് നാം കാണുന്നുണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. വികസിത ഭാരതത്തിന്റെ എഞ്ചിനായി പല മേഖലകളിലും അസം മാറും.

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ രാജ്യത്തെ കർഷകർക്ക് വളരെ നിർണായകമായ പങ്കുണ്ട്. അതുകൊണ്ട്, കർഷകരുടെ താൽപ്പര്യങ്ങൾ പരമപ്രധാനമായി നിലനിർത്തിക്കൊണ്ട് കേന്ദ്ര ഗവണ്മെന്റ് അക്ഷീണം പ്രവർത്തിക്കുന്നു. കാർഷിക ക്ഷേമത്തിനായുള്ള പദ്ധതികൾക്കിടയിൽ, കർഷകർക്ക് സുഗമമായി വളങ്ങൾ ലഭിക്കേണ്ടത് അത്യാവശ്യമാണ്. അസമിലെ നാംരൂപിൽ യൂറിയ പ്ലാന്റിന്റെ ശിലാസ്ഥാപന ചടങ്ങിൽ, വരും കാലങ്ങളിൽ ഈ യൂറിയ ഫാക്ടറി കർഷകർക്ക് പ്രതിസന്ധിയില്ലാതെ വളം വിതരണം ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഈ വളം പദ്ധതിക്ക് ഏകദേശം 11,000 കോടി രൂപ ചിലവാകും. ഇത് പ്രതിവർഷം 1.2 ദശലക്ഷം മെട്രിക് ടണ്ണിലധികം വളം ഉത്പാദിപ്പിക്കും. നാംരൂപിലെ ഈ യൂണിറ്റ് ആയിരക്കണക്കിന് പുതിയ തൊഴിലവസരങ്ങളും സ്വയം തൊഴിൽ അവസരങ്ങളും സൃഷ്ടിക്കും.

വടക്കുകിഴക്കൻ മേഖല ഇന്ത്യയുടെ ഭാവി വളർച്ചയെ നയിക്കുമെന്ന് സംസ്ഥാനത്തെ ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി മോദി പറഞ്ഞു.

### വികസന, പൈതൃക സംഗമം: ഗോപിനാഥ് ബോർഡോലോയ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം

*പ്രധാനമന്ത്രി മോദി ഗുവാഹത്തിയിലെ ലോക്പ്രിയ ഗോപിനാഥ് ബോർഡോലോയ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ മന്ദിരം ഉദ്ഘാടനം ചെയ്തു. 'വികസനവും പൈതൃകവും' എന്ന തത്വം ഈ ടെർമിനൽ മന്ദിരം പ്രതിഫലിപ്പിക്കുന്നു.*

- അസമിന്റെ കണക്റ്റിവിറ്റി, സാമ്പത്തിക വികസനം, ആഗോള ഇടപെടൽ എന്നിവ വർദ്ധിപ്പിക്കുന്നതിലെ ഒരു പരിവർത്തനാത്മക ചുവടുവയ്പ്പാണ് ഈ ടെർമിനൽ.
- ഏകദേശം 1.4 ലക്ഷം ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഇത് പ്രതിവർഷം 13 ദശലക്ഷം യാത്രക്കാരെ ഉൾക്കൊള്ളാൻ ശേഷിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.
- റൺവേ, എയർഫീൽഡ് സംവിധാനങ്ങൾ, ഏപ്രോൺ, ടാക്സിവേകൾ എന്നിവയുടെ വിപുലമായ നവീകരണങ്ങൾ അതിന്റെ ശേഷി കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്.
- ഇന്ത്യയിലെ പ്രകൃതി അടിസ്ഥാനമാക്കിയുള്ള ആദ്യത്തെ വിമാനത്താവള ടെർമിനലായ ഇത് 'മുള ഓർക്കിഡുകൾ' എന്ന പ്രമേയത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അസമിന്റെ ജൈവ വൈവിധ്യത്തിൽ നിന്നും സാംസ്കാരിക പൈതൃകത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഇത്.
- പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ഏകദേശം 140 മെട്രിക് ടൺ മുളയാണ് ടെർമിനലിൽ ഉപയോഗിക്കുന്നത്.
- ഒരു ലക്ഷത്തോളം തദ്ദേശീയ സസ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു വനസമാന അനുഭവത്തോടെ ഈ തനത് ആകാശ വനം യാത്രക്കാരെ സ്വാഗതം ചെയ്യുന്നു.
- വേഗത്തിലുള്ള സുരക്ഷാ പരിശോധനകൾക്കായി ഫുൾ-ബോഡി സ്കാനറുകൾ, ഓട്ടോമേറ്റഡ് ബാഗേജ് കൈകാര്യം, AI- അധിഷ്ഠിത എയർപോർട്ട് പ്രവർത്തനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഈ ടെർമിനലിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്നു.







## പുതിയ ബ്രൗൺഫീൽഡ് അമോണിയ-യൂറിയ വളം പദ്ധതിയുടെ ഭൂമിപൂജ

- അസമിലെ ദിബ്രുഗഢ് ജില്ലയിലെ നാംരൂപിലുള്ള ബ്രഹ്മപുത്ര വാലി ഫെർട്ടിലൈസർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നിലവിലുള്ള സ്ഥലത്ത് പുതിയ ബ്രൗൺഫീൽഡ് അമോണിയ-യൂറിയ വളം പദ്ധതിക്ക് പ്രധാനമന്ത്രി മോദി തറക്കല്ലിട്ടു.
- കർഷകരുടെ ക്ഷേമത്തെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ ദർശനം സാക്ഷാത്കരിക്കുന്ന, 10,600 കോടി രൂപയിലധികം നിക്ഷേപമുള്ള ഈ പദ്ധതി അസമിന്റെയും അയൽ സംസ്ഥാനങ്ങളുടെയും വളം ആവശ്യങ്ങൾ നിറവേറ്റും.
- ഇത് ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ഗണ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയും ചെയ്യും. വ്യാവസായിക പുനരുജ്ജീവനത്തിന്റെയും കർഷകക്ഷേമത്തിന്റെയും ഒരു നാഴികക്കല്ലായി ഇത് നിലകൊള്ളുന്നു.

**അസമുമായുള്ള എന്റെ ബന്ധം, ഇവിടുത്തെ ജനങ്ങളുടെ സ്നേഹവും വാത്സല്യവും, പ്രത്യേകിച്ച് അസമിലെ എന്റെ അമ്മമാരുടെയും സഹോദരിമാരുടെയും ഊഷ്മളത എന്നെ നിരന്തരം പ്രചോദിപ്പിക്കുകയും വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിനായുള്ള ഞങ്ങളുടെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.**

**നരേന്ദ്ര മോദി, *പ്രധാനമന്ത്രി***

## രക്തസാക്ഷികൾക്ക് പ്രധാനമന്ത്രി മോദി ആദരമർപ്പിച്ചു



ചരിത്രപ്രസിദ്ധമായ അസം പ്രസ്ഥാനത്തിലെ രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കാൻ പ്രധാനമന്ത്രി മോദി, ബോറഗാവിലെ രക്തസാക്ഷി സ്മാരകം സന്ദർശിച്ചു. വിദേശ ആധിപത്യത്തിൽ നിന്ന് മുക്തമാകാനും സംസ്ഥാനത്തിന്റെ സ്വത്വ സംരക്ഷണത്തിനുമുള്ള കൂട്ടായ ദൃഢനിശ്ചയത്തിന്റെ പ്രതീകമായ ആറ് വർഷം നീണ്ടുനിന്ന ബഹുജന പ്രസ്ഥാനമായിരുന്നു ഇത്. രക്തസാക്ഷി സ്മാരകത്തിൽ ചെലവഴിച്ച നിമിഷങ്ങളെ ഒരു വൈകാരിക അനുഭവമായി വിശേഷിപ്പിച്ച പ്രധാനമന്ത്രി മോദി, അസമിന്റെ പുരോഗതിക്കും സമൃദ്ധിക്കും സാംസ്കാരിക മഹത്വത്തിനും വേണ്ടി അക്ഷീണം പ്രവർത്തിക്കാനുള്ള പ്രതിജ്ഞാബദ്ധതയിൽ നമ്മൾ ഉറച്ചു നിൽക്കുന്നുവെന്ന് പറഞ്ഞു.

## വിത്ത് മുതൽ വിപണി വരെ ഗവൺമെന്റ് കർഷകർക്കൊപ്പം ഉറച്ചു നിൽക്കുന്നു

- 2014-ൽ രാജ്യം 225 ലക്ഷം മെട്രിക് ടൺ യൂറിയ മാത്രമാണ് ഉത്പാദിപ്പിച്ചത്. കഴിഞ്ഞ 11 വർഷത്തിനിടെ ഉത്പാദനം ഏകദേശം 306 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.
- കർഷകർക്ക് ഒരു ബാഗ് യൂറിയ വെറും 300 രൂപയ്ക്ക് ലഭിക്കുന്നു. ആ ഒരു ബാഗിന് കേന്ദ്ര ഗവൺമെന്റ് ഏകദേശം 3,000 രൂപ മുടക്കുന്നു.
- പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി പ്രകാരം ഏകദേശം 4 ലക്ഷം കോടി രൂപ കർഷകർക്ക് കൈമാറി.
- 2025-ൽ, 35,000 കോടി രൂപയുടെ രണ്ട് പുതിയ പദ്ധതികൾ, പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജന, ദൽഹാൻ ആത്മനിർഭർത മിഷൻ എന്നിവ ആരംഭിച്ചു.
- കിസാൻ ക്രെഡിറ്റ് കാർഡുകൾ വഴി, 2025-ൽ കർഷകർക്ക് 10 ലക്ഷം കോടിയിലധികം രൂപയുടെ സഹായം ലഭിച്ചു.
- വടക്കുകിഴക്കൻ മേഖലയെ കേന്ദ്രീകരിച്ച് പാം ഓയിൽ ഉൾപ്പെടെയുള്ള ഭക്ഷ്യ എണ്ണകളുമായി ബന്ധപ്പെട്ട ഒരു പ്രത്യേക പദ്ധതിയും ആരംഭിച്ചു.

ഈ സാഹചര്യത്തിൽ, നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നാം ഒരുമിച്ച് പ്രവർത്തിക്കണം. അസമിന്റെ വികസനത്തിന് മുൻഗണന നൽകണം. നമ്മുടെ കൂട്ടായ ശ്രമങ്ങൾ അസമിനെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. വികസിത ഇന്ത്യ എന്ന സ്വപ്നം നാം സാക്ഷാത്കരിക്കും.

**അസമിന്റെ വികസനത്തിന് പുതുവേഗം**

ബ്രഹ്മപുത്ര നദിക്ക് കുറുകെ നിർമ്മിച്ച പാലങ്ങൾ അസമിന്റെ ഗതാഗത സൗകര്യത്തിന് പുതിയ ശക്തിയും ആത്മവിശ്വാസവും നൽകി. സ്വാതന്ത്ര്യാനന്തരം 6-7 ദശകങ്ങളിൽ, മൂന്ന് പ്രധാന പാലങ്ങൾ മാത്രമേ അവിടെ നിർമ്മിച്ചിട്ടുള്ളൂ, എന്നാൽ കഴിഞ്ഞ ദശകത്തിൽ, നാല് പുതിയ മെഗാ പാലങ്ങൾ പൂർത്തിയായി. ഇവ കൂടാതെ, നിരവധി ചരിത്ര പദ്ധതികൾ രൂപപ്പെടാൻ തുടങ്ങി. ബോഗിബീൽ, ധോലാ -സാദിയ തുടങ്ങിയ ഏറ്റവും നീളമുള്ള പാലങ്ങൾ അസമിനെ തന്ത്രപരമായി കൂടുതൽ ശക്തമാക്കി. റെയിൽവേ ശൃംഖലയിലും വിപ്ലവകരമായ മാറ്റം ഉണ്ടായിട്ടുണ്ട്. ബോഗിബീൽ പാലം കമ്മീഷൻ ചെയ്തതോടെ അപ്പർ അസമും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളും തമ്മിലുള്ള ദൂരം കുറഞ്ഞു. ഗുവാഹത്തിയിൽ നിന്ന് ന്യൂ ജൽപൈഗുരിയിലേക്ക് ഓടുന്ന വന്ദേ ഭാരത് എക്സ്പ്രസ് യാത്രാ സമയം കുറച്ചു. രാജ്യത്തെ ജലപാതകളുടെ വികസനത്തിൽ നിന്ന് അസമിനും പ്രയോജനം ലഭിച്ചു. ചരക്ക് ഗതാഗതം 140% വർദ്ധിച്ചു. ബ്രഹ്മപുത്ര കേവലം നദി മാത്രമല്ല, മറിച്ച് സാമ്പത്തിക ശക്തിയുടെ ഒരു പ്രവാഹമാണെന്നതിന്റെ തെളിവാണിത്. പാണ്ഡുവിലാണ് ആദ്യത്തെ കപ്പൽ അറ്റകുറ്റപ്പണി സൗകര്യം വികസിപ്പിക്കുന്നത്. വാരണാസിയിൽ നിന്ന് ദിബ്രുഗഢിലേക്ക് പോകുന്ന ഗംഗാ വിലാസ് ക്രൂയിസിൽ ജനങ്ങൾ ആവേശഭരിതരാണ്. ഇത് വടക്കുകിഴക്കൻ മേഖലയെ ആഗോള ക്രൂയിസ് ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തി.



*മന്ത്രിസഭാ തീരുമാനങ്ങളുടെ വാർത്ത സമ്മേളനം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ*

കേന്ദ്ര മന്ത്രിസഭായോഗ തീരുമാനങ്ങൾ

# ഡൽഹി മെട്രോ വിപുലീകരിക്കും

## മഹാരാഷ്ട്രയിലും ഒഡീഷയിലും പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് അനുമതി

*രാജ്യത്തിന്റെ വികസനത്തിൽ അടിസ്ഥാന സൗകര്യങ്ങളും കണക്റ്റിവിറ്റിയും നിർണായക പങ്കുവഹിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് അതിന്റെ പുരോഗതി തുടർച്ചയായി വർധിപ്പിക്കുന്നു. ഈ ദിശയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭ, പുതുവത്സര സമ്മാനമായി ഡൽഹി മെട്രോയുടെ വിപുലീകരണത്തിന് അംഗീകാരം നൽകി. ഇതോടൊപ്പം, മഹാരാഷ്ട്രയ്ക്കും ഒഡിഷയ്ക്കുമുള്ള പ്രധാന അടിസ്ഥാന സൗകര്യ നിർദ്ദേശങ്ങൾക്കും അംഗീകാരം ലഭിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ഈ നീക്കം രാജ്യത്തുടനീളമുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തുക മാത്രമല്ല, ദശലക്ഷക്കണക്കിന് പേരുടെ ദൈനംദിന യാത്ര എളുപ്പമാക്കുകയും ചെയ്യും.*

**തീരുമാനം: ഡൽഹി മെട്രോ ഫേസ്-V (A) പദ്ധതിയുടെ ഭാഗമായി മൂന്ന് പുതിയ ഇടനാഴികൾക്ക് അംഗീകാരം.**

**സ്വാധീനം:** 16.076 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതി ദേശീയ തലസ്ഥാനത്തെ ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്തും. ഡൽഹി മെട്രോ ഫേസ്-V (A) യുടെ ആകെ ചെലവ് 12014.91 കോടി രൂപയാണ്.

**മൂന്ന് പുതിയ ഇടനാഴികൾ:**

1. ആർ.കെ. ആശ്രമ മാർഗ് മുതൽ ഇന്ദ്രപ്രസ്ഥം വരെ (9.913 കി.മീ)
2. എയറോസിറ്റി മുതൽ ഐജിഡി എയർപോർട്ട് ടി-1 വരെ (2.263 കി.മീ)
3. തുഗ്ലക്കാബാദ് മുതൽ കാളിന്ദി കുഞ്ച് വരെ (3.9 കി.മീ)

- സെൻട്രൽ വിസ്റ്റ ഇടനാഴിയിലെ എല്ലാ ഗവൺമെന്റ് മന്ദിരങ്ങളിലേക്കും ഇത് ഗതാഗത സൗകര്യം നൽകും. ഇത് പ്രദേശത്തെ ഓഫീസ് ജീവനക്കാർക്കും സന്ദർശകർക്കും സൗകര്യപ്രദമാണ്.
- ഏകദേശം 60,000 ഓഫീസ് ജീവനക്കാർക്കും 2 ലക്ഷം സന്ദർശകർക്കും പ്രതിദിനം പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- ഈ ഇടനാഴികൾ മലിനീകരണവും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും ഗണ്യമായി കുറയ്ക്കുകയും അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യും.
- നിലവിൽ, ഡൽഹി മെട്രോ പ്രതിദിനം ശരാശരി 6.5 ദശലക്ഷം യാത്രക്കാർക്ക് സേവനം നൽകുന്നു. ഇന്ന്, ഇന്ത്യയിലെ ഏറ്റവും വലിയ മെട്രോ ശൃംഖല ഡൽഹി മെട്രോയ്ക്കാണ്. ലോകത്തിലെ ഏറ്റവും വലിയ മെട്രോകളിൽ ഒന്നാണിത്.

**തീരുമാനം: ഒഡീഷയിലെ NH-326 ന്റെ 68.600 കിലോമീറ്റർ മുതൽ 311.700 കിലോമീറ്റർ വരെ നിലവിലുള്ള രണ്ട് വരി പാത വീതികൂട്ടി ശക്തിപ്പെടുത്തുന്നതിനുള്ള ശുപാർശക്ക് അംഗീകാരം നൽകി. ഇത് എഞ്ചിനീയറിങ്, സംഭരണ, നിർമ്മാണ (ഇപിസി) രീതിയിലൂടെ ടാർ പാതകളുള്ള രണ്ട് വരി പാതയാക്കി മാറ്റുന്നു.**

**സ്വാധീനം:** NH-326 ന്റെ നവീകരണം, യാത്ര കൂടുതൽ വേഗത്തിലും സുരക്ഷിതവും വിശ്വസനീയവുമായി മാറ്റും. ഇത് തെക്കൻ ഒഡീഷയുടെ പ്രത്യേകിച്ച് ഗജപതി, റായഗഡ, കോരാപുട്ട് ജില്ലകളുടെ സമഗ്ര വികസനത്തിന് സംഭാവന നൽകും. മെച്ചപ്പെട്ട റോഡ് കണക്റ്റിവിറ്റി പ്രാദേശിക സമൂഹങ്ങൾ, വ്യവസായങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, വിപണികൾ, ആരോഗ്യ സേവനകേന്ദ്രങ്ങൾ എന്നിവയിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സഹായിക്കും. കൂടാതെ തൊഴിലവസരങ്ങളും സൃഷ്ടിക്കും. ഇത് മേഖലയുടെ സമഗ്ര വികസനത്തിന് സംഭാവന നൽകും. ഈ പദ്ധതിയുടെ ആകെ മൂലധന ചെലവ് 1,526.21 കോടി രൂപയാണ്.

**തീരുമാനം: ബിഒടി അടിസ്ഥാനത്തിൽ മഹാരാഷ്ട്രയിലെ 6-വരി ഗ്രീൻഫീൽഡ് നിയന്ത്രിത പ്രവേശനമുള്ള നാസിക്-സോളാപൂർ-അക്കൽകോട്ട് ഇടനാഴി നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം.**

**സ്വാധീനം:** 374 കിലോമീറ്റർ ദൈർഘ്യമുള്ളതായിരിക്കും പദ്ധതി. ഇതിൽ ഏകദേശം 19,142 കോടി രൂപ നിക്ഷേപം ഉൾപ്പെടും. നാസിക്, അഹല്യനഗർ, സോളാപൂർ തുടങ്ങിയ പ്രധാന പ്രാദേശിക നഗരങ്ങളെ കുർണൂലുമായി ബന്ധിപ്പിക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതി ഏകദേശം 251.06 ലക്ഷം നേരിട്ടുള്ള തൊഴിൽ ദിനങ്ങളും 313.83 ലക്ഷം പരോക്ഷ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കും. കൂടാതെ, നിർദ്ദിഷ്ട ഇടനാഴിക്ക് ചുറ്റുമുള്ള പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതിനാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.



# പശ്ചിമബംഗാളിന്റെ പുരോഗതിക്ക് ഒരു പുതിയ ഗതിവേഗം



*'സബ്കാ സാഥ്, സബ്കാ വികാസ്' ഉറപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് നിരന്തരം പ്രവർത്തിച്ചുവരുന്നു. രാജ്യത്ത് ദീർഘകാലമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പോലും ആധുനിക ഗതാഗത ബന്ധം നൽകുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഈ സാഹചര്യത്തിൽ, ഡിസംബർ 20 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പശ്ചിമ ബംഗാൾ സന്ദർശിക്കുകയും ഏകദേശം 3,200 കോടി രൂപയുടെ രണ്ട് ദേശീയ പാത പദ്ധതികൾക്ക് തറക്കല്ലിടുകയും നിർമാണപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഈ പദ്ധതികൾ സാമ്പത്തിക പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയും സംസ്ഥാനത്തെ വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും...*

പശ്ചിമ ബംഗാളിലെ നാദിയ, സ്നേഹം, കാരുണ്യം, ഭക്തി എന്നിവയുടെ ഊർജ്ജസ്വല മൂർത്തീഭാവമായ ശ്രീ ചൈതന്യ പ്രഭു സ്വയം അവതരിച്ച നാടാണ്. പശ്ചിമ ബംഗാളിലെ ഈ നാട്ടിൽ നിന്ന്, പശ്ചിമ ബംഗാളിന്റെ പുരോഗതിക്ക് പുതിയൊരു ആക്കം നൽകുന്നതിനായി, നാദിയ ജില്ലയിലെ റാണഘട്ടിൽ രണ്ട് പ്രധാന ഹൈവേ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തറക്കല്ലിടുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പുതിയ പദ്ധതികൾ ഈ പ്രദേശവും കൊൽക്കത്തയും സിലിഗുരിയും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തും. വികസിത ഇന്ത്യ എന്ന ദർശനം കൈവരിക്കുന്നതിൽ ആധുനിക അടിസ്ഥാന സൗകര്യങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് പശ്ചിമ ബംഗാളിലെ ആധുനിക അടിസ്ഥാന സൗകര്യങ്ങളിൽ വൻതോതിൽ നിക്ഷേപം നടത്തുന്നത്. ബരാജ്ഗുരിയിൽ നിന്ന് കൃഷ്ണനഗറിലേക്കുള്ള നാലുവരി പാത, 24 നോർത്ത് പർഗാനാസ്, നാദിയ, കൃഷ്ണനഗർ, മറ്റു പ്രദേശങ്ങൾ എന്നിങ്ങനെ ഇവിടുത്തെ നിവാസികൾക്ക് വളരെയധികം പ്രയോജനം ചെയ്യുമെന്ന് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇത് കൊൽക്കത്തയ്ക്കും സിലിഗുരിക്കും ഇടയിലുള്ള യാത്രാ സമയം ഏകദേശം രണ്ട് മണിക്കൂർ കുറച്ചു. ബരാസത്തിൽ നിന്ന് ബരാജ്ഗുരിയിലേക്കുള്ള നാലുവരി പാതയുടെ നിർമാണവും ആരംഭിച്ചു. ഈ രണ്ട് പദ്ധതികളും മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങളും ടൂറിസവും വ്യാപിപ്പിക്കും.

പശ്ചിമ ബംഗാളിന്റെ വികസനത്തിന് പണത്തിനോ ലക്ഷ്യത്തിനോ പദ്ധതികൾക്കോ യാതൊരു പരിമിതിയുമില്ല.

*പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

## രണ്ട് ദേശീയപാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും

- പശ്ചിമ ബംഗാളിൽ ഏകദേശം 3,200 കോടി രൂപ ചെലവിൽ പൂർത്തിയാക്കുന്ന രണ്ട് ദേശീയപാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി മോദി നിർവഹിച്ചു.
- നാദിയ ജില്ലയിലെ ബരജഗുലി-കൃഷ്ണനഗർ മേഖലയിൽ 66.7 കിലോമീറ്റർ ദൈർഘ്യത്തിൽ ദേശീയപാത -34ന്റെ നാലുവരി പാത ഉദ്ഘാടനം ചെയ്തു.
- നോർത്ത്-24 പർഗാനാസ് ജില്ലയിലെ ബരാസത്-ബരജഗുലി മേഖലയിൽ 17.6 കിലോമീറ്റർ ദൈർഘ്യത്തിൽ ദേശീയപാത-34ന്റെ നാലുവരി പാതയ്ക്ക് തറക്കല്ലിട്ടു.
- കൊൽക്കത്തയെയും സിലിഗുരിയെയും ബന്ധിപ്പിക്കുന്ന നിർണായക കണ്ണികളായി ഈ പദ്ധതികൾ പ്രവർത്തിക്കും.
- യാത്രാസമയം ഏകദേശം 2 മണിക്കൂർ ലാഭിക്കാൻ സഹായിക്കുന്ന ഈ പദ്ധതികൾ തടസ്സമില്ലാത്ത ഗതാഗതത്തിനായി സുഗമമായ അതിവേഗ വാഹന നീക്കം ഉറപ്പാക്കും.
- വാഹനങ്ങളുടെ പ്രവർത്തനച്ചെലവ് കുറയുകയും കൊൽക്കത്തയുമായും പശ്ചിമ ബംഗാളിലെ മറ്റ് അയൽ ജില്ലകളുമായും അയൽരാജ്യങ്ങളുമായും യാത്രാസൗകര്യം മെച്ചപ്പെടുകയും ചെയ്യും.



**നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും ബംഗാളിന്റെ ശോഭന ഭാവി ഉറപ്പാക്കാനും എല്ലാ ശക്തിയും ഉപയോഗിച്ച് ഞാൻ നിങ്ങൾക്കൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കും.**

**- നരേന്ദ്ര മോദി, *പ്രധാനമന്ത്രി***

കൂടാതെ, ഓരോ പൗരന്റെയും ശേഷി വർധിപ്പിക്കാനുതകുന്ന നയങ്ങൾ രൂപീകരിക്കുകയും തീരുമാനങ്ങളെടുക്കുകയുമാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. പ്രധാനമന്ത്രി മോദി പറഞ്ഞു: "ഞാൻ നിങ്ങൾക്കൊരു ഉദാഹരണം നൽകാം. കുറച്ചു നാൾ മുൻപ് നാം ജിഎസ്ടി സമ്പാദ്യോത്സവം ആഘോഷിച്ചു. പൗരന്മാർക്ക് അവശ്യ സാധനങ്ങൾ സാധ്യമായ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭിക്കുന്നുണ്ടെന്ന് കേന്ദ്ര സർക്കാർ ഉറപ്പാക്കി. ഇതിന്റെ ഫലമായി പശ്ചിമ ബംഗാളിലെ ജനങ്ങൾ ദുർഗാപൂജ സമയത്തും മറ്റ് ഉത്സവവേളകളിലും ധാരാളമായി ഷോപ്പിങ് നടത്തി."

### നാദിയയുടെ മണ്ണ്... സ്നേഹത്തിന്റെയും അനുകമ്പയുടെയും ഭക്തിയുടെയും ജീവരൂപം

ഡിസംബർ 20-ന് പശ്ചിമ ബംഗാൾ സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു പൊതുസമ്മേളനത്തെ വെർച്വലായി അഭിസംബോധന ചെയ്തു. സ്നേഹത്തിന്റെയും അനുകമ്പയുടെയും ഭക്തിയുടെയും ജീവരൂപമായ ചൈതന്യ മഹാപ്രഭു അവതരിച്ച പുണ്യഭൂമിയാണ് നാദിയ. നാദിയയിലെ ഓരോ ഗ്രാമത്തിലും ഗംഗയുടെ ഓരോ തീർത്ഥഘട്ടങ്ങളിലും ഹരിനാമ സങ്കീർത്തനം മുഴങ്ങിയപ്പോൾ അത് കേവലം ഭക്തി മാത്രമായിരുന്നില്ല... മറിച്ച് സാമൂഹ്യ ഐക്യത്തിന്റെ ആഹ്വാനമായിരുന്നു. "ഹരി നാം ദിയേ ജോഗത് മതാലെ... അമർ ഏകലാ നിതായ്" ഈ വികാരം പുണ്യഭൂമിയിലെ മണ്ണിലും കാറ്റിലും ജലത്തിലും ജനഹൃദയങ്ങളിലും ഇന്നും പ്രതിഫലിക്കുന്നു.

### വന്ദേ മാതരം രാഷ്ട്രനിർമാണ മന്ത്രമാക്കാൻ പ്രധാനമന്ത്രി മോദിയുടെ ആഹ്വാനം

ബംഗാളും ബംഗാളി ഭാഷയും ഭാരത ചരിത്രത്തെയും സംസ്കാരത്തെയും നിരന്തരം സമ്പന്നമാക്കിയിട്ടുണ്ട്. അത്തരമൊരു മഹത്തായ സംഭാവനയാണ് വന്ദേ മാതരം. രാജ്യമൊന്നടങ്കം വന്ദേ മാതരത്തിന്റെ 150-ാം വർഷം ആഘോഷിക്കുകയാണ്. അടുത്തിടെ ഇന്ത്യൻ പാർലമെന്റും വന്ദേമാതരത്തിന്റെ മഹത്വത്തിന് ശ്രദ്ധാഞ്ജലിയർപ്പിച്ചു. വന്ദേ മാതരമെന്ന അനശ്വര ഗീതത്തിന്റ മണ്ണാണ് പശ്ചിമ ബംഗാൾ. ബങ്കിം ചന്ദ്ര ചതോപാധ്യായയെപ്പോലെ മഹാനായ ഋഷിവര്യനെ രാജ്യത്തിന് നൽകിയത് ഈ മണ്ണാണ്. വന്ദേ മാതരത്തിലൂടെ ഋഷി ബങ്കിം ബാബു അടിമത്ത ഭാരതത്തിന് പുതിയൊരു ദിശാബോധം നൽകി. കൂടാതെ പത്തൊൻപതാം നൂറ്റാണ്ടിൽ അടിമത്തത്തിന്റെ മോചന മന്ത്രമായി വന്ദേ മാതരം മാറി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വന്ദേ മാതരത്തെ രാഷ്ട്രനിർമാണ മന്ത്രമാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാവരോടും ആഹ്വാനം ചെയ്തു. ഇനി വികസിത ഭാരതത്തിന്റെ പ്രചോദനമായി നാം വന്ദേ മാതരത്തെ മാറ്റണം. ഈ ഗീതത്തിലൂടെ വികസിത പശ്ചിമ ബംഗാളിനായി നാം അവബോധമുണർത്തണം.

നേതാജിയുടെ ജന്മവാർഷികത്തിൽ
ശ്രദ്ധാഞ്ജലി നേർന്ന് കൃതജ്ഞതയോടെ രാജ്യം

# നേതാജിയുടെ ധീരത പുതുജീവനേകി ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന്



***മികച്ച വിദ്യാർത്ഥിയും കാര്യക്ഷമ ഭരണാധികാരിയും അചഞ്ചല നേതാവുമായിരുന്ന സുഭാഷ് ചന്ദ്ര ബോസ് തന്റെ ധീരതയിലൂടെയും ശൗര്യത്തിലൂടെയും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന് പുതിയ കരുത്തേകി. പ്രതികൂല സാഹചര്യങ്ങളിലും വ്യക്തിപ്രഭാവമാർന്ന നേതൃശക്തിയിലൂടെ അദ്ദേഹം രാജ്യത്തെ യുവശക്തിയെ ഒരുമിപ്പിച്ചു. രാഷ്ട്രത്തിന് അദ്ദേഹം നൽകിയ നിസ്വാർത്ഥ സേവനങ്ങളെ ആദരിക്കുന്നതിന് 2021 മുതൽ എല്ലാവർഷവും അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 23 'പരാക്രമം ദിവസ്' (ധീരതയുടെ ദിനം) ആയി ആഘോഷിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. മാതൃരാജ്യത്തിന് വേണ്ടി അദ്ദേഹം മുന്നോട്ടുവെച്ച സമാനതകളില്ലാത്ത ത്യാഗവും അർപ്പണബോധവും പോരാട്ടവും രാജ്യത്തിന് എക്കാലവും വഴികാട്ടിയാണ്.***

വ്യക്തിപരമായ എല്ലാ സുഖസൗകര്യങ്ങളും ത്യജിച്ച് കാറിലും അന്തർവാഹിനിയിലുമായി ഏകദേശം 35,000 കിലോമീറ്റർ സഞ്ചരിച്ച നേതാജി സുഭാഷ് ചന്ദ്രബോസ് സ്വതന്ത്രവും പരമാധികാരപൂർണവുമായ ഇന്ത്യയെന്ന വിശ്വാസം രാജ്യത്തെ ജനമനസ്സുകളിൽ ഊട്ടിയുറപ്പിച്ചു. ഇന്ത്യയെ മോചിപ്പിക്കാൻ നടത്തിയ മഹത്തായ ശ്രമത്തിന്റെ ഭാഗമായി കൽക്കട്ടയിൽ നിന്ന് ബെർലിനിലേക്കും പിന്നീട് ജപ്പാനിലേക്കും സഞ്ചരിച്ച നേതാജി ഏറെ അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും ധീരതയോടെയും ബ്രിട്ടീഷ് അധികാരികൾക്ക് മുന്നിൽ പ്രഖ്യാപിച്ചു: 'ഞാൻ സ്വാതന്ത്ര്യത്തിനായി യാചിക്കില്ല, പകരം ഞാനത് നേടിയെടുക്കും.' രാജ്യത്തിന്റെ മണ്ണിൽ ആദ്യ സ്വതന്ത്ര സർക്കാർ സ്ഥാപിച്ച അതേ നേതാജിയുടെ 129-ാം ജന്മവാർഷികമാണ് 2026 ജനുവരി 23-ന് രാജ്യം ആഘോഷിക്കുന്നത്.

ഇന്ത്യ അതിന്റെ സ്വത്വവും പ്രചോദനങ്ങളും പുനരുജ്ജീവിപ്പിക്കുമെന്നതായിരുന്നു ആസാദി കാ അമൃത് മഹോത്സവത്തിന്റെ (ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം) പ്രമേയം. ഈ പാതയിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഓരോ പൈതൃകത്തെയും രാജ്യം അത്യന്തം അഭിമാനത്തോടെ നെഞ്ചേറ്റുന്നു. നേതാജി പറഞ്ഞു-'ഇന്ത്യ വിളിക്കുന്നു. രക്തം രക്തത്തെ വിളിക്കുന്നു. ഉണരൂ! എഴുന്നേൽക്കൂ. നമുക്ക് നഷ്ടപ്പെടുത്താൻ സമയമില്ല'. ഇത്രയും ആത്മവിശ്വാസത്തോടെയുള്ള യുദ്ധകാഹളം മുഴക്കാൻ നേതാജിക്ക് മാത്രമേ കഴിയൂ. എല്ലാത്തിനുമുപരി, യുദ്ധക്കളത്തിൽ ഇന്ത്യയുടെ ധീരരായ സൈനികർക്ക് സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തെ പരാജയപ്പെടുത്താൻ കഴിയുമെന്ന് അദ്ദേഹം കാണിച്ചുതന്നു. സ്വതന്ത്ര ഇന്ത്യയുടെ മണ്ണിൽ ഇന്ത്യയുടെ സ്വതന്ത്ര ഗവൺമെന്റിന്റെ അടിത്തറയിടുമെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തു. നേതാജി തന്റെ വാഗ്ദാനം നിറവേറ്റുകയും ചെയ്തു. അദ്ദേഹം തന്റെ സൈനികരോടൊപ്പം ആൻഡമാനിൽ എത്തി ത്രിവർണ്ണ പതാക ഉയർത്തി.

### നേതാജിയുമായി ബന്ധപ്പെട്ട ഫയലുകൾ പരസ്യമാക്കി

നേതാജി സുഭാഷ് ചന്ദ്രബോസുമായി ബന്ധപ്പെട്ട ഫയലുകളുടെ രഹസ്യ സ്വഭാവം നീക്കാനും അവ പരസ്യപ്പെടുത്താനും കേന്ദ്ര സർക്കാർ തീരുമാനിച്ചു. 33 ഫയലുകളുടെ ആദ്യ ശേഖരം 2015 ഡിസംബർ 4-ന് പുറത്തിറക്കി. പൊതുജനങ്ങളുടെ ദീർഘകാല ആവശ്യം പരിഗണിച്ച് നേതാജിയുമായി ബന്ധപ്പെട്ട 100 ഫയലുകളുടെ ഡിജിറ്റൽ പതിപ്പുകൾ 2016 ജനുവരി 23-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പുറത്തിറക്കി.

### 'പരാക്രമം ദിവസിൽ' യുവതയുമായി സംവാദം

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മവാർഷികമായ 'പരാക്രമം ദിവസി'നോടനുബന്ധിച്ച്' 2025 ജനുവരി 20-ന് 'നിങ്ങളുടെ നേതാക്കളെ അറിയുക'



## നേതാജിയുടെ പൈതൃകം സംരക്ഷിക്കാൻ നടപടികളുമായി കേന്ദ്ര സർക്കാർ


- 2021 ജനുവരി 19-ന് എല്ലാ വർഷവും ജനുവരി 23 രാജ്യം 'പരാക്രം ദിവസ്' ആയി ആഘോഷിക്കുമെന്ന് പ്രഖ്യാപിച്ചു.
- 2021 ജനുവരി 23-ന് നേതാജിയുടെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾക്ക് കേന്ദ്ര സർക്കാർ തുടക്കം കുറിച്ചു.
- 2015 ഒക്ടോബർ 14-ന് നേതാജി സുഭാഷ് ചന്ദ്രബോസിന്റെ കുടുംബത്തിലെ 35 അംഗങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഔദ്യോഗിക വസതിയിൽ കൂടിക്കാഴ്ച നടത്തി.
- ആസാദ് ഹിന്ദ് സർക്കാർ സ്ഥാപിതമായതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് 2018 ഒക്ടോബർ 21-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ചെങ്കോട്ടയിൽ പതാക ഉയർത്തി.
- 2019-ലെ റിപ്പബ്ലിക് ദിന പരേഡിൽ ആസാദ് ഹിന്ദ് ഫൗജിലെ (ഐഎൻഎ) നാല് മുൻ സൈനികർ പങ്കെടുത്തു.
- 2021 ജനുവരി 23-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി കൊൽക്കത്തയിലെ നേതാജിയുടെ കുടുംബവീട് സന്ദർശിച്ചു. അദ്ദേഹത്തിന്റെ ഓർമയ്ക്കായി പ്രത്യേക സ്മരണിക നാണയവും തപാൽ സ്റ്റാമ്പും പുറത്തിറക്കി. നേതാജിയുടെ കത്തുകൾ ഉൾപ്പെടുത്തിയ പുസ്തകവും പ്രകാശനം ചെയ്തു.
- 2021 ജനുവരി 23-ന് കൊൽക്കത്തയിൽ നേതാജിയുടെ ജീവിതം സംബന്ധിച്ച് ഒരു പ്രദർശനവും ദൃശ്യാവിഷ്കാരവും ആരംഭിച്ചു. ഹൗറയിൽ നിന്ന് സർവീസ് നടത്തുന്ന 'ഹൗറ-കൽക്ക മെയിൽ' ട്രെയിനിന്റെ പേര് 'നേതാജി എക്സ്പ്രസ്' എന്ന് പുനർനാമകരണം ചെയ്തു.
- കർത്തവ്യപഥിൽ നേതാജിയുടെ പ്രതിമയ്ക്ക് സുപ്രധാന സ്ഥാനം നൽകി. കർത്തവ്യപഥ് സന്ദർശിക്കുന്ന ഓരോ പൗരനും സ്വന്തം ദൗത്യത്തോട് നേതാജി പുലർത്തിയ അർപ്പണബോധം ഓർമിക്കണമെന്ന ലക്ഷ്യത്തോടെയാണിത്. ആസാദ് ഹിന്ദ് സർക്കാർ ആദ്യമായി ത്രിവർണപതാക ഉയർത്തിയ ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്ക് നേതാജി നിശ്ചയിച്ച പേരുകൾ തന്നെ നൽകി. റോസ് ഐലൻഡിനെ 'നേതാജി സുഭാഷ് ചന്ദ്രബോസ് ദ്വീപ്' എന്നും ഹാവ്‌ലോക്ക്, നീൽ ദ്വീപുകളെ യഥാക്രമം 'സ്വരാജ്', 'ഷഹീദ്' ദ്വീപുകൾ എന്നും പുനർനാമകരണം ചെയ്തു.
- 2023 ജനുവരി 23-ന് നേതാജി സുഭാഷ് ചന്ദ്രബോസ് ദ്വീപിൽ നേതാജിക്കായി സമർപ്പിക്കാൻ പോകുന്ന ദേശീയ സ്മാരകത്തിന്റെ മാതൃക പ്രധാനമന്ത്രി നരേന്ദ്ര മോദി അനാച്ഛാദനം ചെയ്തു.
- നേതാജിക്കായി സമർപ്പിക്കപ്പെട്ട മ്യൂസിയവും ആസാദ് ഹിന്ദ് ഫൗജിന്റെ സംഭാവനകളും ചെങ്കോട്ടയിൽ സ്ഥാപിച്ചു. നേതാജിയുടെ പേരിൽ ആദ്യമായി 'സുഭാഷ് ചന്ദ്രബോസ് ആപ്ദ പ്രബന്ധൻ പുരസ്കാർ' എന്ന പേരിൽ ദേശീയ പുരസ്കാരം ഏർപ്പെടുത്തി.

**കുട്ടിക്കാലം മുതൽ നേതാജി സുഭാഷ് ചന്ദ്രബോസ് എന്ന പേര് കേട്ടപ്പോഴെല്ലാം എന്നിൽ അത് പുതിയൊരു ഊർജം നിറച്ചിരുന്നു. വാക്കുകൾ കൊണ്ട് വിവരിക്കാനാവാത്ത വിധം മഹത്തായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. നേതാജിയുടെ ആഴമേറിയ ദീർഘവീക്ഷണം തിരിച്ചറിയാൻ ഒരാൾക്ക് നിരവധി ജന്മങ്ങൾ വേണ്ടിവരും. ലോകത്തെ ഏറ്റവും വലിയ വെല്ലുവിളികൾക്ക് പോലും തളർത്താനാവാത്ത മനോബലവും ധൈര്യവും അതികഠിന സാഹചര്യങ്ങളിൽപോലും അദ്ദേഹത്തിനുണ്ടായിരുന്നു. ഞാൻ നേതാജി സുഭാഷ് ചന്ദ്രബോസിനെ പ്രണമിക്കുകയും അദ്ദേഹത്തിന് അഭിവാദ്യമർപ്പിക്കുകയും ചെയ്യുന്നു.**

**- നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***

എന്ന പരിപാടിക്ക് കീഴിൽ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ പാർലമെന്റിലെ സെൻട്രൽ ഹാളിൽ നേതാജി സുഭാഷ് ചന്ദ്രബോസിന് ശ്രദ്ധാഞ്ജലിയർപ്പിച്ചു.

പാർലമെന്ററി റിസർച്ച് ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസീസ് (പ്രൈഡ്) ആണ് ഈ പരിപാടി സംഘടിപ്പിച്ചത്. സ്വാതന്ത്ര്യ സമരത്തിൽ നേതാജി നൽകിയ സംഭാവനകളെക്കുറിച്ച് നിരവധി യുവപങ്കാളികൾ ചടങ്ങിൽ കാഴ്ചപ്പാടുകൾ പങ്കുവെക്കുകയും അദ്ദേഹത്തിന്റെ ജീവിത മൂല്യങ്ങളെയും ആദർശങ്ങളെയും അനുസ്മരിക്കുകയും ചെയ്തു.



രാഷ്ട്ര പ്രേരണാ സ്ഥൽ

# ആത്മാഭിമാനത്തിന്റെ പ്രതീകം, ഐക്യത്തിന്റെയും സേവനത്തിന്റെയും

***സദ്ഭരണത്തിലൂടെ മാറ്റങ്ങൾ കൊണ്ടുവന്നതിനൊപ്പം പൊഖ്റാനിലൂടെയും കാർഗിൽ വിജയത്തിലൂടെയും ശൗര്യത്തിന്റെ മായ്ക്കാനാവാത്ത ചരിത്രം രചിച്ച ഭാരതരത്ന അടൽ ബിഹാരി വാജ്പേയിയുടെ 101–ാം ജന്മവാർഷിക ദിനമായ ഡിസംബർ 25–ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ലഖ്നൗവിൽ 'രാഷ്ട്ര പ്രേരണാ സ്ഥൽ' ഉദ്ഘാടനം ചെയ്തു. ഡോ. ശ്യാമ പ്രസാദ് മുഖർജി, പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ, മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി എന്നിവരുടെ 65 അടി വെങ്കല പ്രതിമകൾ സ്ഥാപിച്ച ഈ സമുച്ചയം രാഷ്ട്രീയ ചിന്താഗതിയ്ക്കും രാഷ്ട്രനിർമാണത്തിനും പൊതുജീവിതത്തിനും അവർ നൽകിയ മഹത്തായ സംഭാവനകളുടെ പ്രതീകമാണ്.***

ഒരു രാജ്യത്തിന് രണ്ട് ഭരണഘടനകളും രണ്ട് രാഷ്ട്രത്തലവന്മാരും രണ്ട് ദേശീയ ചിഹ്നങ്ങളും ഉണ്ടാകാൻ കഴിയില്ലെന്ന ആപ്തവാക്യത്തിലൂടെ ഡോ. ശ്യാമ പ്രസാദ് മുഖർജി ഏകീകൃത ഇന്ത്യക്ക് അടിത്തറയിട്ടു. അതേസമയം 'ഏകാത്മ മാനവ ദർശനം' എന്ന തത്വം മുന്നോട്ടുവെച്ച പണ്ഡിറ്റ് ദീനദയാൽ ഉപാധ്യായ സമൂഹത്തിലെ ഓരോ വിഭാഗത്തിന്റെയും പുരോഗതിയ്ക്കായി 'അന്ത്യോദയ' (ഏറ്റവും പാവപ്പെട്ടവന്റെ ഉന്നമനം) എന്ന ലക്ഷ്യം നിശ്ചയിച്ചു. മഹാനായ കവിയും ദേശീയവാദി ചിന്തയുടെ ജനനായകനുമായ അടൽ ബിഹാരി വാജ്പേയി ദേശീയ ക്ഷേമത്തിന്റെ ഈ പ്രവാഹം മുന്നോട്ടുകൊണ്ടുപോയി. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ജീവിതത്തോടും ആദർശങ്ങളോടും ആദരസൂചകമായി ഉത്തർപ്രദേശിലെ ലഖ്നൗവിൽ രാഷ്ട്ര പ്രേരണാ സ്ഥൽ ഉദ്ഘാടനം ചെയ്യവെ, ഡിസംബർ 25 രാജ്യത്തെ രണ്ട് മഹദ് വ്യക്തിത്വങ്ങളുടെ ജന്മവാർഷികമെന്ന നിലയിൽ അവിസ്മരണീയ ദിനമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഭാരതരത്ന അടൽ ബിഹാരി വാജ്പേയിയും ഭാരതരത്ന മഹാമന മദൻ മോഹൻ മാളവ്യയും ഇന്ത്യയുടെ സ്വത്വവും ഐക്യവും അഭിമാനവും സംരക്ഷിക്കുകയും രാഷ്ട്രനിർമാണത്തിൽ മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുകയും ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു.

ഐക്യത്തിനും അഖണ്ഡതയ്ക്കും കരുത്തുറ്റ രാഷ്ട്രനിർമാണത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ദീർഘദർശിയായ നേതാവായിരുന്നു ഡോ. ശ്യാമ പ്രസാദ് മുഖർജി. മറുവശത്ത് ഇന്ത്യയെ അതിന്റെ വേരുകളുമായി ബന്ധിപ്പിച്ച് സ്വയംപര്യാപ്തവും സമൃദ്ധവും സാംസ്കാരികമായി കരുത്തുറ്റതുമായ രാഷ്ട്രമാക്കി മാറ്റാൻ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ വഴിതെളിച്ചു. അടൽ ബിഹാരി വാജ്പേയി ലോകഭൂപടത്തിൽ ഇന്ത്യയെ കരുത്തുറ്റ ആഗോള ശക്തിയായി നിസ്സംശയം പ്രതിഷ്ഠിച്ചു. ലഖ്നൗവിലെ രാഷ്ട്ര പ്രേരണാ സ്ഥലിൽ സ്ഥാപിച്ച മൂന്ന് മഹദ് ദേശീയ നായകരുടെയും 65 അടി വെങ്കല പ്രതിമകൾ ദേശീയവാദി ആദർശങ്ങളുടെയും തത്വങ്ങളുടെയും ദൃശ്യരൂപമായി നിലകൊള്ളുന്നു. ചിന്തയുടെയും സംസ്കാരത്തിന്റെയും ദേശീയ ബോധത്തിന്റെയും ഈ മഹദ് സംഗമം വികസിത ഇന്ത്യക്കും വികസിത ഉത്തർപ്രദേശിനും നവീനവും പ്രചോദനാത്മകവുമായ പാതയൊരുക്കുന്നു. ഡോ. മുഖർജിയും പണ്ഡിറ്റ് ദീൻദയാലും അടൽജിയും നൽകിയ പ്രചോദനവും അവരുടെ ദീർഘവീക്ഷണ പ്രവർത്തനങ്ങളും ഒപ്പം ഗംഭീരമായ ഈ പ്രതിമകളും വികസിത ഇന്ത്യക്ക് ശക്തമായ അടിത്തറയാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

## രാജ്യത്തിന്റെ സുവർണ ഭാവിയിലേക്ക് വഴിതുറക്കുന്ന രാഷ്ട്ര പ്രേരണാ സ്ഥൽ

- 65 ഏക്കർ വിസ്തൃതിയിൽ താമരപ്പൂവിന്റെ ആകൃതിയിലാണ് ലഖ്നൗ വികസന അതോറിറ്റി രാഷ്ട്ര പ്രേരണാ സ്ഥൽ വികസിപ്പിച്ചിരിക്കുന്നത്.
- ഏതാനും മാസങ്ങൾക്ക് മുൻപുവരെ 6.5 ലക്ഷം മെട്രിക് ടൺ മാലിന്യം കുന്നുകൂടിക്കിടന്ന സ്ഥലമായിരുന്നു ഇത്.
- കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശക്തമായ തീരുമാനത്തിലൂടെ മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമാർജനം ചെയ്ത് ഹരിതാഭവും ശുചിത്വപൂർണവുമായ സമുച്ചയമാക്കി പ്രദേശത്തെ മാറ്റിയെടുത്തു.
- ഇന്ത്യയുടെ രാഷ്ട്രീയ ചിന്താഗതിയ്ക്കും രാഷ്ട്രനിർമാണത്തിനും പൊതുജീവിതത്തിനും നൽകിയ മായ്ക്കാനാവാത്ത സംഭാവനകളുടെ പ്രതീകമായി ഡോ. ശ്യാമ പ്രസാദ് മുഖർജി, പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ, മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി എന്നിവരുടെ 65 അടി വെങ്കല പ്രതിമകൾ ഇവിടെ സ്ഥാപിച്ചു.
- 230 കോടി രൂപ ചെലവിൽ നിർമിച്ച ഈ വിശാലമായ സ്ഥലത്ത് 2 ലക്ഷം പേരെ ഉൾക്കൊള്ളാനാവും. ധ്യാനസ്ഥലം, ലൈബ്രറി, 3,000 പേർക്ക് ഇരിക്കാവുന്ന വലിയ ആംഫി തിയറ്റർ, മനോഹരമായി രൂപകല്പന ചെയ്ത ഉദ്യാനം എന്നിവയും ഈ സമുച്ചയത്തിലുണ്ട്.
- ഡോ. ശ്യാമ പ്രസാദ് മുഖർജി, പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ, അടൽ ബിഹാരി വാജ്പേയി എന്നിവരുടെ മഹത്തായ ജീവിതവും തത്വശാസ്ത്രങ്ങളും പോരാട്ടങ്ങളും ആശയങ്ങളും അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ദൃശ്യാവിഷ്കാരങ്ങളിലൂടെ മ്യൂസിയത്തിൽ അവതരിപ്പിക്കുന്നു.



*പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ*

**രാജ്യത്തിന് ആത്മാഭിമാനത്തിന്റെയും ഐക്യത്തിന്റെയും സേവനത്തിന്റെയും പാത കാണിച്ച പ്രത്യയശാസ്ത്രത്തിന്റെ പ്രതീകമാണ് രാഷ്ട്ര പ്രേരണാ സ്ഥൽ. ഡോ. ശ്യാമ പ്രസാദ് മുഖർജി, പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ, അടൽ ബിഹാരി വാജ്പേയി എന്നിവരുടെ പ്രതിമകൾ തലയുയർത്തി നിൽക്കുന്നു. അവ നൽകുന്ന പ്രചോദനം അതിലുമേറെ വലുതാണ്.**

**- നരേന്ദ്ര മോദി, *പ്രധാനമന്ത്രി***

ഇന്ന് അവരുടെ പ്രതിമകൾ നമ്മിൽ പുതിയ ഊർജം നിറയ്ക്കുന്നു. ഉത്തർപ്രദേശിലെ കഠിനാധ്വാനികളായ ജനങ്ങൾ പുതിയ ഭാവി രചിക്കുകയാണെന്ന് എനിക്കിന്ന് അഭിമാനത്തോടെ പറയാം. ഒരുകാലത്ത് മോശം ക്രമസമാധാന നിലയുടെ പേരിൽ അറിയപ്പെട്ടിരുന്ന ഉത്തർപ്രദേശ് ഇന്ന് വികസനത്തിന്റെ പേരിൽ അറിയപ്പെടുന്നു. രാജ്യത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ ഇന്ന് ഉത്തർപ്രദേശ് അതിവേഗം ഉയർന്നുവരികയാണ്. അയോധ്യയിലെ പ്രൗഢമായ രാമക്ഷേത്രവും കാശി വിശ്വനാഥ് ധാമും ലോകത്ത് പുതിയ സ്വത്വത്തിന്റെ പ്രതീകങ്ങളായി മാറുന്നു. രാഷ്ട്ര പ്രേരണാ സ്ഥൽ പോലുള്ള ആധുനിക നിർമിതികൾ ഉത്തർപ്രദേശിന്റെ പുതിയ പ്രതിച്ഛായയെ കൂടുതൽ ഉജ്ജ്വലമാക്കിത്തീർക്കുന്നു.

**മഹാരാജ ബിജ്‌ലി പാസിയ്ക്ക് ആദരപൂർവം ശ്രദ്ധാഞ്ജലി**

ഡിസംബർ 25 മഹാരാജ ബിജ്‌ലി പാസിയുടെ ജന്മവാർഷികം കൂടിയാണ്. ലഖ്നൗവിലെ പ്രശസ്തമായ ബിജ്‌ലി പാസി കോട്ട രാഷ്ട്ര പ്രേരണാ സ്ഥലിൽ നിന്ന് ഏറെ ദൂരെയല്ല. മഹാരാജ ബിജ്‌ലി പാസി കൈമാറിയ ധീരതയുടെയും സദ്ഭരണത്തിന്റെയും ഉൾച്ചേർക്കലിന്റെയും പൈതൃകം പാസി സമൂഹം അഭിമാനപൂർവം മുന്നോട്ടുകൊണ്ടുപോകുന്നു. 2000-ത്തിൽ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി മഹാരാജ ബിജ്‌ലി പാസിയുടെ സ്മരണാർത്ഥം തപാൽ സ്റ്റാമ്പ് പുറത്തിറക്കിയെന്നത് മറ്റൊരു യാദൃച്ഛികതയാണ്. പുണ്യദിനത്തിൽ മഹാരാജ ബിജ്‌ലി പാസിക്ക് ആദരപൂർവം ശ്രദ്ധാഞ്ജലിയർപ്പിക്കുന്നതായി പ്രധാനമന്ത്രി മോദി പറഞ്ഞു.

വീർ ബാൽ ദിവസ്

# അസാധാരണ പ്രതിഭയും ധീരതയും പ്രകടിപ്പിച്ച യുവതയ്ക്ക് ആദരം

***സാഹിബ്സാദമാരുടെ വീര്യത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് ഡിസംബർ 26 'വീർ ബാൽ ദിവസ്' ആയി ആചരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. ഈ പുതിയ പാരമ്പര്യം നാല് വർഷത്തിനകം സാഹിബ്സാദമാരുടെ പ്രചോദനാത്മക കഥകൾ പുതുതലമുറയ്ക്ക് മുന്നിലെത്തിക്കുക മാത്രമല്ല, 'പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ' വഴി ധീരരും പ്രതിഭാശാലികളുമായ യുവജനങ്ങളെ വളർത്തിയെടുക്കാൻ വേദിയൊരുക്കുകയും ചെയ്തു. 2025 ഡിസംബർ 26 – ലെ വീർ ബാൽ ദിനത്തിൽ പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമ്മു സമ്മാനിച്ചു. ഭാരത് മണ്ഡപത്തിൽ വീർ ബാൽ ദിവസ് പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു...***

കല, ധീരത, സാമൂഹ്യ സേവനം, ശാസ്ത്രം തുടങ്ങിയ മേഖലകളിൽ അസാധാരണ സംഭാവനകൾ നൽകിയ കുട്ടികൾക്ക് വർഷംതോറും പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരം നൽകുന്നു. ഈ വർഷത്തെ 20 പുരസ്കാര ജേതാക്കളിൽ ഏറ്റവും പ്രായം കുറഞ്ഞത് വെറും 7 വയസ്സുകാരിയായ വഗ ലക്ഷ്മി പ്രഗ്നികയാണ്. പ്രതിഭയ്ക്ക് പ്രായം തടസമല്ലെന്നതിന് തെളിവാണിത്. പ്രതിഭാധനരായ ഇത്തരം കുട്ടികളിലൂടെയാണ് ലോകവേദിയിൽ ചെസ്സിലെ കരുത്തുറ്റ രാജ്യമായി ഭാരതം അംഗീകരിക്കപ്പെടുന്നത്. പുരസ്കാര ജേതാക്കളായ അജയ് രാജ്, മുഹമ്മദ് സിദാൻ പി. എന്നിവരുടെ ധീരത ഏറെ പ്രചോദനാത്മകമാണ്; ധൈര്യത്തോടെയും സമയോചിത ഇടപെടലുകളിലൂടെയും അവർ മറ്റുള്ളവരുടെ ജീവൻ രക്ഷിച്ചു. എന്നാൽ മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ നടത്തിയ ശ്രമത്തിനിടെ സ്വന്തം ജീവൻ ബലിനൽകിയ ഒൻപത് വയസ്സുകാരി വ്യോമ പ്രിയയും പതിനൊന്ന് വയസ്സുകാരൻ ബഹദൂർ കമലേഷ് കുമാറും നൊമ്പരമുണർത്തുന്നു.

'ഓപ്പറേഷൻ സിന്ദൂർ' സമയത്ത് യുദ്ധസാഹചര്യങ്ങൾ നിലനിൽക്കെ വീടിനടുത്തെ അതിർത്തി മേഖലയിൽ നിലയുറപ്പിച്ച ഇന്ത്യൻ സൈനികർക്ക് സ്ഥിരമായി വെള്ളവും പാലും ലസ്സിയും എത്തിച്ച പത്തു വയസ്സുകാരൻ ശ്രാവൺ സിങ്ങും പുരസ്കാര ജേതാക്കളിലുണ്ട്.





> രാജ്യത്തെ യുവാക്കൾ വലിയ സ്വപ്നങ്ങൾ കാണണമെന്നും കഠിനാധ്വാനം ചെയ്യണമെന്നും ഒരിക്കലും ആത്മവിശ്വാസം ചോരാതെ മുന്നേറണമെന്നും ഞാൻ പ്രത്യാശിക്കുന്നു. കുട്ടികളുടെയും യുവാക്കളുടെയും ഭാവി ശോഭനമാണെങ്കിൽ മാത്രമേ ഭാരതത്തിന്റെ ഭാവി ശോഭനമാകൂ. അവരുടെ ധീരതയും പ്രതിഭയും അർപ്പണബോധവും രാഷ്ട്ര പുരോഗതിക്ക് വഴികാട്ടിയാകും.
>
> **- നരേന്ദ്ര മോദി, *പ്രധാനമന്ത്രി***

*പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടിയും കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

## വീർ ബാൽ ദിവസിൽ സംഘടിപ്പിച്ച വിവിധ പരിപാടികൾ

വീർ ബാൽ ദിവസിനോടനുബന്ധിച്ച് കേന്ദ്ര സർക്കാർ രാജ്യത്തുടനീളം ജനപങ്കാളിത്തത്തോടെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സാഹിബ്സാദമാരുടെ അസാധാരണ ധീരതയെക്കുറിച്ചും പരമത്യാഗത്തെക്കുറിച്ചും പൗരന്മാരെ ബോധവൽക്കരിക്കാനും രാജ്യത്തെ യുവധീരരുടെ അചഞ്ചല ധൈര്യത്തെയും ത്യാഗത്തെയും ആദരവോടെ സ്മരിക്കാനുമാണ് പരിപാടികൾ ലക്ഷ്യമിട്ടത്. കഥാഖ്യാനവും കവിതാലാപനവും പോസ്റ്റർ നിർമാണവും പ്രബന്ധരചനയും തുടങ്ങി വ്യത്യസ്ത മത്സരങ്ങൾ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. ശ്രീ ഗുരു ഗോബിന്ദ് സിങ്ങിന്റെ പ്രകാശപർവ ദിനത്തിൽ 2022 ജനുവരി 9-നാണ് അദ്ദേഹത്തിന്റെ പുത്രന്മാരായ സാഹിബ്സാദ ബാബ സോരാവർ സിങ്ങിന്റെയും ബാബ ഫത്തേ സിങ്ങിന്റെയും സ്മരണയ്ക്ക് ഡിസംബർ 26 'വീർ ബാൽ ദിവസ്' ആയി ആചരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചത്.

## വീർ ബാൽ ദിവസ്: സാഹിബ്സാദമാരുടെ വീര്യത്തെ നെഞ്ചേറ്റുന്നു

ബാല്യത്തിന്റെ വീര്യവും ആദരണീയ ത്യാഗവും നെഞ്ചേറ്റുന്ന ദിനമാണ് വീർ ബാൽ ദിവസ്. സാഹിബ്സാദ അജിത് സിങ്, സാഹിബ്സാദ ജുജാർ സിങ്, സാഹിബ്സാദ സോരാവർ സിങ്, സാഹിബ്സാദ ഫത്തേ സിങ് എന്നിവർക്ക് തീരെ ചെറിയ പ്രായത്തിൽ തന്നെ അക്കാലത്തെ ഏറ്റവും വലിയ ശക്തിയെ നേരിടേണ്ടി വന്നു. അത് ഭാരതത്തിന്റെ അടിസ്ഥാന ആദർശങ്ങളും മതഭ്രാന്തും തമ്മിലെ ഏറ്റുമുട്ടലായിരുന്നു; സത്യവും അസത്യവും തമ്മിലെ പോരാട്ടം. ആ പോരാട്ടത്തിന്റെ ഒരു വശത്ത് പത്താമത് ഗുരുവായ ശ്രീ ഗുരു ഗോബിന്ദ് സിങ് ജിയും മറുവശത്ത് ഔറംഗസീബ് ചക്രവർത്തിയുമായിരുന്നു. സാഹിബ്സാദമാർ അന്ന് തീരെ ചെറിയ കുട്ടികളായിരുന്നു, എന്നാൽ ഔറംഗസീബിന്റെ ക്രൂരതയ്ക്ക് അതൊരു തടസമായിരുന്നില്ല. നമ്മുടെ ഗുരുക്കന്മാർ കേവലം സാധാരണ മനുഷ്യരായിരുന്നില്ല. തപസ്സിന്റെയും ത്യാഗത്തിന്റെയും ആൾരൂപങ്ങളായിരുന്നു അവർ. ധീരരായ സാഹിബ്സാദമാർക്ക് അവരിൽ നിന്നാണ് ആ പൈതൃകം ലഭിച്ചത്. അതിനാൽ ഒരു സാഹിബ്സാദ പോലും പതറിയില്ല. സാഹിബ്സാദ അജിത് സിങ്ങിന്റെ വാക്കുകൾ ഇന്നും അദ്ദേഹത്തിന്റെ ധീരതയുടെ കഥ പറയുന്നു: "എന്റെ പേര് അജിത് (തോൽപ്പിക്കാനാവാത്തവൻ) എന്നാണ്, ഞാൻ കീഴടങ്ങില്ല; ഞാൻ പരാജയപ്പെട്ടാൽ പോലും ജീവനോടെ മടങ്ങില്ല!"

സാമ്പത്തികവും ശാരീരികവുമായ പരിമിതികളെ മറികടന്ന് കായികലോകത്ത് അസാധാരണ നേട്ടങ്ങൾ കൈവരിച്ച ദിവ്യാംഗയായ ശിവാനി ഹൊസൂരു ഉപ്പാരയും കടുത്ത മത്സരങ്ങളുള്ള ക്രിക്കറ്റ് ലോകത്ത് നിരവധി റെക്കോഡുകൾ സൃഷ്ടിച്ച് സ്വന്തം ഇടം കണ്ടെത്തിയ വൈഭവ് സൂര്യവംശിയും ശ്രദ്ധേയരാണ്. പുരസ്കാര ജേതാക്കളായ കുട്ടികളെല്ലാം ശ്രദ്ധേയ നേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്.

പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാര ജേതാക്കളിൽ ചിലർ അസാധാരണ ധീരത പ്രകടിപ്പിച്ചവരാണെന്നും മറ്റുചിലർ സാമൂഹ്യ സേവനത്തിലും പരിസ്ഥിതി മേഖലയിലും പ്രശംസനീയ പ്രവർത്തനങ്ങൾ കാഴ്ചവെച്ചവരാണെന്നും പുരസ്കാര ജേതാക്കളുടെ സാന്നിധ്യത്തിൽ വീർ ബാൽ ദിവസ് പരിപാടിയിയെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ചിലർ ശാസ്ത്രസാങ്കേതിക വിദ്യയിൽ നൂതന മാറ്റങ്ങൾ കൊണ്ടുവന്നപ്പോൾ മറ്റു പലരും കായിക, കലാസാംസ്കാരിക മേഖലകളിൽ സംഭാവനകൾ നൽകുന്നു. ഈ ബഹുമതി പുരസ്കാര ജേതാക്കൾക്ക് മാത്രമല്ലെന്നും മറിച്ച് അവരുടെ മാതാപിതാക്കളുടെയും അധ്യാപകരുടെയും അവർക്ക് വഴികാട്ടിയവരുടെയും കഠിനാധ്വാനത്തിന് നൽകുന്ന ആദരവുകൂടിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

"बालादपि ग्रहीतव्यं युक्तमुक्तं मनीषिभिः," എന്ന് പറയാറുണ്ട്. അതായത് വിവേകത്തോടെ എന്തെങ്കിലും പറയുന്നത് ഒരു കൊച്ചുകുട്ടിയാണെങ്കിൽ പോലും അത് സ്വീകരിക്കണം. ചെറുപ്പവും വലിപ്പവും നിർണയിക്കുന്നത് പ്രായമല്ല, മറിച്ച് പ്രവൃത്തികളിലൂടെയും നേട്ടങ്ങളിലൂടെയുമാണ് ഓരോരുത്തരും മഹത്തായ നിലയിലെത്തുന്നത്. ചെറിയ പ്രായത്തിൽ പോലും മറ്റുള്ളവർക്ക് പ്രചോദനമേകുന്ന കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് പരിപാടിയിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. നിങ്ങൾ അത് തെളിയിച്ചു കഴിഞ്ഞു. നേട്ടങ്ങളെ ഒരു തുടക്കമായി മാത്രം കാണണം. ഇനിയും ഒത്തിരി മുന്നേറാനുണ്ട്. സ്വപ്നങ്ങളെ ആകാശത്തോളം ഉയരത്തിലെത്തിക്കണമെന്നും പ്രധാനമന്ത്രി മോദി പുരസ്കാര ജേതാക്കളോട് ആഹ്വാനം ചെയ്തു.



ശാന്തി ബിൽ, 2025

# സുരക്ഷിതവും സംശുദ്ധവും ശക്തവുമായ ഭാവിയുടെ അടിസ്ഥാനശില

*'സുരക്ഷ ആദ്യം, ഉല്പാദനം പിന്നീട്'*

*2070 – ഓടെ 'നെറ്റ് സീറോ' അഥവാ കാർബൺ സന്തുലനം കൈവരിക്കുകയെന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ മുന്നേറുകയാണ്. ഈ പ്രതിബദ്ധതയ്ക്ക് കരുത്തേകുന്നതിന്റെ ഭാഗമായി 2047 – ഓടെ വർധിച്ചു വരുന്ന ഊർജ ആവശ്യങ്ങൾ തടസരഹിതമായി നിറവേറ്റുന്നതിന് 100 ജിഗാവാട്ട് ആണവോർജ്ജ ശേഷി കൈവരിക്കാനും രാജ്യം ലക്ഷ്യമിടുന്നു. ഈ ദീർഘവീക്ഷണത്തോടെ ഇന്ത്യയുടെ പരിവർത്തനത്തിന് സുസ്ഥിര ആണവോർജ്ജ വിനിയോഗവും പുരോഗതിയും ലക്ഷ്യമിടുന്ന ബിൽ അഥവാ ശാന്തി ബിൽ പാർലമെന്റ് പാസാക്കി. ആഗോള സംശുദ്ധോർജ്ജം സ്വീകരിക്കുന്നതിൽ രാജ്യത്തിന്റെ ആത്മവിശ്വാസവും ശാസ്ത്രീയ പക്വതയും ഉത്തരവാദിത്തവും ഇത് വ്യക്തമാക്കുന്നു.*

2025-ലെ ശാന്തി ബിൽ കേവലമൊരു ബിൽ മാത്രമല്ല, മറിച്ച് സംശുദ്ധോർജ്ജത്തിലൂടെ ജീവിതത്തിൽ കൊണ്ടുവരുന്ന പുതിയ പരിവർത്തനമാണ്. ഇന്ത്യയുടെ സൈനികേതര ആണവോർജ്ജ മേഖലയെ ആധുനികവൽക്കരിക്കാനായി അവതരിപ്പിച്ച ബില്ലിലൂടെ ആണവോർജ്ജ മേഖലയുടെ ആധുനികവൽക്കരണ നടപടികൾ രാജ്യം സ്വീകരിക്കും. ബില്ലിന് കീഴിൽ ആണവ നിലയങ്ങളുടെ പ്രവർത്തനം, വൈദ്യുതി ഉല്പാദനം, ഉപകരണ നിർമാണം, തിരഞ്ഞെടുക്കപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ സ്വകാര്യ കമ്പനികൾക്കും പങ്കാളികളാകാം. അതേസമയം സുരക്ഷയും തന്ത്രപ്രധാന നിയന്ത്രണങ്ങളും സർക്കാരിനായിരിക്കും. കൂടാതെ, വികിരണ സമ്പർക്കവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും മുൻകൂർ അനുമതി നിർബന്ധമായിരിക്കും. 1962-ലെ ആണവോർജ്ജ നിയമത്തിന്റെയും 2010-ലെ ആണവ നാശനഷ്ടങ്ങളുടെ സിവിൽ ബാധ്യതാ നിയമത്തിന്റെയും വ്യവസ്ഥകളെ സംയോജിപ്പിക്കുകയും യുക്തിസഹമാക്കുകയും ചെയ്യുന്ന ഈ ബിൽ ആണവോർജ്ജ നിയന്ത്രണ ബോർഡിന് നിയമപരമായ പദവി നൽകുന്നു.

ആരോഗ്യം, കൃഷി, വ്യവസായം, ഗവേഷണം, സമാധാനപരമായ മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്കായി ആണവ-വികിരണ സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ ബില്ലിൽ ഒരു നിയന്ത്രണ ചട്ടക്കൂട് നൽകുന്നു. ഗവേഷണം, വികസനം, നൂതനാശയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരിമിതമായ പ്രവർത്തനങ്ങളെ ലൈസൻസ് നേടുന്നതിൽനിന്ന് ബിൽ ഒഴിവാക്കുന്നു. കൂടാതെ നിയന്ത്രണ അതോറിറ്റിയുടെ സ്വതന്ത്ര സ്വഭാവവും അധികാരവും ശക്തിപ്പെടുത്തുന്നതിന് ആണവോർജ്ജ നിയന്ത്രണ ബോർഡിന് നിയമപരമായ ഔദ്യോഗിക അംഗീകാരം നൽകുകയും ചെയ്യുന്നു.

## ആണവ സുരക്ഷയിൽ വിട്ടുവീഴ്ചയില്ല; ബില്ലിൽ എല്ലാം സുവ്യക്തം

- സുരക്ഷയ്ക്ക് ഇനി നിയമബലം: സുരക്ഷ ഇനി കേവലം 'മികച്ച ശീലം' മാത്രമല്ല, മറിച്ച് നിയമപരമായ കർശന ബാധ്യതകൂടിയാണ്. എല്ലാ സുരക്ഷാ നിയന്ത്രണങ്ങളും വ്യക്തവും ഏകീകൃതവുമായ ഒരൊറ്റ നിയമത്തിന് കീഴിലാക്കിയിരിക്കുന്നു.
- ശക്തമായ ആണവ മേൽനോട്ട സമിതി: ആണവോർജ്ജ നിയന്ത്രണ ബോർഡിന് ശാന്തി ബിൽ നിയമപരമായ പദവി നൽകുന്നു. ഏത് ആണവ നിലയവും പരിശോധിക്കാനും പോരായ്മകൾ കണ്ടെത്താനും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചില്ലെങ്കിൽ ഉടൻ അടച്ചുപൂട്ടാനും ബോർഡിന് നിയമപരമായ അധികാരമുണ്ട്.
- എല്ലാവർക്കും തുല്യ നിയമങ്ങൾ: സ്ഥലനിർണയം, നിർമാണം, പ്രവർത്തനം പ്രവർത്തനമാരംഭിക്കൽ തുടങ്ങി ഏത് ഘട്ടത്തിലും സ്വകാര്യ കമ്പനികൾ കർശനമായ ബഹുതല അനുമതി പ്രക്രിയയിലൂടെ കടന്നുപോകേണ്ടതുണ്ട്.
- പുതുതലമുറ സുരക്ഷയ്ക്ക് മുൻഗണന: മനുഷ്യസഹജമായ പിഴവുകൾ കുറയ്ക്കാൻ സഹായിക്കുന്ന സ്വയംപ്രവർത്തിക്കുന്ന സുരക്ഷാ സംവിധാനങ്ങളടങ്ങുന്ന ചെറുകിട മോഡുലാർ റിയാക്ടറുകളെ ബിൽ പ്രോത്സാഹിപ്പിക്കുന്നു.
- വ്യക്തമായ ലൈസൻസിങ് നിയമങ്ങൾ: ആർക്കെല്ലാം ആണവ നിലയങ്ങൾ നിർമ്മിക്കാനും പ്രവർത്തിപ്പിക്കാനും സാധിക്കുമെന്ന് ബില്ലിൽ വ്യക്തമായി നിർവചിക്കുന്നതിലൂടെ ഉത്തരവാദിത്തം പൂർണമായി വ്യക്തമാക്കുന്നു.
- അതിതീവ്ര സുരക്ഷാ ചുമതലകൾ കേന്ദ്ര സർക്കാരിന്: ശാന്തി ബിൽ ചില മേഖലകളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നുണ്ടെങ്കിലും ആണവ ഇന്ധന ഉപയോഗത്തിന്റെ വിവിധ ഘട്ടങ്ങൾ പോലുള്ള അതീവ തന്ത്രപ്രധാന പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ തന്നെ തുടരുന്നു.
- ഓരോ ഘട്ടത്തിലും സുരക്ഷ നിർബന്ധം: ആണവ നിലയം സ്ഥാപിക്കുന്നത് മുതൽ പ്രവർത്തനം അവസാനിപ്പിക്കുന്നത് വരെ ഓരോ ഘട്ടത്തിലും സുരക്ഷാ പരിശോധനകൾ നിയമപരമായി നിർബന്ധമാണ്.
- ഓരോ പ്രവർത്തനത്തിനും മുൻകൂർ അനുമതി: വികിരണ സാധ്യതയുള്ള ഏതൊരു പ്രവർത്തനത്തിനും പ്രത്യേക മുൻകൂർ സുരക്ഷാ അനുമതി ആവശ്യമാണ്.



**ശാന്തി ബിൽ പാസാക്കിയത് രാജ്യത്തെ സാങ്കേതിക മേഖലയെ സംബന്ധിച്ചിടത്തോളം സുപ്രധാന പരിവർത്തന നിമിഷമാണ്. ബില്ലിന്റെ വിജയത്തിന് പിന്തുണ നൽകിയ എം.പിമാരോട് ഞാൻ നന്ദി അറിയിക്കുന്നു. നിർമിതബുദ്ധിയുടെ സുരക്ഷിത പ്രവർത്തനം മുതൽ ഹരിത ഉല്പാദനം സാധ്യമാക്കുന്നത് വരെ രാജ്യത്തിന്റെയും ലോകത്തിന്റെയും ഹരിതോർജ്ജ ഭാവിക്ക് നിർണായക വേഗം പകരുന്ന ബിൽ സ്വകാര്യ മേഖലയ്ക്കും രാജ്യത്തെ യുവതയ്ക്കും നിരവധി അവസരങ്ങൾ നൽകുന്നു.**

**- നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***

**നഷ്ടപരിഹാരത്തിൽ കുറവില്ല**

ചെറുകിട നിക്ഷേപകരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് ബില്ലിൽ ബാധ്യതാ പരിധികൾ തരംതിരിച്ച് നിശ്ചയിച്ചതായി കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിങ് വ്യക്തമാക്കി. ഇരകളുടെ നഷ്ടപരിഹാരത്തിൽ യാതൊരു കുറവും ഉണ്ടാകില്ല. അപകടം മൂലമുണ്ടാകുന്ന നാശനഷ്ടം നടത്തിപ്പുകാർക്ക് നിശ്ചയിച്ച ബാധ്യതാ പരിധിയേക്കാൾ കൂടുതലാണെങ്കിൽ ആണവോർജ്ജ ബാധ്യതാ ഫണ്ട്, അന്താരാഷ്ട്ര കരാറുകൾ എന്നിവയിലൂടെ പൂർണവും ഫലപ്രദവുമായ നഷ്ടപരിഹാരം സർക്കാർ നൽകും. കൂടാതെ, 'ആണവ നാശനഷ്ടം' എന്ന നിർവചനം പരിസ്ഥിതി നാശത്തെക്കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്.

**രാഷ്ട്രതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം അവയെ കൂടുതൽ കരുത്തുറ്റതാക്കുന്നു**

രാജ്യത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കും താല്പര്യങ്ങൾക്കും അനുയോജ്യമായ അന്താരാഷ്ട്ര മാതൃകകൾ മാത്രമേ ഇന്ത്യ സ്വീകരിക്കൂ. ഈ പ്രക്രിയയിൽ രാജ്യത്തിന്റെ തന്ത്രപ്രധാന സ്വയംഭരണാധികാരമോ ദേശീയ താല്പര്യങ്ങളോ പരമ്പരാഗത കരുത്തോ ഒരു തരത്തിലും വിട്ടുവീഴ്ച ചെയ്യപ്പെടില്ല. ശാന്തി ബിൽ സൈനികേതര ആണവോർജ്ജ ഉപയോഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതാണ്. യുറേനിയം സമ്പുഷ്ടീകരണത്തിന്റെ അളവ് റിയാക്ടറിന് ആവശ്യമായ അളവിൽ മാത്രമായിരിക്കും. ബിൽ ആയുധ നിർമാണ പ്രവർത്തനങ്ങളുമായി ഒരു തരത്തിലും ബന്ധപ്പെട്ടതല്ല.




**തെറ്റിദ്ധാരണ: ആണവോർജ്ജം വൈദ്യുതി നിരക്ക് വർധിപ്പിക്കും.**

**യാഥാർത്ഥ്യം:** ആണവോർജ്ജം 24 മണിക്കൂറും വിശ്വസനീയ വൈദ്യുതി നൽകുന്നു, ഇന്ധനച്ചെലവ് സ്ഥിരമായിരിക്കും.

- ആണവ നിലയങ്ങൾ 60 മുതൽ 80 വർഷം വരെ പ്രവർത്തിക്കുന്നതിനാൽ കാലക്രമേണ വൈദ്യുതി ബില്ലുകൾ കുറയുകയും സുസ്ഥിരമാവുകയും ചെയ്യുന്നു.

**തെറ്റിദ്ധാരണ: ഈ പരിഷ്കാരം വൻകിട വ്യവസായികൾക്ക് വേണ്ടി മാത്രമാണ്.**

**യാഥാർത്ഥ്യം:** ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും 2025 മുതൽ ശാന്തി ബിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കും.

- ആയിരക്കണക്കിന് ഘടകഭാഗങ്ങളുടെ വിതരണത്തിലും നിർമിതബുദ്ധി, ആരോഗ്യം, പുതിയ പദാർത്ഥങ്ങൾ എന്നിവയിലെ നൂതനാശയങ്ങളിലും പങ്കാളിത്തം.
- ഗവേഷണത്തിന് വലിയ പ്ലാന്റുകളുടെ ആവശ്യമില്ല.

**തെറ്റിദ്ധാരണ: ആണവോർജ്ജ മേഖല സ്വകാര്യവൽക്കരിക്കപ്പെടുന്നു.**

**യാഥാർത്ഥ്യം:** ഇത് സ്വകാര്യവൽക്കരണമല്ല! ആണവ ഇന്ധനത്തിന്മേൽ സർക്കാരിനായിരിക്കും നിയന്ത്രണം.

- സുരക്ഷയിലും ഉപയോഗിച്ച ഇന്ധനത്തിന്റെ മേൽനോട്ടത്തിലും സർക്കാർ നിയന്ത്രണം തുടരും.
- സ്വകാര്യ കമ്പനികൾ നിക്ഷേപവും തൊഴിലവസരങ്ങളും കൊണ്ടുവരും.

**തെറ്റിദ്ധാരണ: ആണവോർജ്ജം രാഷ്ട്രത്തിന്റെ ഭാവിയ്ക്ക് ഭീഷണി സൃഷ്ടിക്കുന്നു.**

**യാഥാർത്ഥ്യം:** ആണവോർജ്ജം മലിനീകരണം ലഘൂകരിക്കുകയും കൽക്കരിയെയും എണ്ണയെയും ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുന്നു.

- ഇലക്ട്രിക് വാഹനങ്ങൾ, നിർമിതബുദ്ധി, ഹരിത ഹൈഡ്രജൻ തുടങ്ങിയ പുതിയ മേഖലകളുടെ വികസനത്തിന് ഇത് സഹായിക്കുന്നു.

**തെറ്റിദ്ധാരണ: ആണവോർജ്ജം വൈദ്യുതി ഉല്പാദനത്തിന് മാത്രമാണ്.**

**യാഥാർത്ഥ്യം:** ക്യാൻസർ ചികിത്സ, ഭക്ഷ്യ സുരക്ഷ, ശുദ്ധമായ കുടിവെള്ളം, കാർഷിക പുരോഗതി എന്നിവയ്ക്കും ആണവ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. പുതിയ ബിൽ വരുന്നതോടെ വൈദ്യുതി ഉല്പാദനത്തിനപ്പുറം ആണവോർജ്ജം ജീവിതത്തിൽ വ്യാപകമായ മാറ്റങ്ങൾ കൊണ്ടുവരും.

**തെറ്റിദ്ധാരണ: സ്വകാര്യ കമ്പനികൾ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യും.**

**യാഥാർത്ഥ്യം:** സർക്കാർ ലൈസൻസും സുരക്ഷാ അനുമതിയും നിർബന്ധിത ഇൻഷുറൻസും ഇല്ലാതെ ഒരു കമ്പനിയെയും പ്രവർത്തിക്കാൻ അനുവദിക്കില്ല.


- നിയമങ്ങൾ ലംഘിച്ചാൽ ആണവ നിലയം അടച്ചുപൂട്ടാനോ നിയന്ത്രണം ഏറ്റെടുക്കാനോ സർക്കാരിന് അധികാരമുണ്ട്. സുരക്ഷയിൽ ഒരു വിട്ടുവീഴ്ചയുമില്ല.

> **മോദി സർക്കാരിന്റെ ഏറ്റവും വലിയ ശാസ്ത്രീയ പരിഷ്കാരങ്ങളിലൊന്നായി ശാന്തി ബിൽ ചരിത്രത്തിൽ ഓർമ്മിക്കപ്പെടും.**
>
> **- ഡോ. ജിതേന്ദ്ര സിങ്,**
> *കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി*



2025 -ലെ ശാന്തി ബിൽ അന്താരാഷ്ട്ര സഹകരണത്തിന് പുതിയ അവസരങ്ങൾ തുറക്കും. അന്താരാഷ്ട്ര സഹകരണം ആണവ റിയാക്ടറുകളുടെ വികസനത്തിന് വഴിതെളിക്കും. ഒപ്പം ആണവോർജ്ജത്തിന്റെ സമാധാനപരമായ ഉപയോഗത്തിന് അന്താരാഷ്ട്ര സഹകരണം ഉറപ്പാക്കുന്നതിൽ വ്യക്തമായ നിയന്ത്രണ ചട്ടക്കൂട് ബിൽ വാഗ്ദാനം ചെയ്യുന്നു.

ഭാരതത്തിന്റെ ആണവോർജ്ജ യാത്രയുടെ വരുംഘട്ടത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സുപ്രധാന ചുവടുവെയ്പ്പാണ് രാജ്യത്തിന്റെ പരിവർത്തനത്തിന് സുസ്ഥിര ആണവോർജ്ജ വിനിയോഗവും പുരോഗതിയും ലക്ഷ്യമിടുന്ന ശാന്തി ബിൽ, 2025. നിയമപരമായ ചട്ടക്കൂടുകൾ ആധുനികവൽക്കരിച്ചും സ്ഥാപനപരമായ മേൽനോട്ടം ശക്തിപ്പെടുത്തിയും കൂടുതൽ കാര്യക്ഷമവും ദീർഘവീക്ഷണപരവും നൂതനവും സുരക്ഷിതവുമായ ആണവോർജ്ജ ആവാസവ്യവസ്ഥയ്ക്ക് ബിൽ അടിത്തറയിടുന്നു. 2047-ഓടെ 100 ജിഗാവാട്ട് ആണവോർജ്ജ ശേഷി കൈവരിക്കുകയെന്ന ഇന്ത്യൻ ആണവോർജ്ജ ദൗത്യത്തിന്റെ ലക്ഷ്യം ഈ ബിൽ ശക്തിപ്പെടുത്തും. ഊർജ്ജ സ്വയംപര്യാപ്തതയിലേക്കും സാങ്കേതിക പുരോഗതിയിലേക്കും രാജ്യം മുന്നേറുമ്പോൾ ഇന്ത്യയുടെ ആണവോർജ്ജ വികസനത്തെയും വിശാല ഊർജ്ജ മേഖലയെയും ത്വരിതപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കാൻ ഈ നിയമത്തിന് സാധിക്കും.



ഇതിഹാസതുല്യനായ ശിൽപി റാം സുതാർ അന്തരിച്ചു

# അദ്ദേഹത്തിന്റെ കലാവൈഭവം ശിലകൾക്ക് ജീവൻ പകർന്നു

**ജനനം: 1925 ഫെബ്രുവരി 19 | മരണം: 2025 ഡിസംബർ 18**

***ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രതിമയായ ഗുജറാത്തിലെ 'ഏകതാ പ്രതിമ' രൂപകൽപ്പന ചെയ്ത ശ്രേഷ്ഠനും പ്രശസ്തനുമായ ശില്പി റാം വൻജി സുതാർ 2025 ഡിസംബർ 18 ന് അന്തരിച്ചു. അദ്ദേഹത്തിന്റെ കലാവൈഭവം ശിലകൾക്ക് രൂപം മാത്രമല്ല ജീവനും പകർന്നു നൽകി. ചരിത്ര ശില്പങ്ങളുടെ സ്രഷ്ടാവായ അദ്ദേഹം അജന്തയിലെയും എല്ലോറയിലെയും ശില്പങ്ങളുടെ പുനരുദ്ധാരണത്തിൽ സുപ്രധാന പങ്ക് വഹിച്ചു. തന്റെ അനിതരസാധാരണമായ സംഭാവനകളിലൂടെ, ഇന്ത്യയുടെ കലാപരവും സാംസ്കാരികവുമായ പൈതൃകങ്ങളെ സമ്പന്നമാക്കുക മാത്രമല്ല ഭാവി തലമുറകളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു...***

മുംബൈയിലെ ജെ.ജെ. സ്കൂൾ ഓഫ് ആർട്ട് ആൻഡ് ആർക്കിടെക്ചറിൽ പഠിച്ച് സ്വർണ്ണ മെഡൽ ജേതാവായി പുറത്തിറങ്ങിയ റാം സുതാർ 1925 ൽ മഹാരാഷ്ട്രയിലെ ധൂലെ ജില്ലയിൽ ജനിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അടക്കമുള്ള ഒട്ടേറെ പ്രമുഖർ അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ സംഭാവനകളെ സ്മരിക്കുകയും ചെയ്തു. റാം സുതാറിന്റെ വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സിൽ കുറിച്ചു, "ശ്രീ റാം സുതാർ ജിയുടെ വിയോഗത്തിൽ അഗാധമായി ദുഃഖം രേഖപ്പെടുത്തുന്നു. കെവാഡിയയിലെ ഏകതാ പ്രതിമ ഉൾപ്പെടെ നിരവധി വിഖ്യാത ശില്പങ്ങൾ ഇന്ത്യയ്ക്ക് സംഭാവന ചെയ്ത മികച്ച ശില്പിയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സഞ്ചിത മനോഭാവത്തിന്റെയും ശക്തമായ പ്രകടനങ്ങളായി അദ്ദേഹത്തിന്റെ സൃഷ്ടികൾ സദാ വിലമതിക്കപ്പെടും. വരും തലമുറകൾക്കായി അദ്ദേഹം ദേശാഭിമാനത്തെ അനശ്വരമാക്കിത്തീർത്തു. അദ്ദേഹത്തിന്റെ സൃഷ്ടികൾ കലാകാരന്മാർക്കും സാധാരണ പൗരന്മാർക്കും ഒരുപോലെ പ്രചോദനം പകരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിനും ആരാധകർക്കും മാത്രമല്ല അദ്ദേഹത്തിന്റെ അത്ഭുതകരമായ ജീവിതവും പ്രവർത്തനവും സ്പർശിച്ച എല്ലാവർക്കും എന്റെ ഹൃദയത്തിൽ നിന്നുള്ള അനുശോചനം. ഓം ശാന്തി."

സുതാറിന് 1999-ൽ പത്മശ്രീയും 2016-ൽ പത്മഭൂഷണും ലഭിച്ചു. സമീപകാലത്ത് പരമോന്നത സംസ്ഥാന ബഹുമതിയായ മഹാരാഷ്ട്ര ഭൂഷൺ അവാർഡ് നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. പാർലമെന്റ് സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ധ്യാനനിരതനായ മഹാത്മാഗാന്ധിയും കുതിരപ്പുറത്തിരിക്കുന്ന ഛത്രപതി ശിവജിയും അടക്കമുള്ള പ്രസിദ്ധ ശില്പങ്ങൾ അദ്ദേഹത്തിന്റെ മികച്ച സൃഷ്ടികളിൽ ഉൾപ്പെടുന്നു. ആന്തരിക്കുമ്പോൾ അദ്ദേഹത്തിന് 100 വയസ്സായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം ഇന്ത്യൻ കലാ ലോകത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് വിശേഷിപ്പിച്ച കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു, 'ദൈവം പരേതാത്മാവിന് നിത്യശാന്തിയേകട്ടെ, അദ്ദേഹത്തിന്റെ കുടുംബത്തിനും ആരാധകർക്കും വിയോഗദുഃഖം താങ്ങാനുള്ള ശക്തി പ്രദാനം ചെയ്യട്ടെ.'

ബെംഗളൂരുവിൽ ശ്രീ നാദപ്രഭു കെമ്പെഗൗഡയുടെ 108 അടി ഉയരമുള്ള വെങ്കല പ്രതിമയുടെ നിർമ്മാണത്തിലും റാം സുതാർ നിർണായക പങ്ക് വഹിച്ചു. ഇന്ത്യയിലും വിദേശത്തും നിരവധി പ്രതിമകൾ നിർമ്മിക്കുന്നതിനും അദ്ദേഹം സംഭാവനകൾ നൽകി, അതെല്ലാം ഇന്ത്യയുടെ യശസ്സ് വർദ്ധിപ്പിച്ചു.



ജോർദാൻ, എത്യോപ്യ, ഒമാൻ

# മൂന്ന് രാജ്യങ്ങൾ, ഒരേയൊരു സന്ദേശം

## സഹകരണം, വികസനം, വിശ്വാസം

*ജോർദാൻ, എത്യോപ്യ, ഒമാൻ എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം, ഈ മൂന്ന് രാജ്യങ്ങളുമായുള്ള നാഗരികത, സംസ്കാരം, സഹകരണം എന്നീ മേഖലകളിലെ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിലെ നിർണായക ഘട്ടമാണ്. ഈ സന്ദർശന വേളയിൽ നടന്ന സംഭാഷണങ്ങളും യോഗങ്ങളും സമാന പൈതൃകം, തന്ത്രപരമായ പങ്കാളിത്തം, ഭാവി സാധ്യതകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉദ്യമങ്ങൾക്ക് ഊന്നൽ നൽകി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെയും വിശ്വാസത്തിന്റെയും പങ്കാളിത്തത്തിന്റെയും പുതുയുഗപ്പിറവിയെയാണ് ഇത് അടയാളപ്പെടുത്തുന്നത്...*

ഇന്ത്യയും ജോർദാനും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 75-ാം വാർഷികവും ഒമാനുമായുള്ള നയതന്ത്ര ബന്ധത്തിന്റെ 70-ാം വാർഷികവും ആഘോഷിക്കുന്നതോടെ ഇന്ത്യയുടെ ഉഭയകക്ഷി ബന്ധങ്ങൾ പുതിയ തലങ്ങളിലേക്ക് ഉയരുകയാണ്. അതേസമയം, എത്യോപ്യയിലേക്കുള്ള തന്റെ കന്നി സന്ദർശനം ഉൾപ്പെടെ ഈ മൂന്ന് രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം തന്ത്രപരമായ ബന്ധങ്ങൾക്ക് ഊർജ്ജം പകർന്നു. പരസ്പര സഹകരണം വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, വികസനത്തിനും സമൃദ്ധിക്കും പുതിയ അവസരങ്ങൾ പര്യവേക്ഷണം ചെയ്യുക, പ്രാദേശിക സമാധാനം, സമൃദ്ധി, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയുൾപ്പെടെ നിരവധി വിഷയങ്ങൾ അദ്ദേഹത്തിന്റെ സന്ദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2025 ഡിസംബർ 15 നും 18 നും ഇടയിൽ നടന്ന പ്രധാനമന്ത്രി മോദിയുടെ ജോർദാൻ, എത്യോപ്യ, ഒമാൻ സന്ദർശനം പല വിഷയങ്ങളാലും പ്രാധാന്യമർഹിക്കുന്നു.

യാത്രയുടെ ആദ്യ ഘട്ടത്തിൽ പ്രധാനമന്ത്രി മോദി ജോർദാനിലെത്തി, ജോർദാൻ പ്രധാനമന്ത്രി ഡോ. ജാഫർ ഹസ്സൻ അദ്ദേഹത്തെ അമ്മാൻ വിമാനത്താവളത്തിൽ സ്വീകരിച്ചു. 37 വർഷത്തിനു ശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രി ജോർദാനിലേക്ക് നടത്തുന്ന ആദ്യ പൂർണ്ണ ഉഭയകക്ഷി സന്ദർശനമാണിത്. സന്ദർശന വേളയിൽ പ്രധാനമന്ത്രി മോദി ജോർദാനിലെ അബ്ദുള്ള രണ്ടാമൻ രാജാവുമായി കൂടിക്കാഴ്ച നടത്തി. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തെ പിന്തുണച്ച ജോർദാൻ രാജാവ് എല്ലാത്തരം ഭീകരതയെയും അപലപിച്ചു. ഇന്ത്യ-ജോർദാൻ സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരു രാഷ്ട്രനേതാക്കളും ചർച്ച ചെയ്തു.

### ഇന്ത്യയും ജോർദാനും തമ്മിലുള്ള കരാറുകൾ

- ഇന്ത്യയും ജോർദാനും തമ്മിലുള്ള കരാറുകൾ
- നവ, പുനരുപയോഗ ഊർജ്ജ മേഖലയിലെ സാങ്കേതിക സഹകരണം.
- ജലവിഭവ പരിപാലന, വികസന മേഖലകളിലെ സഹകരണം.
- പെട്രയും എല്ലോറയും തമ്മിലുള്ള സഹോദരനഗര കരാർ
- 2025-2029 കാലയളവിലേക്കുള്ള സാംസ്കാരിക വിനിമയ പരിപാടികളുടെ പുതുക്കൽ.
- ഡിജിറ്റൽ പരിവർത്തനത്തിനായി ജനസംഖ്യാ തലത്തിൽ നടപ്പിലാക്കിയ വിജയകരമായ ഡിജിറ്റൽ പരിഹാരങ്ങൾ പങ്കിടുന്നതിനുള്ള സഹകരണത്തെക്കുറിച്ചുള്ള താത്പര്യ പത്രം.

## ഇന്ത്യ-ജോർദാൻ സംയുക്ത പ്രസ്താവന

- **രാഷ്ട്രീയ ബന്ധങ്ങൾ:** സഹകരണം വിപുലീകരിക്കാനും വികസന അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി വിശ്വസനീയ പങ്കാളികളെന്ന നിലയിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കാനും ഇരു രാജ്യങ്ങളും സമ്മതിച്ചു. അഞ്ചാം റൗണ്ട് രാഷ്ട്രീയ കൂടിയാലോചനകൾ ന്യൂഡൽഹിയിൽ നടക്കും.
- **സാമ്പത്തിക സഹകരണം:** ഇന്ത്യ ജോർദ്ദാന്റെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയായി മാറി. സാമ്പത്തിക, വ്യാപാര ബന്ധങ്ങളിലെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 2026 ന്റെ ആദ്യ പകുതിയിൽ 11-ാമത് വ്യാപാര -സാമ്പത്തിക സംയുക്ത സമിതി യോഗം ചേരാൻ ധാരണയായി.
- **സാങ്കേതികവിദ്യയും വിദ്യാഭ്യാസവും:** ഡിജിറ്റൽ സാങ്കേതികവിദ്യ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണം അവലോകനം ചെയ്തു. സുരക്ഷിതവും വിശ്വസനീയവും സർവ്വാശ്ലേഷിയുമായ ഡിജിറ്റൽ അന്തരീക്ഷം ഉറപ്പാക്കുന്നതിനായി സഹകരിക്കാൻ ഇരുപക്ഷവും തീരുമാനിച്ചു.
- **ആരോഗ്യം:** ടെലിമെഡിസിൻ വികസനം ശക്തിപ്പെടുത്തുന്നതിനും ആരോഗ്യരംഗത്തെ മാനവവിഭവശേഷിയുടെ പരിശീലനത്തിനും വിദഗ്ധ പരിജ്ഞാനം പങ്കുവെയ്ക്കുന്നതിനുമുള്ള കരാർ ഒപ്പുവച്ചു
- **കൃഷി:** ഭക്ഷ്യ സുരക്ഷയും പോഷകാഹാരവും പ്രോത്സാഹിപ്പിക്കുന്നതിൽ കാർഷിക മേഖലയുടെ നിർണായക പങ്ക് അംഗീകരിച്ചു. ഈ മേഖലയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള സമാന പ്രതിബദ്ധത ആവർത്തിച്ചു.
- **ഹരിതവും സുസ്ഥിരവുമായ വികസനം:** കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി, സുസ്ഥിര വികസനം, നവ-പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ എന്നീ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ചർച്ച ചെയ്തു. നവ-പുനരുപയോഗ ഊർജ്ജ മേഖലയിൽ സാങ്കേതിക സഹകരണത്തിനുള്ള കരാർ ഒപ്പുവച്ചു.
- **സാംസ്കാരിക സഹകരണം:** 2025-2029 കാലയളവിലേക്കുള്ള സാംസ്കാരിക വിനിമയ പരിപാടികളുമായി ബന്ധപ്പെട്ട കരാർ ഒപ്പുവെച്ചതിനെ ഇരുപക്ഷവും സ്വാഗതം ചെയ്തു. സംഗീതം, നൃത്തം, നാടകം, കല, ആർക്കൈവുകൾ, ലൈബ്രറികൾ, സാഹിത്യം, ഉത്സവങ്ങൾ എന്നീ മേഖലകളിൽ സഹകരണം വിഭാവനം ചെയ്യുന്നു.



- **ബഹുമുഖ സഹകരണം:** കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനോടൊപ്പം ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്ക് സാമ്പത്തികവും സാമൂഹികവുമായ വികസനം ഉറപ്പാക്കുന്നതിനുള്ള പ്രതിബദ്ധതകൾ നിറവേറ്റാൻ സഹായിക്കുകയും ചെയ്യുന്ന കുറഞ്ഞ കാർബൺ ബഹിർഗമന ബദലെന്ന നിലയിൽ ജൈവ ഇന്ധനങ്ങളെ ഇരുപക്ഷവും അംഗീകരിച്ചു.

വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, പുനരുപയോഗ ഊർജ്ജം, വളം, കൃഷി, നൂതനാശയങ്ങൾ, വിവര സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, ഔഷധങ്ങൾ, വിനോദസഞ്ചാരം, പൈതൃകം, സംസ്കാരം, ഉഭയകക്ഷി ബന്ധം എന്നീ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. ജോർദാന്റെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യ. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 5 ബില്യൺ ഡോളറായി ഉയർത്തുക എന്നതാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഔഷധ-മെഡിക്കൽ ഉപകരണ മേഖലകളിലെ ഇന്ത്യയുടെ ശക്തിയും ജോർദാന്റെ ഭൂമിശാസ്ത്രപരമായ ആനുകൂല്യങ്ങളും പരസ്പര പൂരകമാകുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ ഹരിത സംരംഭങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ, പുനരുപയോഗ ഊർജ്ജം, ഹരിത ധനസഹായം, ജല പുനരുപയോഗം എന്നീ മേഖലകളിൽ ഇന്ത്യയും ജോർദാനുമായി കൂടുതൽ സഹകരണം വേണമെന്ന് പ്രധാനമന്ത്രി മോദി നിർദ്ദേശിച്ചു. ഇന്ത്യയിലേക്കുള്ള വളങ്ങളുടെ പ്രധാന വിതരണക്കാരാണ് ജോർദാൻ. ഇന്ത്യയിൽ ഫോസ്ഫറ്റിക് വളങ്ങൾക്കായുള്ള വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിനായി ഇരു രാജ്യങ്ങളിലെയും കമ്പനികൾ ജോർദാനിൽ ഗണ്യമായ നിക്ഷേപം നടത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു. ജോർദാന്റെ സ്വതന്ത്ര വ്യാപാര കരാറുകളും ഇന്ത്യയുടെ സാമ്പത്തിക ശക്തിയും സംയോജിപ്പിച്ച് ദക്ഷിണേഷ്യയിലും പശ്ചിമേഷ്യയിലും അതിനപ്പുറവും വ്യാപിക്കുന്ന സാമ്പത്തിക ഇടനാഴി സൃഷ്ടിക്കാമെന്ന് അബ്ദുള്ള രണ്ടാമൻ രാജാവ് പറഞ്ഞു.●

*പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടിയും കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*



## എത്യോപ്യ സന്ദർശനം...

# 5 ബില്യൺ ഡോളർ നിക്ഷേപം, 75,000 തൊഴിലവസരങ്ങൾ

പ്രധാനമന്ത്രി നരേന്ദ്ര മോദി എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദുമായി നാഷണൽ പാലസിൽ കൂടിക്കാഴ്ച നടത്തി. ചർച്ചയിൽ, ഇന്ത്യ-എത്യോപ്യ ബന്ധങ്ങളെ തന്ത്രപരമായ പങ്കാളിത്തത്തിന്റെ തലത്തിലേക്ക് ഉയർത്താൻ ഇരു നേതാക്കളും തീരുമാനിച്ചു. 2023 ൽ ഇന്ത്യയുടെ അധ്യക്ഷതയിൽ ആഫ്രിക്കൻ യൂണിയനെ ജി 20 യുടെ ഭാഗമാക്കാനായത് പ്രത്യേക ബഹുമതിയായി കരുതുന്നുവെന്ന് പ്രധാനമന്ത്രി മോദി വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ച എത്യോപ്യയോട് പ്രധാനമന്ത്രി മോദി നന്ദി അറിയിച്ചു.

വ്യാപാരം, നിക്ഷേപം, നൂതനാശയങ്ങൾ , സാങ്കേതികവിദ്യ, വിദ്യാഭ്യാസം, നൈപുണ്യ വികസനം, പ്രതിരോധ സഹകരണം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഇന്ത്യയും എത്യോപ്യയും തമ്മിലുള്ള ബഹുമുഖ പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു. ഇന്ത്യൻ കമ്പനികൾ എത്യോപ്യൻ സമ്പദ്‌വ്യവസ്ഥയിൽ 5 ബില്യൺ ഡോളറിലധികം നിക്ഷേപിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇത് 75,000-ത്തിലധികം പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. പ്രധാനമായും ഉത്പാദനം, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിലാണ് ഇന്ത്യയുടെ നിക്ഷേപം. ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സഹകരിച്ച് പ്രവർത്തിക്കാനുള്ള പ്രതിബദ്ധത ഇരു പ്രധാനമന്ത്രിമാരും ആവർത്തിച്ചു. ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള ബഹുമുഖ വേദികളിലെ സഹകരണം ചർച്ച ചെയ്യപ്പെട്ടു. കാലാവസ്ഥാ വ്യതിയാനം, പുനരുപയോഗ ഊർജ്ജം, ദുരന്ത സാധ്യതാ ലഘൂകരണം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ സഹകരണത്തിന് ഇരുവരും ആഹ്വാനം ചെയ്തു.

## എത്യോപ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ പ്രധാനമന്ത്രി മോദി അഭിസംബോധന ചെയ്തു

ഡിസംബർ 17 ന് എത്യോപ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. ഇരു രാജ്യങ്ങളും പുരാതന ജ്ഞാനവും ആധുനിക അഭിലാഷങ്ങളും സമന്വയിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി മോദി തദവസരത്തിൽ വ്യക്തമാക്കി. ഇന്ത്യയുടെ ദേശീയ ഗീതമായ വന്ദേമാതരവും എത്യോപ്യയുടെ ദേശീയഗാനവും അതത് ദേശങ്ങളെ അമ്മയായി അഭിസംബോധന ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇരു രാജ്യങ്ങളുടെയും സമാന പോരാട്ടങ്ങളെക്കുറിച്ച് വിശദീകരിക്കവേ, 1941 ൽ എത്യോപ്യയുടെ വിമോചനത്തിനായുള്ള പോരാട്ടത്തിൽ ഇന്ത്യൻ സൈനികർ എത്യോപ്യൻ സൈനികർക്കൊപ്പം പോരാടിയ കാര്യം പ്രധാനമന്ത്രി മോദി അനുസ്മരിച്ചു. എത്യോപ്യൻ ജനതയുടെ ത്യാഗങ്ങളുടെ പ്രതീകമായ അദ്വ വിജയ സ്മാരകത്തിൽ ആദരമർപ്പിക്കാനായതിൽ അഭിമാനിക്കുന്നെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ-എത്യോപ്യ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനിടെ, 'വസുധൈവ കുടുംബകം' (ലോകം ഒരു കുടുംബമാണ്) എന്ന ദർശനത്തെക്കുറിച്ച് പരാമർശിച്ചു. കോവിഡ്-19 മഹാമാരിക്കാലത്ത് എത്യോപ്യയ്ക്ക് വാക്സിനുകൾ വിതരണം ചെയ്യാൻ അവസരം ലഭിച്ചത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഭീകരതയ്ക്കെതിരായ ആഗോള പോരാട്ടം ശക്തിപ്പെടുത്തുന്നതിൽ ഐക്യദാർഢ്യം വ്യക്തമാക്കിയ എത്യോപ്യയ്ക്ക് പ്രധാനമന്ത്രി മോദി നന്ദി അറിയിച്ചു.

*പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടിയും കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

## എത്യോപ്യ സന്ദർശനത്തിന്റെ ഗുണഫലങ്ങൾ

- ഉഭയകക്ഷി ബന്ധങ്ങൾ 'തന്ത്രപരമായ പങ്കാളിത്ത' ത്തിലേക്ക് ഉയർത്തി.
- കസ്റ്റംസ് കാര്യങ്ങളിൽ സഹകരണവും ഭരണനിർവ്വഹണ സഹായവും സംബന്ധിച്ച കരാർ.
- എത്യോപ്യൻ വിദേശകാര്യ മന്ത്രാലയത്തിൽ ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള കരാർ.
- യുഎൻ സമാധാന പാലന പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിലെ സഹകരണം സംബന്ധിച്ച കരാർ.
- ജി 20 പൊതു ചട്ടക്കൂടിന് കീഴിൽ എത്യോപ്യയ്ക്കുള്ള കടം പുനഃക്രമീകരിക്കുന്നതിനുള്ള കരാർ.
- ICCR സ്കോളർഷിപ്പ് പ്രോഗ്രാമിന് കീഴിൽ എത്യോപ്യൻ വിദഗ്ദ്ധർക്കുള്ള സ്കോളർഷിപ്പുകൾ ഇരട്ടിയാക്കും.
- ITEC പ്രോഗ്രാമിന് കീഴിൽ എത്യോപ്യൻ വിദ്യാർത്ഥികൾക്കും നിർമ്മിതബുദ്ധി മേഖലയിലെ പ്രൊഫഷണലുകൾക്കുമായി പ്രത്യേക ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിക്കും. എത്യോപ്യയിലെ അഡിസ് അബാബയിലുള്ള മഹാത്മാഗാന്ധി ആശുപത്രിയിൽ മാതൃ ആരോഗ്യത്തിലും നവജാത ശിശു സംരക്ഷണത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇന്ത്യ സഹായം നൽകും.



### പ്രധാനമന്ത്രി മോദിക്ക് എത്യോപ്യയുടെയും ഒമാന്റെയും പരമോന്നത ബഹുമതികൾ

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എത്യോപ്യയുടെ പരമോന്നത ബഹുമതിയായ 'ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് സമ്മാനിച്ചു. ഇന്ത്യ-ഒമാൻ ബന്ധങ്ങളെ ശക്തിപ്പെടുത്തിയതിനും ദീർഘവീക്ഷണമുള്ള നേതൃത്വത്തിലൂടെ ഉഭയകക്ഷി സഹകരണത്തിന് അസാധാരണ സംഭാവനകൾ നല്കിയതിനുമുള്ള അംഗീകാരമായി ഒമാനിലെ സുൽത്താൻ ഹൈതം ബിൻ താരിക് പ്രധാനമന്ത്രി മോദിക്ക് 'ഓർഡർ ഓഫ് ഒമാൻ' പുരസ്കാരം നൽകി ആദരിച്ചു. സഹകരണം ശക്തിപ്പെടുത്തിയതിനായി നൽകിയ നിർണായക സംഭാവനകൾക്കും ആഗോള രാഷ്ട്രതന്ത്രജ്ഞൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ദാർശനിക നേതൃത്വത്തിനുമാണ് പുരസ്ക്കാരങ്ങൾ. തനിക്ക് ലഭിച്ച പുരസ്ക്കാരങ്ങൾ, നൂറ്റാണ്ടുകളായി ഉഭയകക്ഷി ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു പോരുന്ന ഇന്ത്യയിലെയും എത്യോപ്യയിലെയും ജനങ്ങൾക്ക് സമർപ്പിക്കുന്നതായി പ്രധാനമന്ത്രി മോദി അറിയിച്ചു.



## ഇന്ത്യ–ഒമാൻ സഹകരണത്തിന്റെ മുന്നോട്ടുള്ള മാർഗ്ഗം കൂടുതൽ സുഗമമാകും

**സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ**

- സാമ്പത്തിക, വാണിജ്യ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യും.
- വ്യാപാര തടസ്സങ്ങൾ ലഘൂകരിച്ച് ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം വർദ്ധിപ്പിക്കുകയും ഇതിനായി സ്ഥിരതയുള്ള ചട്ടക്കൂട് സൃഷ്ടിക്കുകയും ചെയ്യും.
- സമ്പദ്‌വ്യവസ്ഥയുടെ പ്രധാന മേഖലകളിലെല്ലാം അവസരങ്ങൾ തുറക്കുന്നതിനോടൊപ്പം സാമ്പത്തിക വളർച്ച, തൊഴിലവസര സൃഷ്ടി, നിക്ഷേപ പ്രവാഹം എന്നിവ പ്രോത്സാഹിപ്പിക്കുക..

**സമുദ്ര പൈതൃകത്തിന്റെയും മ്യൂസിയങ്ങളുടെയും മേഖലയിലെ കരാർ**

- ലോത്തലിലെ ദേശീയ സമുദ്ര പൈതൃക സമുച്ചയം ഉൾപ്പെടെയുള്ള സമുദ്ര മ്യൂസിയങ്ങളെ പിന്തുണയ്ക്കുന്നതിനായി സഹകരണം ശക്തിപ്പെടുത്തും.
- സമാനമായ സമുദ്ര പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും വിനോദസഞ്ചാരം മെച്ചപ്പെടുത്തുന്നതിനും ഉഭയകക്ഷി സാംസ്കാരിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി പുരാവസ്തുക്കളുടെയും വൈദഗ്ധ്യത്തിന്റെയും കൈമാറ്റം, സംയുക്ത പ്രദർശനങ്ങൾ, ഗവേഷണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നിവ സുഗമമാക്കും.

**കൃഷി, അനുബന്ധ മേഖലകളിലെ കരാർ**

- കാർഷിക മേഖലയ്ക്കും മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ അനുബന്ധ മേഖലകൾക്കുമായി ഫ്രെയിംവർക്ക് അമ്പ്രെല്ല ഡോക്യുമെന്റ്.
- കാർഷിക ശാസ്ത്ര സാങ്കേതിക മേഖലയിലെ പുരോഗതിയ്ക്കും ഹോർട്ടികൾച്ചർ , സംയോജിത കൃഷി സംവിധാനങ്ങൾ, സൂക്ഷ്മ ജലസേചനം എന്നിവയിലും സഹകരണം.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ കരാർ**

- മാനുഷിക -സാമൂഹിക-സാമ്പത്തിക വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ വിജ്ഞാനവും നൂതന സംവിധാനങ്ങളും വികസിപ്പിക്കുന്നതിന് സംയുക്ത ഗവേഷണം മുന്നോട്ട് കൊണ്ട് പോകാൻ തീരുമാനം. ചെറുധാന്യ കൃഷിയിലും കാർഷിക-ഭക്ഷ്യ നൂതനാശയങ്ങളിലും സഹകരണത്തിനായുള്ള കർമ്മ പദ്ധതി.
- ചെറുധാന്യങ്ങളുടെ ഉത്പാദനം, ഗവേഷണം, പ്രോത്സാഹനം എന്നിവയ്ക്കായി ഇന്ത്യയുടെ ശാസ്ത്രീയ വൈദഗ്ധ്യവും ഒമാന്റെ അനുകൂല കാർഷിക-കാലാവസ്ഥാ സാഹചര്യങ്ങളും ഇഴചേരുന്ന സഹകരണ ചട്ടക്കൂട്.

**സമുദ്ര സഹകരണം സംബന്ധിച്ച സംയുക്ത ദർശന രേഖയ്ക്ക് അംഗീകാരം.**

- മേഖലാധിഷ്ഠിത സമുദ്ര സുരക്ഷ, നീല സമ്പദ്‌വ്യവസ്ഥ, സമുദ്ര വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം എന്നീ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നു



പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടിയും കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

## ഇന്ത്യ-ഒമാൻ ഭാവി പങ്കാളിത്തം

ഇരു രാജ്യങ്ങളിലെയും ഊർജ്ജം, കൃഷി, ലോജിസ്റ്റിക്സ്, അടിസ്ഥാന സൗകര്യങ്ങൾ, ഉത്പാദനം, ആരോഗ്യ സംരക്ഷണം, സാമ്പത്തിക സേവനങ്ങൾ, ഹരിത വികസനം, വിദ്യാഭ്യാസം, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളിലെ വ്യാപാര പ്രമുഖർ പങ്കെടുത്ത ഇന്ത്യ-ഒമാൻ ബിസിനസ് ഫോറത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി മസ്കറ്റിൽ അഭിസംബോധന ചെയ്തു. മാണ്ഡവി മുതൽ മസ്കറ്റ് വരെ ഇരു രാജ്യങ്ങളും തമ്മിൽ നിലനിന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള സമുദ്ര വ്യാപാര ബന്ധങ്ങൾ ഊർജ്ജസ്വലമായ വാണിജ്യ വിനിമയങ്ങൾക്ക് ഇന്നും അടിസ്ഥാനമായി വർത്തിക്കുന്നുവെന്ന് പ്രധാനമന്ത്രി മോദി എടുത്തു പറഞ്ഞു. ഇന്ത്യയും ഒമാനും തമ്മിലുള്ള സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ (സിഇപിഎ) പൂർണ്ണതോതിൽ പ്രയോജനപ്പെടുത്താൻ പ്രധാനമന്ത്രി മോദി വ്യവസായികളോട് അഭ്യർത്ഥിച്ചു. ഇത് ഇന്ത്യയുടെയും ഒമാന്റെയും ഭാവി പങ്കാളിത്തം സംബന്ധിച്ച രൂപരേഖയാണെന്ന് അദ്ദേഹം പറഞ്ഞു. നയ പരിഷ്കാരങ്ങൾ, സദ്ഭരണം, നിക്ഷേപക ആത്മവിശ്വാസം എന്നിവയാൽ നയിക്കപ്പെടുന്ന ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാനുള്ള പ്രയാണത്തിലാണ് ഇന്ത്യ. ഭാവി സജ്ജമായ വ്യാപാര പങ്കാളിത്തം ലക്ഷ്യമിട്ട് ഇന്ത്യ-ഒമാൻ അഗ്രി ഇന്നൊവേഷൻ ഹബ്ബും ഇന്ത്യ-ഒമാൻ ഇന്നൊവേഷൻ ബ്രിഡ്ജും സൃഷ്ടിക്കാൻ പ്രധാനമന്ത്രി മോദി നിർദ്ദേശിച്ചു. ഇവ കേവലം ആശയങ്ങളല്ല, മറിച്ച് നിക്ഷേപം നടത്താനും, നവീകരിക്കാനും, സഹകരണാത്മക ഭാവി കെട്ടിപ്പടുക്കാനുമുള്ള പ്രോത്സാഹനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു.




## 'ജ്ഞാനമാണ്' ഇന്ത്യ-ഒമാൻ ബന്ധങ്ങളുടെ കാതൽ

മസ്കറ്റിൽ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. ഒമാനിൽ സ്ഥിരതാമസമാക്കിയ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവാസികളെ കണ്ടുമുട്ടാനായതിൽ അതിയായ സന്തോഷമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വൈവിധ്യമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ അടിത്തറ. ഇന്ത്യക്കാർ ഭാഗഭാക്കാകുന്ന ഏതൊരു സമൂഹത്തിലും സുഗമമായി ലയിച്ചു ചേരാൻ സഹായിക്കുന്ന മൂല്യമാണത്. ഇന്ത്യയും ഒമാനും തമ്മിൽ നിലനിൽക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ബന്ധം പ്രവാസികളുടെ കഠിനാധ്വാനവും ഐക്യവും മുഖേന കൂടുതൽ ശക്തിപ്പെടുന്നു. 'ജ്ഞാനമാണ്' ഇന്ത്യ-ഒമാൻ ബന്ധങ്ങളുടെ കാതലായി വർത്തിക്കുന്നത്. ഒമാനിൽ 50 വർഷം പൂർത്തിയാക്കിയ ഇന്ത്യൻ സ്കൂളുകളെ അദ്ദേഹം അഭിനന്ദിച്ചു. ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി മോദി, യുവാക്കൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഐഎസ്ആർഒയുടെ യുവിക പരിപാടിയിൽ പങ്കെടുക്കാൻ വിദ്യാർത്ഥികളെ ക്ഷണിച്ചു.



പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടിയും കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.





# പാവപ്പെട്ട രോഗികളുടെ രക്ഷകൻ

***ദശലക്ഷക്കണക്കിന് രോഗികളെ ചികിത്സിച്ച ഡോ. മുനീശ്വർ ചന്ദ്ര ദാവർ, ഉയർന്ന പണപ്പെരുപ്പത്തിന്റെ കാലഘട്ടങ്ങളിൽ പോലും, രോഗികളിൽ നിന്ന് 20 രൂപ മാത്രമേ ഈടാക്കിയിരുന്നുള്ളൂ. ഇക്കാരണത്താൽ, മുതിർന്ന സൈനിക ഭിഷഗ്വരനായ ഡോ. മുനീശ്വർ ചന്ദ്ര ദാവറിനെ മധ്യപ്രദേശിലെ ജനങ്ങൾ ദരിദ്രർക്കുവേണ്ടി ജീവിതം സമർപ്പിച്ച ദൈവതുല്യനായ വ്യക്തിയായി കണ്ട് ആദരിച്ചു. സമൂഹത്തിനായുള്ള നിസ്വാർത്ഥ സേവനവും വൈദ്യശാസ്ത്രത്തിനു നൽകിയ സംഭാവനകളും മാനിച്ച് 2023 ൽ അദ്ദേഹത്തിന് പത്മശ്രീ നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ പൊതുസേവന മനോഭാവം വരും തലമുറകളെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കും...***

**ജനനം: 1946 ജനുവരി 16, മരണം: 2025 ജൂലൈ 4**

പൊതുസേവനം ജീവിതത്തിന്റെ ഏക ലക്ഷ്യമാക്കിയ മുനീശ്വർ ചന്ദ്ര ദാവർ, ഇപ്പോൾ പാകിസ്ഥാന്റെ ഭാഗമായ അവിഭക്ത ഇന്ത്യയിൽ 1946 ജനുവരി 16 നാണ് ജനിച്ചത്. വിഭജനത്തിനുശേഷം, അദ്ദേഹത്തിന്റെ കുടുംബം ഇന്ത്യയിലേക്ക് താമസം മാറി. 1967 ൽ, ജബൽപൂരിൽ നിന്ന് മെഡിക്കൽ ബിരുദം നേടിയ അദ്ദേഹം ജനങ്ങളെ സേവിക്കുന്നതിനായി സ്വയം സമർപ്പിച്ചു. പിന്നീട്, ഇന്ത്യൻ കരസേനയിൽ ചേരുകയും 1971 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധകാലത്ത് ഒരു വർഷത്തോളം സേവനമനുഷ്ഠിക്കുകയും ചെയ്തു. യുദ്ധസമയത്ത് ബംഗ്ലാദേശിൽ നിയോഗിക്കപ്പെട്ട അദ്ദേഹം, പരിക്കേറ്റ നിരവധി സൈനികരെ ചികിത്സിച്ചു. യുദ്ധ ശേഷം, ആരോഗ്യപരമായ കാരണങ്ങളാൽ, 1972 ൽ സ്വയം വിരമിച്ച അദ്ദേഹം ജബൽപൂരിൽ മാനവരാശിയെ സേവിക്കുന്നത് തുടർന്നു, അവിടെ അദ്ദേഹം സ്വന്തമായി ഒരു ക്ലിനിക്ക് തുറന്നു. കേവലം 2 രൂപയ്ക്ക് രോഗികളെ ചികിത്സിക്കാൻ തുടങ്ങിയ അദ്ദേഹം ഏകദേശം അഞ്ച് പതിറ്റാണ്ടോളം ഈ സമർപ്പിത സേവനം തുടർന്നു.

തന്റെ ഗുരുവിൽ നിന്ന് പഠിച്ച ഒരു പാഠം അദ്ദേഹത്തിന്റെ ജീവിതത്തിൽ പാഥേയമായി മാറി. വൈദ്യശാസ്ത്രം ജനങ്ങളെ സേവിക്കുന്നതിനാണെന്നും ചൂഷണം ചെയ്യുന്നതിനല്ലെന്നും അധ്യാപകൻ അദ്ദേഹത്തെ ഉദ്ബോധിപ്പിച്ചിരുന്നു. ഈ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റി മറിച്ചു. അദ്ദേഹം പ്രദാനം ചെയ്ത ചെലവ് കുറഞ്ഞ മികച്ച ചികിത്സയുടെ സ്വാധീനം മൂലം ക്ലിനിക്ക് എപ്പോഴും രോഗികളാൽ നിറഞ്ഞിരുന്നു. ജനങ്ങളെ സേവിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പരമമായ ലക്ഷ്യം. സേവനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത ശക്തമായിരുന്നു. 50 വർഷത്തോളം അദ്ദേഹം രോഗികളെ ചികിത്സിച്ചു. തുടക്കത്തിൽ, ഫീസായി 2 രൂപ മാത്രമാണ് ഈടാക്കിയിരുന്നത്. പിന്നീടത് 5, 10, 15, 20 രൂപയായി വർദ്ധിച്ചു. ചെലവ് കുറഞ്ഞ ആരോഗ്യ സംരക്ഷണത്തിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്ന ഡോ. ദാവർ ലഹരിമരുന്നിനെതിരെ പ്രചാരണം നടത്തുകയും സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്തു.

2023-ൽ ഡോ. ദാവറിന് രാഷ്ട്രപതി ദ്രൗപദി മുർമു പത്മശ്രീ പുരസ്കാരം സമ്മാനിച്ചു. മറ്റ് നിരവധി അംഗീകാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി ജബൽപൂർ സന്ദർശിച്ചപ്പോൾ, ഡോ. ദാവറിനെ നേരിട്ട് കണ്ട് ആരോഗ്യവും ക്ഷേമവും അന്വേഷിച്ചു. ദരിദ്രരെയും പിന്നാക്കക്കാരെയും ചികിത്സിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ഉദ്യമങ്ങളെ ജബൽപൂരിലും പരിസര പ്രദേശങ്ങളിലുമുള്ള ഒട്ടേറെ ആളുകൾ അഭിനന്ദിക്കുന്നതായി പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു. 2024 ഏപ്രിലിൽ, ജെ.പി. നദ്ദയും ഡോ. ദാവറിനെ അദ്ദേഹത്തിന്റെ വീട്ടിലെത്തി കാണുകയുണ്ടായി. സേവനത്തിന്റെയും സമർപ്പണത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായ ഡോ. ദാവർ 2025 ജൂലൈ 4 ന് അന്തരിച്ചു.

# 2026 ലെ ലോക പുസ്തകമേള

## ഇന്ത്യൻ സൈന്യത്തിന്റെ ധീരതയ്ക്കും മികവിനും ആദരമർപ്പിക്കുന്നു

ഈ വർഷം, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രാജ്യത്തിനായി ഇന്ത്യൻ സൈന്യം നൽകിയ സംഭാവനകൾക്കാണ് പുസ്തകമേള സമർപ്പിച്ചിരിക്കുന്നത്. ഇന്ത്യൻ സൈന്യത്തിന്റെ ചരിത്രം: ധൈര്യവും വിവേകവും @75' എന്ന പേരാണ് ഇതിന് നൽകിയിരിക്കുന്നത്. ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യ വൈദഗ്ധ്യം തെളിയിച്ച പശ്ചാത്തലത്തിൽ ഈ പരിപാടി സവിശേഷ പ്രാധാന്യമർഹിക്കുന്നു. പുസ്തകങ്ങളും വായനക്കാരും തമ്മിലുള്ള അന്തരം നികത്തിക്കൊണ്ട് ആഗോള സാഹിത്യ കലണ്ടറിലെ സുപ്രധാന സംഭവമായി 1972 ൽ ആരംഭിച്ച മേള മാറിയിരിക്കുന്നു. എല്ലാ പ്രായത്തിലുമുള്ള പ്രസാധകർ, എഴുത്തുകാർ, ഗവേഷകർ, വായനക്കാർ എന്നിവർ ഒരു മേൽക്കൂരയ്ക്ക് കീഴിൽ ഒത്തുകൂടുന്നു. കഴിഞ്ഞ കുറെ ദശാബ്ദങ്ങളിലായി, കേവലം പുസ്തകങ്ങളുടെ വിപണി എന്നതിൽ നിന്ന് വിവിധ ആശയങ്ങളെയും സംവാദങ്ങളെയും ഉൾക്കൊണ്ട് ഇന്ത്യൻ വിജ്ഞാനം അവതരിപ്പിക്കുന്നതിനുള്ള ഒരു ആഗോള വേദിയായി പുസ്തകമേള പരിണമിച്ചിരിക്കുന്നു.

ഈ വർഷത്തെ 53-ാമത് പുസ്തകമേള ജനുവരി 10-ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിച്ചു, ജനുവരി 18 വരെ മേള തുടരും. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ബുക്ക് ട്രസ്റ്റ് സംഘടിപ്പിക്കുന്ന ലോക പുസ്തകമേളയിൽ 600-ലധികം പരിപാടികൾ ഉൾപ്പെടുന്നു, 1,000-ത്തിലധികം പ്രഭാഷകർ പങ്കെടുക്കുന്നു. 35 രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന 1,000-ത്തിലധികം പ്രസാധകരും പങ്കെടുക്കുന്നു. ഇന്ത്യയുടെ പ്രതിരോധ നിര എന്ന നിലയിൽ മാത്രമല്ല, ദേശീയ ഐക്യത്തിന്റെ സ്തംഭങ്ങളായും കരസേന, നാവികസേന, വ്യോമസേന എന്നിവയെ ഈ വർഷത്തെ പുസ്തകമേള പ്രദർശിപ്പിക്കുന്നു. ഇന്ത്യൻ സായുധ സേനയുടെ ചരിത്രം, സുരക്ഷ, തന്ത്രം എന്നിവയെക്കുറിച്ചുള്ള 500 പുസ്തകങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥർ രചിച്ചവയാണ് ഇവ.



പൗരന്മാർ വായിക്കുമ്പോൾ രാജ്യം മുന്നേറുന്നു

നരേന്ദ്ര മോദി, *പ്രധാനമന്ത്രി*




### പി എം-യുവ 3.0 പ്രഖ്യാപിച്ചു: 43 യുവ എഴുത്തുകാരെ തിരഞ്ഞെടുത്തു

വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ബുക്ക് ട്രസ്റ്റ് (NBT) നടപ്പിലാക്കുന്ന പി എം യുവ മെന്റർഷിപ്പ് സ്കീം 3.0 പ്രകാരം 43 യുവ എഴുത്തുകാരെ തിരഞ്ഞെടുത്തു. വളർന്നുവരുന്ന എഴുത്തുകാരെ തിരിച്ചറിയുകയും അവർക്ക് മാർഗനിർദേശം നൽകുകയും ചെയ്യുക, പരിശീലന അവസരങ്ങൾ, എഡിറ്റോറിയൽ പിന്തുണ, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ അടക്കം ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുപൂരകമായി, യുവ എഴുത്തുകാരെ അവരുടെ എഴുത്തിലൂടെയും ആശയങ്ങളിലൂടെയും രാഷ്ട്രനിർമ്മാണത്തിന് സംഭാവന ചെയ്യാൻ ഇത് പ്രോത്സാഹിപ്പിക്കുന്നു. ഈ ഘട്ടത്തിൽ, 22 ഔദ്യോഗിക ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലുമുള്ള പുസ്തക നാമനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ 30 വയസ്സിന് താഴെയുള്ള 43 യുവ എഴുത്തുകാരെ തിരഞ്ഞെടുത്തിട്ടുണ്ട്. 43 വളർന്നുവരുന്ന എഴുത്തുകാരിൽ 19 വനിതകളും 24 പുരുഷന്മാരുമുണ്ട്. ഈ എഴുത്തുകാരുടെ പുസ്തക നിർദേശങ്ങൾ, പ്രശസ്ത പണ്ഡിതരുടെ മേൽനോട്ടത്തിൽ ആറുമാസത്തെ കാലയളവിൽ പുസ്തകങ്ങളായി വികസിപ്പിച്ചെടുക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ എഴുത്തുകാരനും പ്രതിമാസം 50,000 രൂപ സ്കോളർഷിപ്പും പ്രസിദ്ധീകരിച്ച പുസ്തകത്തിന് 10 ശതമാനം ആജീവനാന്ത റോയൽറ്റിയും ലഭിക്കും.


X



Narendra Modi
@narendramodi

ICMR यानि इंडियन काउंसिल ऑफ मेडिकल रिसर्च की हाल ही की एक रिपोर्ट बताती है कि निमोनिया और UTI जैसी बीमारियों में Antibiotic दवाएं कमजोर साबित हो रही हैं। इसका एक बड़ा कारण बिना सोचे-समझे इनका सेवन है। इसलिए मेरा आग्रह है कि Doctors की सलाह के बिना Antibiotics दवाएं ना लें।

#MannKiBaat



Rajnath Singh


A Proud Moment celebrating India's deep maritime heritage as INSV Kaundinya, #IndianNavy's Sailing Vessel, built using the Ancient Indian Stitched Ship technique, embarks on a historic voyage from Porbandar (Gujarat) to Muscat, Oman, carrying a powerful message of heritage,craftsmanship and enduring friendship.



Amit Shah
@AmitShah

भारतीय भाषाओं के सम्मान की दिशा में एक और बड़ा कदम!

हमारे संविधान का संथाली भाषा में प्रकाशन किया जाना, संथाली समाज के साथ ही पूरे देश के लिए गौरव की बात है। अलचिकि लिपि में प्रकाशित यह संविधान जनजातीय समाज तक हमारे संविधान के आदर्शों और मूल्यों को और भी स्पष्ट रूप में पहुँचाएगा तथा हमारे संविधान निर्माताओं का स्वप्न साकार करेगा।
इस ऐतिहासिक कार्य के लिए मोदी जी का हार्दिक आभार।



Nitin Gadkari
@nitin_gadkari

Under the visionary leadership of PM Shri @narendramodi Ji, the #IndiaOmanCEPA marks a major milestone in India's trade journey 🇮🇳🤝🇴🇲

Enhanced market access will boost Indian exports across plastics, furniture, engineering goods, pharmaceuticals, medical devices & automobiles.



Piyush Goyal

"Ideate in India, Innovate in India, Make in India & Make for the World" – PM @NarendraModi ji

The Trade Marks Act, 1999, has been a key pillar in protecting the interests of innovators & creators for 26 years. Along with that, the Modi Government's sincere efforts to foster the innovation ecosystem have strengthened the country's position in the global Intellectual Property (IP) landscape, promoting innovation-led growth that benefits not just India, but the world.



Ashwini Vaishnaw
@AshwiniVaishnaw

From finished products to components; production is growing. Exports are rising. Global players are confident. Indian companies are competitive. Jobs are being created.
This is 'Make in India' impact story!

# Kaundinya highlights India's rich maritime traditions: PM



New Delhi: PM Modi on Monday expressed delight at the maiden voyage of INSV Kaundinya, the Navy's engineless vessel built using the ancient stitched-ship technique, and said it highlights the nation's rich maritime traditions.

He said, "Wonderful to see that INSV Kaundinya is embarking on her maiden voyage from Porbandar to Muscat, Oman. Built using the ancient Indian stitched-ship technique, this ship highlights India's rich maritime traditions. I congratulate the designers, artisans, shipbuilders and the Indian Navy for their dedicated efforts in bringing this unique vessel to life." He sent best wishes to the crew for a safe and memorable journey as they retrace India's historic links with the Gulf region and beyond. TNN

# DAC gives its nod for defence purchases worth ₹79,000 cr.



# Centre notifies guidelines for two shipbuilding initiatives with an outlay of ₹44,700 crore

# India reaches 50% non-fossil power capacity in '25



# Self reliance, empowerment of poor key for Viksit Bharat: PM



# Replicate PRAGATI in states, set up data strategy units: PM

Asks top state govt bureaucrats to set up deregulation cells in their offices



# World looks at India with hope due to our youth: PM




സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം...

# 100 റാംസർ സൈറ്റുകളെന്ന ലക്ഷ്യത്തിലേക്ക്

*പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ മികച്ച ഗുണഫലങ്ങൾ ഉളവാക്കുന്നു, രാജസ്ഥാനിലെ അൽവാറിലെ സിലിസേർ തടാകവും ഛത്തീസ്ഗഢിലെ ബിലാസ്പൂരിലെ കൊപ്ര ജലാശയവും അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർത്തടങ്ങൾ അഥവാ റാംസർ സൈറ്റുകളായി പ്രഖ്യാപിച്ചു. പ്രകൃതി സംരക്ഷണത്തിനും പരിരക്ഷയ്ക്കുമുള്ള ഇന്ത്യയുടെ പ്രതിബദ്ധത ഇതിലൂടെ ശക്തിപ്പെടുന്നു. സമ്പന്നമായ ജൈവവൈവിധ്യം, ജലസ്രോതസ്സുകളുടെ സംരക്ഷണം, കാലാവസ്ഥാ സുരക്ഷ, സുസ്ഥിരമായ ഉപജീവന മാർഗ്ഗങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള രാജ്യത്തിന്റെ കൂട്ടായ ശ്രമങ്ങൾക്ക് അടിവരയിടുന്ന അത്ഭുതകരമായ നേട്ടമാണിത്...*

- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ ജൈവവൈവിധ്യത്തിലും പൈതൃക സംരക്ഷണത്തിലും അതിവേഗം മുന്നേറുകയാണ്. 100 റാംസർ സൈറ്റുകൾക്ക് അംഗീകാരം നേടാനുള്ള പാതയിലാണ് രാജ്യം.




കൊപ്ര ജലാശയം (ബിലാസ്പൂർ, ഛത്തീസ്ഗഢ്)

**ഇന്ത്യയിലെ റാംസർ സൈറ്റുകളുടെ എണ്ണം**

**26** 2014 → 269% വർദ്ധനവ് → **96** 2025

**രാജ്യത്ത് റാംസർ സൈറ്റുകളുടെ വിസ്തീർണ്ണം**

26 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി **13.61** ലക്ഷം ഹെക്ടറിലധികം.



*സിലിസേർ തടാകം (അൽവാർ, രാജസ്ഥാൻ)*


ന്യൂ ഇന്ത്യ സമാചാർ ദ്വൈവാരിക

RNI NO.: DELENG/2020/78811 JANUARY 16-31, 2026

RNI Registered No DELENG/2020/78811, Delhi Postal License No DL(S)-1/3545/2023-25, WPP NO U(S)-93/2023-25, posting at BPC, Market Road, New Delhi-110001 on 13-17 advance Fortnightly (Publishing Date: January 02,2026 Pages-64)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED & PRINTED BY:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003

**PRINTED AT:**
JK Offset Graphics Pvt. Ltd., B-278, Okhla Ind. Area Phase-I, New Delhi-110020